P72
J59

H. LEAGUE

# എസ്. എച്ച്. ലീഗ്

പുസ്തകം 37

ലക്കം 4

മേയ്

1956.



ജോസിസത്തിൻെറ ജനയിതാവ്,

**മൊൺ: കാർഡൈൻ**

പുസ്തകാഭിപ്രായം

# 1. ചെമ്പടയാളി

(ജി. വൈദ്യനാഥയ്യർ എം. എ.)

1936-ൽ സ്പെയിനിൽ നടന്ന കമ്മ്യൂ. വിപ്ളവത്തെ ആധാരമാക്കി രചിച്ചിട്ടുള്ള ഒരു സാമൂഹിക ഗദ്യനാടകമാണ് 'ചെമ്പടയാളി'. നിരപരാധികളുടെ കഴുത്തറക്കുന്നതിൽ കമ്മ്യൂണിസ്റ്റുകാർക്കുള്ള നിപുണത പാടവത്തോടെ പ്രകാശിപ്പിച്ചിട്ടുണ്ട് ഈ ചെറു കൃതിയിൽ. അക്രമങ്ങളിലും അനീതിയിലും മുന്നേറുന്ന കമ്മ്യൂണിസ്റ്റുകളുടെ തൊലിയുരിഞ്ഞു കാണിക്കുകയാണ് ഗ്രന്ഥകാരൻ ഇതിലൂടെ ചെയ്യുക. ഇതിലെ കഥാനായകനായ ഡിയേഗോ കാര്യമറിയാതെ വഞ്ചനയിൽ കുടുങ്ങി കമ്മ്യൂണിസ്റ്റു വലയിലകപ്പെടുന്ന ഇന്നത്തെ അനേക യുവാക്കളുടെ തനിപ്പകർപ്പാണ്. നിലവിലിരിക്കുന്ന ദുഷിച്ചുനാറിയ സാമൂഹ്യവ്യവസ്ഥിതിയെ മാററുവാൻ ആത്മാർത്ഥമായി അദ്ദേഹം ആശിച്ചു. അതിനുള്ള മാർഗ്ഗം തേടിപ്പുറപ്പെട്ടതു് കമ്മ്യൂണിസ്റ്റുകരാള കാളസർപ്പത്തിൻെറ വായിലേക്കു്. അങ്ങനെ ചെമ്പടയിൽ ചേർന്നെങ്കിലും അദ്ദേഹത്തിൻെറ പരമാർത്ഥത തകർച്ചകൂടാതെ കഥയിൽ ഉടനീളം നിഴലിച്ചു കാണാം. മക്കളെ പിതാവിനെതിരായി അണിനിരത്തുന്ന കമ്മ്യൂ. നേതാവായ ഗലോസ്കിയുടെ ചീഞ്ഞുനാറിയ ആശയത്തിനെതിരായി "എനിക്കു് എൻെറ അച്ഛൻ എന്നും അച്ഛൻതന്നെ" എന്ന് ഡിയേഗോ ഉച്ചൈസ്തരം പ്രസ്താവിക്കുന്നു. അദ്ദേഹത്തെ ഒരു യഥാർത്ഥ ചെമ്പടയാളിയെന്നു കഥയിൽയിൽനിന്നു വിളിച്ചുകൂടാ. ഡാൺ. ജിയാക്കോ എന്ന പുരോഹിതൻെറ സേവനസന്നദ്ധതയും ഭംഗിയായി പ്രകടിപ്പിച്ചിട്ടുണ്ട്. ഡോൺ പെഡ്റോയുടെ മുതലാളിത്തത്തിൽനിന്നുള്ള താണിറങ്ങൽ വെറും അവസരസേവയെന്ന് അനുമിക്കേണ്ടിയിരിക്കുന്നു. ഒരു ഭ്രാന്തനെ ഇടക്കു വലിച്ചു കയററിയിട്ടുണ്ട്. എന്താണോ അതിൻെറ ആവശ്യം? ഭ്രാന്തൻെറ സംസാരരീ

# S. H. LEAGUE

പുസ്തകം 37 മേയ് 1956 ലക്കം 5

## ജോസിസം കേരളത്തിൽ

ഇനിയങ്ങോട്ട് ഒരു പത്തുകൊല്ലം ഇന്ത്യയെസ്സംബന്ധിച്ചിടത്തോളം വലിയൊരു പരിവർത്തനഘട്ടമാണ്. കർഷകഭാരതത്തെ വ്യാവസായികഭാരതമാക്കുന്ന ഒരു വികാസം ഇവിടെ നടന്നുകൊണ്ടിരിക്കുന്നു. കരിക്കോലുപിടിച്ചു കാളയെ തെളിച്ചു നടന്നിരുന്ന പഴയ കർഷകരുടെ മക്കളെല്ലാം പൈജാമയും പാൻറും ധരിച്ചു ഫാക്ടറികളിലേക്കു പോകുന്നതു നാം കാണുന്നു.

വലിയൊരു വ്യാവസായികനവോത്ഥാനമാണ് ഉയരുന്ന ഭാരതത്തിൻെറ ഉന്നതലക്ഷ്യം. രണ്ടാംപഞ്ചവത്സരപദ്ധതിയുടെ ആവിഷ്കരണത്തോടെ ഈ ലക്ഷ്യത്തിലേക്കുള്ള നമ്മുടെ ഗതിക്കു വേഗംകൂടിയിരിക്കയാണ്. ഏഴായിരം കോടി രൂപയുടെ വിനിയോഗം അനേകശതം വ്യവസായശാലകളെ രൂപംകൊള്ളിക്കയും അനേകലക്ഷം പുതിയ തൊഴിലാളികളെ രംഗത്തിറക്കുകയും ചെയ്യും.

കേരളത്തിലേക്കുതന്നെ ഒന്നു നോക്കുക. ഒരിരുപത്തഞ്ചു കൊല്ലംമുമ്പ് എത്ര വ്യവസായശാലകൾ ഇവിടെ ഉണ്ടായിരുന്നു? എട്ടോ പത്തോ മാത്രമല്ലേ? എന്നാൽ, ഇന്നോ? മലയാളക്കര ഇതാ ഒരു മാഞ്ചെസ്റ്ററായി മാറിവരുന്നു. സഹ്യാദ്രിയുടെ പടിഞ്ഞാറോരം ഇതാ സൈറൺ വിളികളാൽ മുഖരിതമാകുന്നു. പുക്ച്ചുരുൾ തുപ്പുന്ന നൂറുനൂറു ഫാക്ടറിക്കുഴലുകൾ കേരവൃക്ഷനിരകളെ കീഴാക്കിക്കൊണ്ട് ഇതാ ഇവിടെ തലയുയർത്തിവരുന്നു.

വിദ്യുച്ഛക്തിയുടെ വിതരണവും ചെറുയന്ത്രങ്ങളുടെ ഉപയോഗവും വ്യാപിച്ചുവരുന്നതോടെ സ്വച്ഛസുന്ദരങ്ങളായ നമ്മുടെ ഗ്രാമപ്രദേശങ്ങളിൽക്കൂടി വ്യാവസായികാന്തരീക്ഷത്തിന്റെ ഒരു പ്രതീതി അനുഭവപ്പെട്ടുതുടങ്ങിയിരിക്കയാണിന്ന്. ഇന്നലെവരെ അമ്മയെ സഹായിച്ച് അടുക്കളയിൽ അടങ്ങിയൊതുങ്ങിക്കഴിഞ്ഞിരുന്ന നമ്മുടെ ഗ്രാമീണസഹോദരികൾപോലും ഇന്ന് അതിരാവിലേ ദ്രുതഗതിയിൽ 'കമ്പനി'കളിലേക്കു കുതിക്കുന്നതല്ലേ നാം കാണുന്നതു്?

ഒരു രാജ്യം വ്യവസായവൽക്കരിക്കപ്പെടുന്നതോടൊപ്പം ആ രാജ്യത്തിന്റെ സാമൂഹികഘടനയിൽ സാരമായ ചലനങ്ങളുണ്ടാകും. പണ്ടെങ്ങും കേട്ടിട്ടില്ലാത്ത പലപല നൂതനപ്രശ്നങ്ങളും പൊന്തിവരും. രണ്ടു നൂററാണ്ടുമുമ്പ്, യൂറോപ്പിലുണ്ടായ വ്യാവസായികവിപ്ലവം വലിയ മാററങ്ങൾ അവിടെയുണ്ടാക്കിയെന്നു നമുക്കറിയാം. സാമൂഹികരംഗത്തിലും സാമ്പത്തികമണ്ഡലത്തിലും മതവേദിയിലുമെല്ലാം ആ മാററത്തിന്റെ മാറെറാലി മുഴങ്ങിക്കേട്ടു. ആവിയന്ത്രങ്ങളുടെ ആവിർഭാവവും ഉരുക്കുയന്ത്രങ്ങളുടെ ചക്രംതിരിച്ചിലും ഒന്നിച്ചുകൂടിയപ്പോൾ യൂറോപ്പിന്റെ നിറം നഖശിഖാന്തം മാറി. ഇതാ ഇന്ത്യയിലെ ഇരുപതാംനൂററാണ്ടു പടിഞ്ഞാറൻനാടുകളുടെ അ പതിനെട്ടാം നൂററാണ്ടിനെ പിൻചെല്ലാൻ ആരംഭിച്ചിരിക്കുന്നു. വ്യാവസായികയൂറോപ്പിന്റെ അന്നത്തെ സങ്കീർണ്ണങ്ങളും നാനാമുഖങ്ങളുമായ സാമൂഹികപ്രശ്നങ്ങൾ ഇന്ത്യയുടെ ഇന്നത്തെ അടിയന്തരപ്രശ്നങ്ങളായിത്തീർന്നിരിക്കുന്നു.

## കത്തോലിക്കാത്തൊഴിലാളികളോട്

ഇൻഡ്യയിൽ 37 കോടി ജനങ്ങളുണ്ട്. ഇതിൽ 50 ലക്ഷമാണു കത്തോലിക്കർ. ഈ 50 ലക്ഷം വിചാരിച്ചാൽ ഇൻഡ്യയിലെ സാമൂഹികപ്രശ്നങ്ങൾ പരിഹൃതമാകുമെന്ന് ആരും പറയുകയില്ല. എന്നാൽ, ക്രിസ്തുനാഥന്റെ ഈ അ

ജഗണത്തിന്നു ചില പ്രത്യേക കടമകളില്ലേ? ഒരു പരിവർത്തനഘട്ടത്തിലൂടെ അതിശീഘ്രം നീങ്ങുന്ന ഇൻഡ്യയെ സ്നേഹിക്കാനും സേവിക്കാനും നിങ്ങൾക്കു സാധിക്കില്ലെന്നോ? ഇന്നത്തെ പ്രശ്നങ്ങളിൽ ഏററം മികച്ചതു തൊഴിലാളിപ്രശ്നമാണു്. ഒരു യഥാർത്ഥ തൊഴിലാളിയായിരുന്ന ക്രിസ്തുനാഥന്റെ അനുയായികൾക്കു തൊഴിലാളിപ്രശ്നങ്ങളെ അഭിമുഖീകരിക്കാൻ സാധിച്ചില്ലെങ്കിൽ പിന്നെ ആർക്കാണു് അതു സാധിക്കുക? ക്രിസ്തു ഒരു തൊഴിലാളിമാത്രമല്ല, ഒരു തൊഴിലാളിനേതാവുകൂടെയായിരുന്നു. അദ്ദേഹത്തിന്റെ സഭ തന്നി തൊഴിലാളികളിൽനിന്നാണു് ഉടലെടുത്തതു്. സാമൂഹികസമുദ്ധാരണാർത്ഥം ഇത്രയധികം ധീരസേവനങ്ങൾ ചെയ്ത ഒരു സ്ഥാപനം ലോകചരിത്രത്തിൽ വേറെയുണ്ടോ? അടിമവേല നിർത്താൻ സഭ സമരരംഗത്തിറങ്ങിയില്ലേ? ആതുരശുശ്രൂഷയ്ക്കായി അവർ സേവനപീഠങ്ങൾ തീർത്തില്ലേ? വിദ്യാരംഗത്തിന്നായി വിശ്വമെങ്ങും ഓടിനടന്നില്ലേ? സഭ സമർപ്പിച്ച സാമൂഹികസാമ്പത്തികസിദ്ധാന്തങ്ങൾ അതുല്യങ്ങളും അനർഘമോഹനങ്ങളുമല്ലേ?

അങ്ങനെയാണെങ്കിൽ മാതൃഭൂമിയുടെ ഭാവിക്കും ഭദ്രതയ്ക്കുംവേണ്ടി ചില നല്ല സംഭാവനകൾ നല്കാൻ ഇൻഡ്യയിലെ കത്തോലിക്കാതൊഴിലാളികൾക്കു സാധിക്കാതിരിക്കുമോ? ഇൻഡ്യയിലെ ചൂടുപിടിച്ച തൊഴിലാളിമണ്ഡലത്തിലേക്കു് ഒരു പുത്തൻ തൈത്തെന്നൽ വീശിക്കാൻ നിങ്ങൾക്കു കഴിയാതിരിക്കുമോ? ഇൻഡ്യയിലെ 50 ലക്ഷം കത്തോലിക്കരിൽ 20 ലക്ഷവും ഈ കേരളക്കരയിലാണെന്ന വസ്തുത നിങ്ങൾ മറക്കരുതു്. കേരളകത്തോലിക്കരുടെ കർത്തവ്യങ്ങൾ വലിയതാണു്; വളരെ വളരെ വലിയതാണു്. ഇൻഡ്യയെസ്സംബന്ധിച്ചിടത്തോളം സഭയുടെ സകല പുരോഗതിയും കേരളകത്തോലിക്കരെ സമാശ്രയിച്ചിരിക്കുന്നു. എല്ലാ പ്രശ്നങ്ങളുടേയും വിജയകരമായ പരിഹാരത്തിന്നു് ഇൻഡ്യൻസഭ ഇങ്ങോട്ടു നോക്കുന്നു.

# ഇവിടത്തെ സ്ഥിതി

സാമൂഹികകാര്യങ്ങളിൽ വേദനാജനകമായ ഒരലസ സതയും നിഷ്ക്രിയതചവുമാണു കേരളത്തിലെ കത്തോലിക്കാവിഭാഗത്തിൽ കാണുന്നതു്. തൊഴിലാളിപ്രശ്നങ്ങൾ പഠിക്കാനും അവയിൽ ഇടപെടാനും സന്നദ്ധരായ യുവാക്കൾ വളരെ വിരളം. അതതു കാലങ്ങളിൽ തല പൊക്കുന്ന സകല സജീവപ്രശ്നങ്ങളേയും ആത്മാർത്ഥതയോടും നട്ടെല്ലോടുംകൂടി നേരിടാൻ തയ്യാറാകുന്നവെന്നതിലാണു കത്തോലിക്കാസഭയുടെ യുവതചം അടങ്ങിയിരിക്കുന്നതെന്നു നാം മനസ്സിലാക്കാത്തതുപോലെ തോന്നുന്നു. കാലത്തിൻെറ ചിഹ്നങ്ങളെ ക്രാന്തദർശിതചത്തോടേ നാം കാണുന്നില്ല.

തൊഴിലാളിപ്രശ്നമെന്നാൽ കമ്മ്യൂണിസമല്ല; തൊഴിലാളിപ്രക്ഷോഭണമെന്നാൽ കമ്മ്യൂണിസ്ററു പ്രക്ഷോഭണവുമല്ല. കമ്മ്യൂണിസത്തോടും മാർക്സിസത്തോടും യാതൊരു വേഴ്ചയും പുലർത്താതെതന്നെ സാമൂഹികങ്ങളായ അനീതികൾക്കും അഴിമതികൾക്കും അറുതിവരുത്താൻ സാധിക്കുമെന്ന ഉറപ്പു നിങ്ങളിലുണ്ടാകണം.

പാശ്ചാത്യരാജ്യങ്ങളുടെ തൊഴിലാളിപ്രസ്ഥാനചരിത്രമൊന്നു നോക്കുവിൻ. അതു കമ്മ്യൂണിസത്തിൻെറ കൂടപ്പിറപ്പോ കൂട്ടുകാരനോ ആകാതെ സചതന്ത്രമായി ഉത്ഭവിക്കയും സചതന്ത്രമായി മുന്നോട്ടു ഗമിക്കയും ചെയ്തു. ക്രൈസ്തവതചത്തിൽ കാലുറപ്പിച്ചുനിന്നുകൊണ്ടു് ഇംഗ്ലണ്ടിലേയും ഐർലണ്ടിലേയും മററും തൊഴിലാളികൾ നടത്തിപ്പോരുന്ന സംഘടിതപരിശ്രമങ്ങളിൽ കമ്മ്യൂണിസ്ററുകൾക്കു് ഒരു സചാധീനശക്തിയും ചെലുത്താൻ കഴിയുന്നില്ല. ഇന്നിപ്പോൾ പല രാജ്യങ്ങളിലും കമ്മ്യൂണിസ്ററുകളുടെ കൈയിലകപ്പെട്ടിരിക്കുകയാണു തൊഴിലാളിവർഗ്ഗം. ക്രിസ്തുവിൻെറ സഭയ്ക്കെതിരായി

പാശ്ചാത്യനാടുകളിലേ തൊഴിലാളിവൎഗ്ഗത്തെ അണിനിരത്താനാണ് അവിടത്തേ കമ്മ്യൂണിസ്റ്റുകളുടെ പ്ലാൻ. ഇതേപരിശ്രമം കേരളത്തിലും അവർ നടത്തുന്നു. തൊഴിലുടമകളുടെ സ്വാൎത്ഥലോലുപതയും ഉദ്യോഗസ്ഥന്മാരുടെ പരുപരുപ്പൻ പെരുമാററവും എല്ലാമെല്ലാം തന്ത്രപരമായി ചൂഷണം ചെയ്തുകൊണ്ടു കത്തോലിക്കാത്തൊഴിലാളികളുടെ ഉള്ളിലേക്ക് അവർ നുഴഞ്ഞുകയറുന്നു. ഫലമോ? സഭയുടെ തണലിൽനിന്നു പണിയെടുത്താൽ പറയത്തക്ക ഒരു സാമ്പത്തികപുരോഗതിയും തങ്ങൾക്കു കൈവരുകയില്ലെന്ന ഒരു ദുശ്ശങ്ക ചില കത്തോലിക്കാത്തൊഴിലാളികളെ ബാധിച്ചിരിക്കുന്നു. ഇന്നു നിലവിലുള്ള ദുഷിച്ച സാമൂഹികസാമ്പത്തികവ്യവസ്ഥിതി ഒരിഞ്ചുപോലും മാറരുതെന്നു ശഠിക്കുന്ന ചില മുതലാളികളുടെ പിടിയിലാണു കത്തോലിക്കാസഭ നിലകൊള്ളുന്നതു് എന്നുവരെ കമ്മ്യൂണിസ്റ്റുകൾ പറഞ്ഞുപരത്താൻ തുടങ്ങിയിട്ടുണ്ടു്. സാമൂഹികവും സാമ്പത്തികവുമായ പരിവൎത്തനത്തിനു സഭ നിർദ്ദേശിച്ചിരിക്കുന്ന പദ്ധതികളെപ്പററി എത്തും പിടിയുമില്ലാത്ത 'ശുദ്ധഗതി'ക്കാരായ കത്തോലിക്കാത്തൊഴിലാളികൾ ഈ കുപ്രചരണത്തിൽ ക്ഷണേന കുടുങ്ങുകയും ചെയ്യുന്നു.

സഭയുടെ സാമൂഹികപ്രബോധനങ്ങൾ ഏററവും നീതിയുക്തവും ആത്മാൎത്ഥവുമാണെന്നു ശരിക്കു മനസ്സിലാക്കി, ആ പ്രബോധനങ്ങൾക്കനുസൃതമായി പുതിയൊരു സാമൂഹികഘടന ഇവിടെ ഉൽഘാടനം ചെയ്യാൻ സധൈര്യം ഇറങ്ങിപ്പുറപ്പെടുന്ന കത്തോലിക്കാത്തൊഴിലാളിപ്രവൎത്തകരാണു നമുക്കിന്നു് ഏററവും ആവശ്യകം.

## എന്താണു പോംവഴി?

കേരളത്തിലെ കത്തോലിക്കാത്തൊഴിലാളികളെ ഉത്തമകത്തോലിക്കരായി നിലനിർത്താനും അതോടൊപ്പം അവരുടെ സാമൂഹികസാമ്പത്തികസുസ്ഥിതി കൈവരുത്താനും ഒരു പ്രസ്ഥാനംതന്നെ നാം തുടങ്ങേണ്ടിയിരിക്കുന്നു. എല്ലാ ജനവിഭാഗങ്ങളും ഉൾക്കൊള്ളുന്നതും കത്തോലിക്കാദർശങ്ങൾക്കു വിരുദ്ധമല്ലാത്തതുമായ സെക്കുലർ ട്രെയിഡ്യൂണിയൻസംഘടനകളിൽ കത്തോലിക്കാത്തൊഴിലാളികൾ ചേരേണ്ടതാണ്. എന്നാൽ, മേൽപ്പറഞ്ഞ പ്രത്യേകദൗത്യം വഹിക്കാൻ അത്തരം സംഘടനകൾക്കു സാധിക്കുന്നതല്ല എന്ന പരമാർത്ഥം നിങ്ങൾ മറക്കരുത്. ആദ്ധ്യാത്മികചൈതന്യത്തിൽ അധിഷ്ഠിതമായ ഒരു പ്രസ്ഥാനത്തിനേ അതു സാധിക്കൂ. ക്രിസ്തുനാഥനുമായുള്ള ഗാഢാശ്ലേഷമായിരിക്കണം ഈ പ്രസ്ഥാനത്തിന്റെ പരമലക്ഷ്യം. തൊഴിലാളികളുടെ സാമ്പത്തികപുനരുത്ഥാനത്തോടൊപ്പം ആന്തരികനവോത്ഥാനം സാധിക്കുന്ന ഒരു പ്രവർത്തനരീതി ആ പ്രസ്ഥാനത്തിനുണ്ടായിരിക്കയും വേണം.

## ഇന്നത്തെ ഭക്തസംഘടനകൾ പോരാ

"എന്തിനാണ് ഇങ്ങനെ പുതിയൊരു സംഘടന? കത്തോലിക്കാത്തൊഴിലാളികൾ ഇന്നു നിലവിലുള്ള ഭക്തസംഘടനകളിൽ ചേർന്നാൽ പോരേ? തൊഴിലാളിവർഗ്ഗത്തിന് ഒരു പ്രത്യേകപ്രസ്ഥാനം ആരംഭിക്കുന്നത് അനാവശ്യകമായ ചേരിതിരിവിനും ശിഥിലീകരണവാസനയ്ക്കുമല്ലേ വഴിയൊരുക്കുക?" എന്നൊക്കെ ചോദിക്കുന്നവരുണ്ടാകാം. അവരോടു നമുക്കു പറയുവാനുള്ളത് ഇതാണ്: കത്തോലിക്കാത്തൊഴിലാളികൾ തങ്ങളുടെ സാധാരണ ജീവിതസാഹചര്യങ്ങളിൽനി

ന്നകന്ന വല്ല ഭക്തസഖ്യത്തിലും ചേൻറ് ഒററയ്ക്കൊററയ്ക്കു നല്ലവരായിക്കളയാമെന്ന മോഹിക്കുന്നതു വെറും മൗഢ്യമാണ്. തൊഴിലാളിലോകത്തിൻെറ ദൈനംദിന ചുററുപാടുകളിൽ ഉറച്ചുനിന്നുകൊണ്ടു തൊഴിലാളികൾ തങ്ങളേയും മററുള്ളവരേയും വിശുദ്ധരാക്കിത്തീക്കാനുള്ള ഒരപ്പസ്തോലവൃത്തിയാണ് ഇന്ന് ആവശ്യം.

ഉദാഹരണം: ഒരു ഫാക്ടറിത്തൊഴിലാളിക്ക് അനുദിനാനുഭവങ്ങൾ തന്നിൽ ചെലുത്തുന്ന സമ്മർദ്ദത്തേയും സ്വാധീനശക്തിയേയും ഒരു സൊഡാലിററികൊണ്ടോ വിൻസൻറുഡി പോൾ സംഘംകൊണ്ടോ മൂന്നാംസഭകൊണ്ടോ അഭിമുഖീകരിക്കാൻ സാധിക്കുകയില്ല. അത്തരം ഭക്തസംഘടനകൾ തൊഴിലാളികളുടെ മാത്രമല്ലാത്തതിനാൽ അവക്കു തൊഴിലാളികളുടെ സാമൂഹികവും സാമ്പത്തികവുമായ ആശയങ്ങളെപ്പററി വലിയ പിടിപാടില്ലാത്തതാണ് ഇതിനു കാരണം. കത്തോലിക്കാത്തൊഴിലാളികൾ തങ്ങളുടേതായ ഒരു പ്രത്യേകപ്രസ്ഥാനമുണ്ടാക്കാതെ ഈ പ്രശ്നം പരിഹരിക്കപ്പെടുന്നതല്ല. മേൽപ്പറഞ്ഞ ഭക്തസംഘടനകൾ ആധുനികസാമൂഹികപ്രശ്നങ്ങൾക്കുള്ള പ്രതിവിധികളെസ്സംബന്ധിച്ചിടത്തോളം തികച്ചും സമത്ഥങ്ങളല്ല. തൊഴിലാളിയുടെ അസ്ഥിയിലേക്കും മജ്ജയിലേക്കും പ്രത്യേകരീതിയിൽ ആഞ്ഞിറങ്ങാൻ അവയ്ക്കു കഴിയുകയുമില്ല. ഒരു തൊഴിലാളിയെ തൊഴിൽസ്ഥലത്തിനു വെളിയിൽവച്ചു വിശുദ്ധീകരിക്കയും സമുദ്ധരിക്കയും ചെയ്യാതെ ആ തൊഴിൽസ്ഥലത്തുവച്ചുതന്നെ വിശുദ്ധീകരിക്കയും സമുദ്ധരിക്കയും ചെയ്യുന്ന ഒരു ശക്തിവിശേഷം അത്തരം സംഘടനകൾക്കില്ല. അതിനാൽ, അത്തരം ഭക്തസംഘടനകളിൽ അംഗമാകുന്നതുകൊണ്ടുമാത്രം തൃപ്തിപ്പെടാവുന്നതല്ല, ആധുനികതൊഴിലാളികളുടെ ദാഹം. അവക്കു തങ്ങളുടെ ദൈനംദിനജീവിതത്തെ ഒന്നടങ്കം സ്പർശിക്കുന്ന ഭൗതികവും ആധ്യാത്മികവുമായ ഉയച്ചയ്ക്കും ശാന്തിക്കും

വ്യക്തമായ നേതൃത്വം കൊടുക്കുന്ന ഒരു പ്രത്യേക പ്രസ്ഥാനം ആവശ്യമുണ്ടു്. കുഴഞ്ഞുമറിഞ്ഞ ഇന്നത്തെ സാമൂഹികമണ്ഡലത്തിൽ ആത്മീയശാന്തിയുടേയും സാമ്പത്തികഭദ്രതയുടേയും തെളിവാർന്ന ഒരു രംഗം പുനസ്സംവിധാനം ചെയ്യുന്ന ഒരു പ്രസ്ഥാനമായിരിക്കണം ഇതു്. ആദ്ധ്യാത്മികജീവിതത്തെയും അതിന്റെ അഭിരുചികളേയും അഭിനിവേശങ്ങളേയും തൊഴിൽരംഗത്തുനിന്നും സാമൂഹികജീവിതത്തിൽനിന്നും അതിദൂരം അകററിനിറുത്തുന്നുവെന്നതാണു നമ്മുടെ വലിയ തെററു്. കശപിശകളും ബഹളങ്ങളും നിറഞ്ഞ ഫാക്ടറികളിലേക്കു് ആദ്ധ്യാത്മികത്വത്തെ അടുപ്പിച്ചുകൊണ്ടുചെല്ലാൻ നമുക്കു ഭയമാണു്. കൂലി കൂട്ടിക്കിട്ടാനുള്ള കോലാഹലങ്ങളും അതു കൊടുക്കാതിരിക്കാനുള്ള കുതന്ത്രങ്ങളും പണിമുടക്കിനുള്ള ആഹ്വാനങ്ങളും പുകച്ചുരുളുകളും യന്ത്രങ്ങളുടെ 'ജടാജടാ' സ്വരവും തിങ്ങിക്കൂടിയ ഒരു സ്ഥലത്തു ക്രിസ്തു എങ്ങനെ വസിക്കാനാണു് എന്നായിരിക്കാം നിങ്ങളുടെ സംശയം.

മതബോധത്തേയും മതാത്മകജീവിതത്തേയും മതചടങ്ങുകളേയും സാമൂഹികവൃത്തവുമായി പൊരുത്തപ്പെടുത്തുകയും സാമൂഹികവൃത്തത്തിലൂടെതന്നെ അവ വികസിപ്പിക്കുകയും ഒററപ്പെടൽ ഒരിക്കലും സംഭവിക്കാതിരിക്കാൻ നോക്കുകയും ചെയ്താലേ ശോഭനമായ ഒരു ഭാവി നമുക്കുണ്ടാകൂ എന്നു നിങ്ങൾ ധരിക്കണം. മതാന്തരീക്ഷവും സാമൂഹികാന്തരീക്ഷവും കഴിയുന്നിടത്തോളം താദാത്മ്യം പ്രാപിക്കട്ടെ. മതസുകൃതവും സാമൂഹികസുകൃതവും എത്രത്തോളം സാധിക്കുമോ അത്രത്തോളം ഏകീഭവിക്കട്ടെ. നമ്മുടെ പ്രാർത്ഥനയും പ്രവൃത്തിയും സംയോജിക്കട്ടെ. അപ്പോൾ കാണാം ഭൂമിയും സ്വർഗ്ഗവും തമ്മിലുള്ള വിടവു കുറഞ്ഞുകുറഞ്ഞു വരുന്നതു്.

അസാധാരണവും അസ്വാഭാവികവും കൃത്രിമവുമായ സരണികളിൽക്കൂടെയും പരിതഃസ്ഥിതികളിൽക്കൂടേയും തങ്ങളെ വിശുദ്ധീകരിച്ചെടുക്കാമെന്നു തൊഴിലാളികൾ വ്യാമോ

ഹിക്കരുത്. ദിവസേന ഒരു കൊന്ത ചൊല്ലുകയും ഞായറാഴ്ച ഒന്നു പള്ളിയിൽ പോകുകയും ആണ്ടിലൊന്നു കുമ്പസ്സാരിക്കുകയും ചെയ്താൽ എല്ലാം ശരിപ്പെട്ടുവെന്ന ഭാവവും നാം ത്യജിക്കണം. അനുദിനജീവിതത്തിൽ ആയിരക്കണക്കിലുണ്ടാകുന്ന കൊച്ചുകൊച്ചു പ്രവൃത്തികളിൽക്കൂടെയാണു ക്രിസ്തീയത്വം പ്രകാശിക്കേണ്ടതെന്ന സത്യം നാം വിസ്മരിച്ചുകളയരുത്. ഈ ചെറുചെറു അനുനിമിഷപ്രവൃത്തികൾ മതചൈതന്യത്തിന്റെ പരിവൃത്തത്തിൽനിന്നു പാളിപ്പോകുന്നതാണു് ആദ്ധ്യാത്മികത്തകർച്ചയുടെ അടിസ്ഥാനകാരണം. വിശുദ്ധിയെ മെനഞ്ഞെടുക്കേണ്ടതു് ഈ നിസ്സാരപ്രവൃത്തികളിൽക്കൂടെയാണ്. കറുത്ത ഹൃദയത്തിനുമീതെ തേച്ചുമിനുത്ത ഷർട്ടിട്ടതുകൊണ്ടു വിശുദ്ധിയാവില്ല. ഹൃദയസ്പന്ദനത്തോടു ക്രിസ്തുവിനെ സംയോജിപ്പിക്കാൻ ശ്രമിക്കാതെ നാമെങ്ങനെ ക്രിസ്ത്യാനികളാകും? മതം മതം എന്നു പറയുന്നതു് ഒരു മതാനുയായിയെ ചലിപ്പിക്കുന്ന ശക്തിവിശേഷമാണ്. അവന്റെ പ്രവർത്തനങ്ങൾക്കു ജീവൻ പകരുന്നതു് ആ മതത്തിന്റെ ആദർശങ്ങളാണ്. വിശുദ്ധി സമ്പാദിക്കാൻ തടസ്സമായി പ്രത്യക്ഷപ്പെടുന്ന ഇന്നത്തെ തൊഴിൽസാഹചര്യങ്ങളെ അതിനു സഹായകമായവിധത്തിൽ പുനസ്സംവിധാനം ചെയ്യുകയാണെങ്കിൽ നൂറുനൂറു തൊഴിലാളിവിശുദ്ധർ നിങ്ങളിൽനിന്നും ഉണ്ടായിവരും. അതുവഴി സർവ്വസ്പർശിയും സമഗ്രവുമായ ഒരു നവീകരണം നാടൊട്ടാകെ സംഭവിക്കും.

## നിരാശവേണ്ടാ

പുനഃക്രമീകരണത്തിനു നിവൃത്തിയില്ലാത്ത സാഹചര്യങ്ങളോ പുനർജ്ജീവിതത്തിനു സാധ്യതയില്ലാത്ത വ്യക്തികളോ ഇല്ല. വാസ്തവത്തിൽ വലിയൊരു പാപിപോലും പുതിയൊരു മനുഷ്യനായിച്ചമയാൻ മോഹിക്കുന്നുണ്ടു്. അഭികാമ്യ

മായ ഒരു പുതിയ ജീവിതക്രമീകരണം ശരിക്കു കാണിച്ചുകൊടുക്കാൻ ആളില്ലാത്തതുകൊണ്ടാണു കള്ളന്മാർ കള്ളന്മാരായിത്തന്നെ കഴിയുന്നതും മടിയന്മാർ മടിയന്മാരായിത്തന്നെ ഇരിക്കുന്നതും വ്യഭിചാരി വ്യഭിചാരിയായിത്തന്നെ വ്യാപരിക്കുന്നതും.

സംഘടിതരീതിയിൽ ആഞ്ഞടുക്കുന്ന തിന്മയെ നേരിടാൻ സംഘടിതരൂപംപൂണ്ട ഒരു നന്മപ്രസ്ഥാനം ഉണ്ടാകണം. വിനാശകരവും വിദ്വേഷാത്മകവുമായ സാഹചര്യങ്ങളും പ്രേരണകളും വട്ടമിട്ടുനില്ക്കുന്ന വ്യവസായശാലകൾക്കുള്ളിൽനിന്നുതന്നെ നമുക്കതു് ആരംഭിക്കണം. അപ്പോൾ കാണാം പ്രതിദിനജീവിതത്തിലെ സാധാരണ ചലനങ്ങളിൽപ്പോലും നിങ്ങൾ ക്രിസ്തുവിൻെറ സഹയാത്രികരാകുന്നതു്; ദൈവത്തിൻെറ സഹകർമ്മകാരികളാകുന്നതു്.

തൊഴിൽസ്ഥലം ഒരു തടവുമുറിയല്ല. ചൂഷണങ്ങൾക്കും മർദ്ദനങ്ങൾക്കുംവേണ്ടി തയ്യാറാക്കപ്പെട്ട ഒരു രംഗവുമല്ല അതു്; പ്രത്യുത, നമ്മുടെ ശരീരത്തിനും പ്രതിഭയ്ക്കും വ്യക്തിത്വത്തിനും വളർച്ച കൊടുക്കുന്ന ഒരു വിശ്വകലാലയമാണു് അതു്. ഈ യാഥാർത്ഥ്യം ഗ്രഹിച്ചാൽ തൊഴിലിനെ സ്നേഹിക്കാനും തൊഴിൽ ചെയ്യുന്നതിൽ അഭിമാനിക്കാനും നമുക്കു സാധിക്കും. ഫാക്ടറികളുടേയും പണിസ്ഥലങ്ങളുടേയും പരിസരങ്ങളിൽനിന്നു നൈരാശ്യത്തിൻേറയും വിദ്വേഷത്തിൻേറയും വിഷബീജങ്ങളെ ഉച്ചാടനം ചെയ്യാനും പ്രബുദ്ധവും പ്രത്യാശാപൂർണ്ണവുമായ ഒരു മണ്ഡലത്തിലേക്കു തൊഴിലിനെ ഉയർത്തിവിടാനും അപ്പോൾ നമുക്കു കഴിയും. സാധാരണമായി ജീവിതത്തിൻെറ കടുംചൂടുള്ള പ്രായോഗികതത്വശാസ്ത്രം തൊഴിൽസ്ഥലത്തുവച്ചാണു നിങ്ങൾ പഠിക്കുക. ലാഘവമുള്ള നിങ്ങളുടെ അപക്വഹൃദയങ്ങളിൽ അനേകം ആശയങ്ങൾ അവിടെവച്ചു വന്നുകൂടുന്നു. മുതലാളിയുടെ സ്നേഹശൂന്യമായ പെരുമാററം നിങ്ങളുടെ സ്നിഗ്ദ്ധഹൃദയങ്ങളെക്കൂടി കുറച്ചുദിവ

സത്വത്തിനകം പരുപരുപ്പനാക്കും. ഈ പരുപരുപ്പൻപ്രകൃതി ഉണ്ടാകുന്നതോടെ അവകാശങ്ങളെക്കുറിച്ചുള്ള വികാരോജ്ജ്വലചിന്തകൾക്കല്ലാതെ കടമകളെക്കുറിച്ചുള്ള പ്രശാന്തവിചാരങ്ങൾക്കു സ്ഥാനമില്ലാതാകുന്നു. അവഗാഢമായി ആലോചിക്കാതെ 'ഒററവെട്ട് രണ്ടുമുറി' എന്ന മട്ടിലാകും പിന്നത്തെ പോക്കു്. അന്യന്റെ ശരിയായ അവകാശത്തെ കൈയേറാതെതന്നെ സ്വന്തം അവകാശങ്ങൾ നേടാനുള്ള ഒരു ബോധമോ ശിക്ഷണമോ നിങ്ങൾക്കില്ലാതാകുന്നു. ആദർശത്തിന്റെ നട്ടെല്ലിനേയും സന്മാർഗ്ഗബോധത്തിന്റെ സിരകളേയും ബാധിക്കുന്ന ഒരു മാരകവ്യാധിയാണ് ഇതു്. ആത്മശിക്ഷണം എന്താണെന്നു ഗ്രഹിക്കയല്ലാതെ ഇതിനു പ്രതിവിധിയില്ല. അദ്ധ്വാനത്തിന്റെനേരെയുള്ള അതൃപ്തവീക്ഷണവും അപ്പോൾമാത്രമേ അവസാനിക്കൂ. ഒരു പരമസത്യം നിങ്ങൾ മറക്കരുതു്: കത്തോലിക്കാത്തൊഴിലാളികൾ എങ്ങനെയിരിക്കുമോ അങ്ങനെയിരിക്കും കത്തോലിക്കാസഭ. തൊഴിലാളികളുടെ വിശുദ്ധിക്കനുസൃതമായിരിക്കും സഭയുടെ വിശുദ്ധി. നിർണ്ണായകമായ ഒരു കാലഘട്ടത്തിലൂടെയാണു ക്രിസ്തുവിന്റെ മൗതികശരീരം കടന്നുപോകുന്നതു്. ബഹുസഹസ്രം തൊഴിലാളികൾ സഭയ്ക്കു നഷ്ടപ്പെട്ടിരിക്കുന്നു. അവരെയെല്ലാം നമുക്കു തിരിച്ചുകിട്ടണം. ഇനി ആരും നഷ്ടപ്പെടാതെ നോക്കുകയും വേണം. തൊഴിലാളികളെക്കൂടാതെ, ഒരു തൊഴിലാളിയായ ക്രിസ്തുവിന്റെ സഭ സംപൂർണ്ണത പ്രാപിക്കുകയില്ല. തൊഴിലാളികളുടേതായ ഒരു പ്രസ്ഥാനത്തിലൂടെയല്ലാതെ ഈ ദൗത്യം ജയിക്കുകയുമില്ല.

## ജോസിസം

ക്രിസ്തുവിലും ക്രിസ്തുവിനുവേണ്ടിയും ജീവിക്കുന്ന യുവകത്തോലിക്കാത്തൊഴിലാളികളുടെ അഖിലലോകപ്രസ്ഥാനമാണീജോസിസം അഥവാ വൈ. സി. ഡബ്ള്യു. പന്ത്രണ്ടുലക്ഷം

കത്തോലിക്കാത്തൊഴിലാളികൾ ഇതിനകം ഈ സംഘടന യിൽ ചേർന്നിരിക്കുന്നു. നാലുലക്ഷം തൊഴിലാളികൾ അതിൻെറ അനുഭാവികളുമാണ്. ക്രിസ്തുവിൽക്കൂടെ വിശ്വത്തെ വിജയിക്കുവാനാണ് ഈ സേനയുടെ നീക്കം. ആധ്യാത്മികാഭ്യുത്ഥാനം സാധിച്ച ഒരു തൊഴിലാളിത്തലമുറയെ അവർ രചിക്കുന്നു.

കത്തോലിക്കാത്തൊഴിലാളിലോകത്തിൽ ഒരു മഹാപരിവത്തനംതന്നെ സൃഷ്ടിച്ച ഒരു പ്രശസ്തപ്രസ്ഥാനമാണ് ഇതു്. ക്രിസ്തുവിൻെറ സ്നേഹസാമ്രാജ്യം സകല തൊഴിൽരംഗങ്ങളിലും സ്ഥാപിക്കുകയാണ് ഈ സംഘടനയുടെ ലക്ഷ്യം. ഫാക്ടറികളിലും കൃഷിസ്ഥലങ്ങളിലും ഓഫീസുകളിലും മററു തൊഴിൽരംഗങ്ങളിലുമെല്ലാം "നിൻെറ രാജ്യം വരണമേ" (Thy Kingdom Come) എന്നാണ് അവരുടെ പ്രാത്ഥന. ആധ്യാത്മികക്ഷേമത്തിനുമാത്രമല്ല, തൊഴിലാളികളുടെ സാമ്പത്തികക്ഷേമത്തിനായും ജോസിസ്ററുകൾ വീറോടെ മുന്നേറുന്നു. സാമൂഹികയാഥാത്ഥ്യങ്ങളെപ്പററി യഥാതഥം ജ്ഞാനം നല്കുകയും അവയ്ക്കുള്ള പരിഹാരമാഗ്ഗം ശാസ്ത്രീയമായും വസ്തുപരമായും കണ്ടുപിടിക്കുകയും ചെയ്യാൻ ഈ പ്രസ്ഥാനം കത്തോലിക്കാത്തൊഴിലാളികളെ പഠിപ്പിക്കുന്നു. ജീവിതത്തിൻെറ ഉള്ളറയിലേക്ക് ഇറങ്ങിച്ചെന്നു് അതിൻെറ എല്ലാ സൂക്ഷ്മാംശങ്ങളും സൂക്ഷിച്ചുനോക്കി വിശകലനം ചെയ്യുന്ന വിദഗ്ധരായ സാമൂഹികനേതാക്കളെ വാത്തെടുക്കാൻ ഈ പ്രസ്ഥാനത്തിനു സാധിച്ചിട്ടുണ്ട്. മനുഷ്യവ്യക്തിത്വത്തെ (human personality) അതിൻെറതായ മുഴവൻ മഹത്വത്തോടെ മാനിക്കുക എന്നതാണ് ഈ പ്രസ്ഥാനത്തിൻെറ പ്രമുഖാദർശം. വ്യക്തിത്വം പൂർണ്ണമാക്കാനും സാമൂഹികസേവനം വിജയിപ്പിക്കാനും സമത്ഥമായ എല്ലാ പരിശീലനങ്ങളും ജോസിസം നല്കുന്നു. വ്യക്തികളെ ഒററതിരിഞ്ഞവരായിട്ടുമാത്രമല്ല, സാമൂഹികശരീരത്തിലെ അഭേദ്യഘടകങ്ങളായിട്ടാണ് അവർ ദർശിക്കുന്നതു്.

തൊഴിലിൽ അഭിമാനിക്കുന്ന തൊഴിലാളികളാണവർ. നീണ്ടുനിന്ന രണ്ടു പന്തീരാണ്ടിലധികം നസ്രത്തിലേ പണിപ്പുരയിൽ കുനിഞ്ഞിരുന്നു കലപ്പയും കൊഴുവുമുണ്ടാക്കാൻ മരത്തടികളോട്ട മല്ലയുദ്ധം വെട്ടിയ ആ ആശാരിപ്പണിക്കാരനാണ് അവരുടെ ആചാര്യൻ. ധാർമ്മികതത്വങ്ങളെപ്പററി കുറെ വാദപ്രതിവാദം നടത്തി പിരിഞ്ഞുപോകലല്ല, പ്രത്യുത, ആ ധാർമ്മികതത്വങ്ങളെ സ്വന്തം പ്രതിദിനജീവിതത്തിൽ പ്രായോഗികമാക്കലാണ് അവരുടെ പ്രവർത്തനം. ക്രിസ്തീയസാമൂഹികശാസ്ത്രം അവരുടെ അപഗ്രഥപഠനത്തിനു വിധേയമാകുന്നു. ഇന്നത്തെ സാമൂഹികപ്രശ്നങ്ങൾക്കു സഭ നല്കുന്ന പ്രതിവിധികൾ സമത്ഥമായി അവർ ഗ്രഹിക്കുന്നു. ക്രിസ്തീയാദർശങ്ങളുടെ പൂർണ്ണതയും ശ്രേഷ്ഠതയും അവരെ അഭിനിവേശം കൊള്ളിക്കുന്നു. സകല ജീവിതപ്രശ്നങ്ങൾക്കും ക്രിസ്തുവിൻെറ പ്രബോധനത്തിലൂടെ, സുവിശേഷത്തിലൂടെ, പ്രതിവിധി കാണാൻ അവക്കു കഴിഞ്ഞിരിക്കുന്നു. സ്വന്തം വികാരത്തെ ക്രിസ്തുവിനായി അവർ ജയിച്ചടക്കുന്നു. സ്വന്തം പ്രലോഭനങ്ങളെ ക്രിസ്തുവിനായി അവർ നിഗ്രഹിക്കുന്നു. ഏവംവിധം ഓരോ വ്യക്തിയും ചെയ്യുന്ന ചെറുചെറുപരിശ്രമങ്ങളുടെ ഒന്നിച്ചുള്ള മുന്നേററം സമുദായത്തിൽ വലിയ ചലനമുണ്ടാക്കുകയും ഒരു പുതിയ ലോകത്തിൻെറ പുലരി സാധിക്കുകയും ചെയ്യുമെന്നവക്കറിയാം. ദൈവത്തിന് ഒരു പ്രത്യേകമണിക്കൂർ നീക്കിവയ്ക്കാതെ എല്ലാ മണിക്കൂറും ദൈവത്തിനു നീക്കിവയ്ക്കുകയാണവർ. ജോലി കഴിഞ്ഞുവന്നു പ്രാത്ഥിക്കുകമാത്രമല്ല, ജോലിചെയ്യുന്നതുതന്നെ പ്രാത്ഥനയാക്കി മാററുകയാണവർ. എന്നുവച്ചു ലോകകാര്യവ്യക്ഷണകാര്യവുമൊക്കെ ത്യജിച്ച മുനീന്ദ്രന്മാരുടെ ഒരു പ്രസ്ഥാനമല്ല ജോസിസം. തൊഴിലാളികളുടെ വിദ്യാഭ്യാസം, സാങ്കേതികജ്ഞാനസമ്പാദനം, സാമൂഹികബോധം, ആരോഗ്യസംരക്ഷണം, ഉദ്യോഗസ്ഥിരത, ശമ്പളക്കയററം, കിട്ടുന്ന

വേതനത്തിന്റെ വിശുദ്ധമായ വിനിയോഗം, തൊഴിൽരംഗത്തെ സുരക്ഷിതത്വം, കുടുംബജീവിതം, വായന, വിശ്രമവേള, സഹൃൽസമ്മേളനം, കൂട്ടുകെട്ട്, വിവാഹത്തിനുള്ള സജ്ജീകരണം, ദൈവവിളികളുടെ പ്രോത്സാഹനം, സാന്മാൎഗ്ഗികത, മതാത്മകമായ പുരോഗതിക്കുള്ള മാൎഗ്ഗങ്ങൾ എന്നീ എല്ലാ തുറകളിലും ജോസിസം ശ്രദ്ധചെലുത്തുന്നു. നൈരാശ്യമേശാതെ ജീവിതസംഭവങ്ങളെ ദൈവികമായ ഒരു ക്രമീകരണത്തിന്റെ വെളിച്ചത്തിലൂടെ വീക്ഷിക്കാൻപോരുന്ന കണ്ണ് അവൎക്കുണ്ട്. ക്രിസ്തുവിന്റെ മൗതികശരീരത്തിന്റെ ചൈതന്യപൂൎണ്ണങ്ങളും സജീവങ്ങളും ആയ അവയവങ്ങളാണു തങ്ങളെന്നു മനസ്സിലാക്കിക്കൊണ്ടാണു യുവക്രൈസ്തവതൊഴിലാളികൾ തങ്ങളുടെ സംഘടനയെ മുന്നോട്ടു നയിക്കുന്നത്. ക്രിസ്തു തന്റെ രക്ഷാകരവേലയും പരമബലിയും തങ്ങളിലൂടെ ഇന്നും തുടൎന്നുകൊണ്ടിരിക്കുന്നുവെന്ന വിശ്വാസം അവരെ അഭിനിവേശംകൊള്ളിക്കുകയാണ്. കമ്മ്യൂണിസമെന്നു കേട്ടാൽ അവൎക്കു് ഒരു പേടിയുമില്ല. കമ്മ്യൂണിസ്ററുകളുടെ തത്വശാസ്ത്രം പിഴച്ചതാണെങ്കിലും അവർ ഇന്നത്തെ സാമൂഹികാനീതികളെക്കുറിച്ച് ഉന്നയിക്കുന്ന പല ആരോപണങ്ങളും ഏറെക്കുറെ ശരിയാണെന്നു ജോസിസ്ററുകൾക്കറിയാം. ക്രിസ്തുവിന്റെ സുവിശേഷസൂക്തികൾക്കു കേവലം അധരസേവ നടത്തുന്ന ബൂൎഷ്വകളും ബൂൎഷ്വസമുദായങ്ങളുമാണു കമ്മ്യൂണിസത്തിന്റെ ഇന്നത്തെ ഈ തേൎവാഴ്ച്ചകളമൊരുക്കിയതെന്നു ജോസിസ്ററുകൾ ശരിക്കു മനസ്സിലാക്കിവച്ചിരിക്കുന്നു.

മാൎക്സിസ്ററുതത്വങ്ങളോടു തൊഴിലാളികൾക്കു ജന്മനാ വെറുപ്പാണ്. "കമ്മ്യൂണിസം തൊഴിലാളികളെ സാമ്പത്തികമായി രക്ഷി"ക്കുമെന്ന മുദ്രാവാക്യം ശരിയായതെറോ എന്നൊന്നറിയാനാണു തൊഴിലാളികൾ അതിന്റെ പിന്നാലെ എത്തിനോക്കി സഞ്ചരിക്കുന്നതു്. തൊഴിലാളിവൎഗ്ഗത്തി

നുവേണ്ടി ആത്മാർത്ഥമായി പ്രവർത്തിക്കുകയും അടരാടുകയും ചെയ്യുന്ന ആദ്ധ്യാത്മികപ്രബുദ്ധമായ ഒരു സംഘടന എന്ന് ഉടലെടുക്കുന്നുവോ അന്നു ചെങ്കൊടി പിടിച്ചു നടന്നിരുന്ന തൊഴിലാളികൾ അതെല്ലാം വലിച്ചെറിയുമെന്നുള്ള അനുഭവജ്ഞാനം ജോസിസ്റ്റുകൾക്കുണ്ട്. ഈ വസ്തുത തികച്ചും മനസ്സിലാക്കിക്കൊണ്ടു ജോസിസം അതിന്റെ പരിപാടികൾക്കു രൂപം കൊടുത്തിരിക്കുന്നു.

## ജോസിസത്തിന്റെ ജനയിതാവ്

മൂന്നു കൊല്ലംമുമ്പ് ആ വന്ദ്യപുരുഷൻ കേരളക്കരയിൽ വന്നിരുന്നു. ബൽജിയംകാരനായ ആ വൃദ്ധപുരോഹിതനെ കണ്ടാൽ, ലക്ഷക്കണക്കിൽ തൊഴിലാളികളെ സംഘടിപ്പിച്ച ഒരു വലിയ സാർവ്വലൗകികപ്രസ്ഥാനത്തിന്റെ പ്രണേതാവാണ് അദ്ദേഹമെന്ന് ആരും പറയുകയില്ല. അത്രയ്ക്കു ലളിതവും സാധാരണവുമായ ഒരു പ്രകൃതിക്കാരനാണു മോൺസിഞ്ഞോർ ജോസഫ് കാർഡൈയിൻ.

സർവ്വശക്തനായ ദൈവം കേവലം സാധാരണക്കാരിൽനിന്നു വലിയ മഹാന്മാരെ ഉയർത്തിക്കൊണ്ടുവരാറുണ്ട്. മോ. കാർഡൈൻ ഒരു സാധുതൊഴിലാളിയുടെ മകനാണ്. പട്ടിണിയോടു പടവെട്ടിക്കൊണ്ടാണു കുട്ടിക്കാലം കടത്തിവിട്ടത്. തൊഴിലാളികളുടെ വിഷമതകളും വികാരങ്ങളും എല്ലാം അനുഭവങ്ങളിലൂടെ അടുത്തറിഞ്ഞ ആളാണ് അദ്ദേഹം.

## ജോസിസ്റ്റു പിള്ളത്തൊട്ടി

1896-ലെ ഒരു തണുപ്പുള്ള രാത്രി. ജോസഫിന്റെ പിതാവു കിടുകിടെ വിറച്ചുകൊണ്ട് ഒരു "നെരിപ്പോടി"ന്നരികെ പററിക്കൂടിയിരിക്കുന്നു. നൂറുനൂറു ചിന്തകളാൽ ആ അ

ഡപ്രാനവൃദ്ധൻ നെടുവീർപ്പിടുകയാണു്. ജീവിതത്തിലെ അതിപ്രധാനദിവസമാണു് അയാൾക്കന്നു്. താൻ നിരവധി കൊല്ലങ്ങളായി വേലചെയ്തുവന്നിരുന്ന ഫാക്ടറിയിൽനിന്നു് അന്നു പിരിഞ്ഞുപോരും. ജോസഫിൻെറ പഠിപ്പും അന്നവസാനിക്കും. അപ്പൻെറ ജോലിയിൽ മകനെ പ്രവേശിപ്പിച്ചു് ആ ക്ഷീണഗാത്രൻ അല്പം ആശ്വസിക്കാനാണു പ്ലാൻ. ജോസഫ് ഉറങ്ങുകയായിരുന്നു. നിരാഹീനനായ ആ വൃദ്ധപിതാവു് ഒരക്ഷരം ശബ്ദിക്കാതെ പുകവലിച്ചുകൊണ്ടു് ആ നെരിപ്പോടിനടുത്തുതന്നെ ഇരിക്കുന്നു. പെട്ടെന്നു് ഒരു ശബ്ദം കേട്ടു് അയാൾ തിരിഞ്ഞുനോക്കി. മകൻ ജോസഫ് അടുത്തുവന്നു നില്ക്കുന്നു. "മകനേ, എന്താ നീ ഉണർന്നതു്" പിതാവു ചോദിച്ചു. "എനിക്കു് ഉറക്കം വരുന്നില്ലപ്പാ, അപ്പനോടു് എനിക്കു് ഒരു കാര്യം പറയാനുണ്ടു്."

"എന്തുകാര്യമാ മകനേ?"

"അപ്പാ എനിക്കൊരു വൈദികനാകാൻ ആശയുണ്ടു്. അനേകം നാളുകളായി ഞാനിതാഗ്രഹിക്കാൻ തുടങ്ങിയിട്ടു്."

ആ വത്സലപിതാവു കുറെനേരത്തേക്കു് ഒന്നും ശബ്ദിച്ചില്ല. അപ്പോഴേക്കും ജോസഫിൻെറ അമ്മയും എഴുന്നേററുവന്നു. പിതാവു ഭാര്യയോടു പറഞ്ഞു:

"പ്രിയേ, എൻെറ ജീവിതം മുഴുവൻ ഞാൻ കഠിനാദ്ധ്വാനംചെയ്തു. ഇനിയും തുടർന്നദ്ധ്വാനിക്കതന്നെ. എന്നാലെങ്കിലും നമ്മുടെ മകൻ ഒരു വൈദികനാകുന്നതു കാണാമല്ലോ."

ആ കൊച്ചൻ സംതൃപ്തനായി. പിറേറന്നു രാവിലെ പിതാവു വീണ്ടും ഫാക്ടറിയിലേക്കു തിരിച്ചു. മകൻ വിദ്യാലയത്തിലേക്കും.

വേനലും മഞ്ഞും മഴയുമായി കാലം വേഗം കടന്നുപോയി. ജോസഫ് സെമ്മിനാരിയിൽ ദൈവശാസ്ത്രം പഠിക്കുക

യാണ്. ഒഴിവിന് ആ വൈദികവിദ്യാൎത്ഥി ഒന്നു വീട്ടിൽവന്നു. ഹൃദയഭേദകമായ ഒരു സംഭവം അന്നുണ്ടായി. തന്റെ പഴയ ചങ്ങാതിമാരെ—അവർ അപ്പോൾ തൊഴിലാളികളായിക്കഴിഞ്ഞിരുന്നു—ജോസഫ് വഴിക്കുവച്ചു കണ്ടുമുട്ടി. അവരുമായി ഹൃദയം കുളുക്കെ ഒന്നു സംസാരിക്കാൻ ആ വൈദികവിദ്യാൎത്ഥി ആഗ്രഹിച്ചു. എന്നാൽ, അവർ അവനെ ഒന്ന് ഏറുകണ്ണിട്ടു പുച്ഛിച്ചുകൊണ്ട് ഒന്നും മിണ്ടാതെ സ്ഥലം വിടുകയാണുണ്ടായത്. സുഹൃത്തുക്കളുടെ ഈ ഭാവമാററം ജോസഫ് പ്രതീക്ഷിച്ചിരുന്നതല്ല. അവന്റെ ഹൃദയത്തിൽ ഈ രംഗം വലിയ ചലനമുണ്ടാക്കി. വൈദികനാകാൻ പോയതാണ് ആ പുച്ഛിക്കലിന്റെ പൊരുളെന്നും വൈദികന്മാരെല്ലാം തൊഴിലാളിവൎഗ്ഗവഞ്ചകരാണെന്നായിരുന്നു ആ സുഹൃത്തുക്കളുടെ വിചാരമെന്നും ജോസഫിനു മനസ്സിലായി. അന്നേ അവൻ ദൃഢശപഥം ചെയ്തു, തൊഴിലാളികളുടെകൂടെ തൊഴിലാളികൾക്കായി പ്രവൎത്തിച്ചുകൊണ്ടു തന്റെ വൈദികവൃത്തിയെ ശോഭിക്കാൻ.

നാലുകൊല്ലം കഴിഞ്ഞു. ജോസഫിന് ഒരു കമ്പികിട്ടി, അപ്പൻ മരണാസന്നനായെന്ന്. അവൻ ദ്രുതഗതിയിൽ വീട്ടിലേക്കു തിരിച്ചു. പ്രായാധിക്യത്തെ പരിഗണിക്കാതെ കുടുംബം പോററാനും മകന്റെ വൈദികപഠനച്ചെലവുകൾ നിൎവ്വഹിക്കാനും വിയൎത്തൊലിച്ചു വേലചെയ്തിരുന്ന ആ വൃദ്ധൻ ഇതാ മരണക്കട്ടിലിൽ കിടക്കുന്നു. പിതാവിന്റെ ശരീരത്തിലേക്ക് ഒരു കണ്ണു നോക്കിയതോടെ തൊഴിലാളിവൎഗ്ഗത്തിന്റെ ദുരന്തദയനീയത ഒരു ഇടിമിന്നൽപോലെ ജോസഫിൽ തുളച്ചു കയറി. എല്ലുനുറുങ്ങി പണിയും അരവയറു ചോറുമായി അങ്ങനെ ദിവസങ്ങൾ ഉന്തിനീക്കുന്ന തൊഴിലാളികളുടെ ചിത്രങ്ങൾ അവന്റെ ബോധത്തിൽ ഉയൎന്നുവന്നു. കഠിനാദ്ധ്വാനംകൊണ്ടു തഴമ്പിച്ച ആ പിതൃകരം ഓമനസ്സുതനെ ആശീൎവദിക്കാനുയൎന്നപ്പോൾ ജോസഫും വി

കാരനേരിതനായി. എന്തുകൊണ്ടാണു നാലുകൊല്ലം മുമ്പ് അ സ്നേഹിതന്മാർ തന്നെ പുച്ഛിച്ചതെന്നും മിണ്ടാതെ പോയ തെന്നും ഇപ്പോഠം ജോസഫിനു കൂടുതൽ ബോധപ്പെട്ടുകഴി ഞ്ഞു. പിതാവു പിന്നെ അധികനിമിഷങ്ങഠം ജീവിച്ചില്ല. മകൻെറ മടിയിൽ തല ചാച്ചുകൊണ്ടു പട്ടിണിയുടേയും ദുഃ ഖത്തിൻേറയും ആ പ്രതീകം നിശ്ചലമായി. ജോസഫ് അ പ്പൻെറ മൃതദേഹത്തിനരികേ മുട്ടുകുത്തിനിന്നുകൊണ്ടു ത ൻെറ മുൻപറഞ്ഞ പ്രതിജ്ഞ ഒന്നുകൂടി പുതുക്കി: സാമൂഹി കമായ അരക്ഷിതത്വത്തിൽനിന്നും അനീതിയിൽനിന്നും തൊഴിലാളിലോകത്തെ വീണ്ടെടുക്കാൻ—ആദ്ധ്യാത്മികതയി ലേക്കും ശാന്തിയിലേക്കും അവരെ നയിക്കാൻ—അദ്ദേഹം ഉറ ച്ചുകഴിഞ്ഞു. തൊഴിലാളിവഗ്ഗത്തിനുവേണ്ടി അഹ്ഹതി ചെ യ്യാൻ തന്നെ മുഴുവനായി അദ്ദേഹം പ്രജ്ഞാപൂവ്വം പ്രതിഷ്ഠി ച്ചു. ദൈവം അദ്ദേഹത്തിൻെറ ഈ പ്രതിഷ്ഠയെ സ്വീകരിക്കു കയുംചെയ്തു.

## പ്രഥമഘട്ടം

**1912.** ഫാദർ ജോസഫ് കാർഡൈൻ ബ്രസൽസിലേ ഒരു ഇടവക വികാരിയായി. തൻെറ പ്രതിജ്ഞയ്ക്കൊത്തപോ ലെ പ്രവത്തിക്കാൻ അദ്ദേഹത്തിനു സന്ദർഭം കിട്ടി. തൊഴി ലാളികളായ ആൺകുട്ടികഠംക്കും പെൺകുട്ടികഠംക്കുമായി രണ്ടു ചെറിയ സംഘടന അദ്ദേഹം ആരംഭിച്ചു.

പ്രസ്ഥാനം വളരുംമുമ്പേ ഒന്നാം ലോകമഹായുദ്ധം അ ളിക്കത്തിവന്നു. ജർമ്മൻകാർ ബൽജിയം പിടിച്ചടക്കി. തൊഴിലാളികളെ ബലാൽകാരമായി അവർ പിടിച്ചുകൊണ്ടു പോയിത്തുടങ്ങി. ഫാദർ കാർഡൈൻ ഇതു കണ്ടു മിണ്ടാതി രുന്നില്ല. കൈസറിൻെറ ഈ കഠോര നടപടിയിൽ ആ വൈ ദികസത്തമൻ പ്രതിഷേധിച്ചു. ഫലമോ? അടുത്തദിവസം അദ്ദേഹം കാരാഗൃഹത്തിലായി.

കാരാഗൃഹം കാർഡൈന്ന് ഒരനുഗ്രഹമായി കലാശിക്കുകയാണുണ്ടായത്. ഏകാഗ്രമായി ചിന്തിക്കാൻ പററിയ ഒരു സ്ഥലമായിരുന്നു അത്. തൊഴിലാളികളുടെ പ്രശ്നങ്ങളെപ്പററി സമഗ്രമായി പഠിക്കാൻ അദ്ദേഹത്തിനു സമയം കിട്ടി. ജോസിസത്തിന്റെ ഉജ്ജ്വലസാഹിത്യങ്ങൾ ഒഴുകിയത് ആ കാരാഗൃഹത്തിൽനിന്നാണ്. കത്തോലിക്കാതൊഴിലാളികളുടെ സർവ്വോന്മുഖമായ സമുദ്ധാരണത്തിനു സർവ്വദേശീയവും സംഘടിതവുമായ ഒരു സജീവപ്രസ്ഥാനം സമാരംഭിക്കണമെന്ന നിഗമനത്തിന് ഊക്കും ഉറപ്പും അദ്ദേഹം നേടിയത് ആ നാളുകളിലാണ്. പ്രശ്നത്തിന്റെ എല്ലാവശങ്ങളിലും ഫാദർ കാർഡൈൻ സൂക്ഷ്മനിരീക്ഷണം നടത്തി. തൊഴിലാളികൾക്കു സാമ്പത്തികഭദ്രത നല്കുന്നതും അവരുടെ സാമൂഹികജീവിതത്തിന്റെ സകല തുറകളിലും ഒരുത്ഥാനം സൃഷ്ടിക്കുന്നതും കുടുംബജീവിതത്തെ കോമളമാക്കുന്നതും ബുദ്ധിപരവും സാംസ്കാരികവുമായ മണ്ഡലത്തിൽ അവരെ ഉയർത്തുന്നതും ധാർമ്മികവും ആദ്ധ്യാത്മികവുമായ ജീവിതത്തിൽ അവർക്ക് അഭിനിവേശം നല്കുന്നതുമായ ഒരു നൂതനപ്രസ്ഥാനത്തിന്റെ സകല ചട്ടക്കൂടുകളും അദ്ദേഹം നിർമ്മിച്ചുവച്ചു. മുതലാളികളുടെ മൂർഖതയിൽനിന്നും വിപ്ലവകാരികളുടെ വിഷബീജങ്ങളിൽനിന്നും സർക്കാരുദ്യോഗസ്ഥന്മാരുടെ ദുർമ്മർദ്ദങ്ങളിൽനിന്നും സാധാരണക്കാരനെ രക്ഷിക്കാനുള്ള ഒരു ധാർമ്മിക സമരനിരയുടെ രൂപീകരണമായിരുന്നു അദ്ദേഹത്തിന്റെ ഉന്നം. ആദർശാത്മകമായ ഒരു പുതിയ തൊഴിലാളിയുഗത്തെ ഉൽഘാടനം ചെയ്യാൻ ഫാദർ കാർഡൈൻ ഉറച്ചു കഴിഞ്ഞു.

# ജോസിസത്തിൻെറ വളർച്ച

ജയിലിൽനിന്ന് അദ്ദേഹം പുറത്തുവന്നത് ഈ ആശയങ്ങളെ പ്രായോഗികമാക്കാനുള്ള ദാഹത്തോടെയാണ്. 1924-ൽ ജോസിസത്തെ ഔപചാരികമായി അദ്ദേഹം ഉൽഘാടനംചെയ്തു. J. O. C. (Junesse Ouriere Chretienne), യുവക്രിസ്ത്യൻ തൊഴിലാളിപ്രസ്ഥാനം നാടുനീളെ പടർന്നുപിടിക്കാനും തുടങ്ങി. ഒരൊററക്കൊല്ലത്തെ വികസനംകൊണ്ടു ബെൽജിയത്തിൽത്തന്നെ നാലായിരം തൊഴിലാളികൾ ജോസിസ്ററുകളായി. പിറേറക്കൊല്ലം അതു് ഏഴായിരമായി വർദ്ധിച്ചു. 1933-ൽ ജോസിസ്ററുകളുടെ സംഖ്യ എൺപതിനായിരമായി.

1927-ൽ ആ പ്രസ്ഥാനം ഫ്രാൻസിലേക്കും കാലൂന്നി. ക്ലിഷി—വി. വിൻസെൻറു ഡി പോളിൻെറ ഇടവക—യിലാണ് അഞ്ചു ചെറുപ്പക്കാർ ചേർന്ന് ആദ്യത്തെ ഫ്രഞ്ചു ജോസിസ്ററുഗ്രൂപ്പുണ്ടാക്കിയതു്. ജോസിസത്തിനു ഫ്രാൻസിൽ സിദ്ധിച്ച സ്വാധീനത വിസ്മയാവഹമാണ്. പത്തു കൊല്ലത്തെ പ്രവർത്തനംകൊണ്ടു് ഒരു ലക്ഷം തൊഴിലാളികൾ ജോസിസ്ററുകളായി. 1937-ലെ പാരീസു സമ്മേളനം വലിയ വിജയമായിരുന്നു. ഫ്രാൻസിലെ നാലു കർദ്ദിനാളന്മാർ ആ സമ്മേളനത്തിൽ സംബന്ധിക്കയുണ്ടായി. ജോസിസ്ററുപ്രസ്ഥാനത്തിൽനിന്നുണ്ടായ ആദ്യത്തെ വൈദികൻ പ്രഥമ ദിവ്യപൂജയർപ്പിച്ചതു് ആ സമ്മേളനപ്പന്തലിൽ വച്ചാണ്. ദിവ്യപൂജയുടെ സമയത്തു ചെമന്ന സ്ഥാനവസ്ത്രങ്ങളണിഞ്ഞ ആ നാലു കർദ്ദിനാളന്മാരുടെ നേരേ മുമ്പിൽ ഒരു പാവപ്പെട്ട സ്ത്രീ മുട്ടുകുത്തിയിരുന്നു. ആ നവവൈദികൻെറ അമ്മ: തൊഴിൽചെയ്തു ജീവിക്കുന്ന ഒരു സാധാരണ നാടൻ സ്ത്രീ. 85000 ജോസിസ്ററു തൊഴിലാളികൾ ആ പന്തലിൽ മുഴുവൻ മുട്ടുകുത്തിനിന്നുകൊണ്ടു ഭക്തിനിർഭരതയോടേ ദിവ്യ

പൂജയിൽ സംബന്ധിക്കുകയുണ്ടായി. സമ്മേളനത്തിൽവച്ച് ആ തൊഴിലാളിസമൂഹത്തെ അഭിസംബോധനചെയ്തുകൊണ്ടു കർദ്ദിനാൾ വെർഡിയർ ഉൽഘോഷിച്ചു: "നിങ്ങൾ ഒരു അത്ഭുതത്തിന്റെ സന്തതികളാണ്." ഉടനെ ആ തൊഴിലാളി സഹസ്രങ്ങൾ അഭിനിവേശത്തോടേ പ്രഖ്യാപിച്ചു: "ഞങ്ങൾ ഞങ്ങളുടെ സഹതൊഴിലാളികളെ ക്രിസ്തുവിനു സമ്മാനിക്കും. ഈ പ്രവർത്തനത്തിനു പ്രേഷിതന്മാർ വേണ്ടിവരും; അതേ, ഞങ്ങൾ പ്രേഷിതന്മാരാകും. രക്തസാക്ഷികൾ വേണ്ടിവരും; അതേ, ഞങ്ങൾ രക്തസാക്ഷികളാകും. വിശുദ്ധന്മാർ വേണ്ടിവരും; അതേ, ഞങ്ങൾ വിശുദ്ധന്മാരാകും."

പാരീസുസമ്മേളനം ജോസിസത്തിന്റെ ജ്യോതിസ്സു ലോകമൊട്ടുക്കു പരത്തി. ഇംഗ്ലണ്ടു്, അയർലണ്ടു്, ഹോളണ്ടു്, സ്വിററ്സർലണ്ടു്, ക്യാനഡാ, പോർച്ചുഗൽ തുടങ്ങി പല രാജ്യങ്ങളിലേയും ജോസിസ്ററു പ്രതിനിധികൾ ഈ സമ്മേളനത്തിൽ സംബന്ധിച്ചിരുന്നു. ചുരുക്കിപ്പറഞ്ഞാൽ, ഈ സമ്മേളനത്തെത്തുടർന്നു യുവക്രിസ്ത്യൻതൊഴിലാളിപ്രസ്ഥാനം ഒരു ലോകവ്യാപകസംഘടനയായിത്തീർന്നു.

## ഇംഗ്ലണ്ടിൽ

ജോസിസത്തിന്റെ ഇംഗ്ലണ്ടിലേക്കുള്ള പ്രവേശനവും പുരോഗതിയും രസംപിടിപ്പിച്ചതാണു്. അവിടത്തെ ജോസിസ്ററുനാഷനൽപ്രസിഡൻറായ ഹാരി ടോംഫ്രീ ആ ചരിത്രം സംക്ഷിപ്തമായി സമർപ്പിക്കുന്നു: 1934-ലെ ഒരു വേനൽക്കാലത്തു ബ്രിസ്റ്റലിൽവച്ചു ഞാനൊരു ഡൊമിനിക്കൻ വൈദികനെ കണ്ടുമുട്ടി. ബൽജിയവുമായി ബന്ധം പുലർത്തിയിരുന്ന ആ പുരോഹിതൻ ജോസിസത്തിന്റെ (Y. C. W– Young Christian Workers) പ്രവർത്തനരീതികളെപ്പററി എന്നോടു സംസാരിച്ചു. ആ പ്രസ്ഥാനം നടത്തുന്ന ചർച്ചായോഗങ്ങൾ, പഠനക്കളരികൾ, സാമൂഹികസേവനങ്ങൾ, വ്യ

ക്തിപരമായ വിശുദ്ധീകരണ നടപടികൾ ഇവയെല്ലാം അദ്ദേഹം വിവരിച്ചുതന്നു. ഞാൻ അതെല്ലാം ശ്രദ്ധിച്ചുകേട്ടു. 'ഇംഗ്ലണ്ടിലും ഇങ്ങനെയൊരു സംഘടന ആരംഭിച്ചാലെന്താ?' എന്നൊരു വിചാരം എനിക്കുണ്ടായി. ആലോചന മാത്രമല്ല, ആ കാര്യം നിർവഹിക്കാൻതന്നെ ഞാൻ സ്ഥിരനിശ്ചയം ചെയ്തു.

"ജോസിസത്തിന്റെ ക്രമനിയമാദികൾ കുറിച്ചിട്ട ഒരു പുസ്തകം ആ വൈദികൻ എനിക്കു തന്നു. അങ്ങനെ ഞങ്ങൾ പിരിഞ്ഞു. പിന്നീട് എന്നുമെന്നും ഞങ്ങൾ ഒരിടത്തു സമ്മേളിക്കും. വളരെനേരം ഇരുന്ന് ആലോചിക്കും. ഇംഗ്ലണ്ടിൽ സമാരംഭിക്കേണ്ട ജോസിസ്റ്റു ഗ്രൂപ്പിനെക്കുറിച്ചായിരുന്നു ഞങ്ങളുടെ ചിന്ത. ഞങ്ങൾ ആ നിയമാവലി ഇംഗ്ലീഷിലേക്കു തർജ്ജമചെയ്തു. ആയിടെ, കുറച്ചിട എന്റെ തൊഴിൽ നഷ്ടപ്പെടുകയുമുണ്ടായി. അതൊരനുഗ്രഹമായിരുന്നു. ഒരു ജോസിസ്റ്റു ഗ്രൂപ്പു രൂപീകരിക്കാൻ ഞാൻ മുമ്പോട്ടുവന്നു. ഇന്ന് അത് ആലോചിക്കുമ്പോൾ എനിക്കു ചിരിവരുന്നു. എന്തെല്ലാം തെററുകളാണ് അന്നു ഞങ്ങൾ കാട്ടിക്കൂട്ടിയത്! ആൺകുട്ടികളും പെൺകുട്ടികളും ഇടകലർന്ന ഒരു ഗ്രൂപ്പാണ് ആദ്യം ഞങ്ങളുണ്ടാക്കിയത്! മാത്രമോ? അതിലുണ്ടായിരുന്നവർ മുഴുവൻ തൊഴിലാളികളുമായിരുന്നില്ല. രണ്ടു വിദ്യാർത്ഥികൾ, രണ്ടു ഗുമസ്തന്മാർ, ഒരു പ്രസ്സു തൊഴിലാളി, ഒരു പീടികത്തൊഴിലാളി, ജോലിയില്ലാത്ത ഞാൻ, വേറെ രണ്ടു മൂന്നു പലവക ജോലിക്കാർ—ഇതായിരുന്നു ആദ്യഗ്രൂപ്പിന്റെ രൂപം. അംഗങ്ങളുടെ വീടുകളിലാണു ഞങ്ങൾ സമ്മേളിച്ചിരുന്നത്. ഒടുവിൽ ഒരു പഴയ മുറി ഞങ്ങൾ വാടകയ്ക്കെടുത്തു. ഞങ്ങൾ അത് അലങ്കരിച്ചു ജോസിസ്റ്റുകൊടിയും ബോർഡും അവിടെ സ്ഥാപിച്ചു. ഞങ്ങൾക്കു ആദ്യനടപടികളിൽ പല തെററുകളും പററി. വളരെ വളരെ പരാജയങ്ങളും. ഒരു നൂതനാശയം നടപ്പിൽ വരുത്തുന്ന ഘട്ടത്തിൽ ഇതെല്ലാം

സംഭവ്യമാണല്ലോ. ഞങ്ങൾ ഒരു പ്രസംഗപരമ്പര സംഘടിപ്പിച്ചു. സാമൂഹികപ്രശ്നങ്ങളെക്കുറിച്ചും കലകളെക്കുറിച്ചും ചില മാന്യന്മാർ വന്നു പ്രസംഗങ്ങൾ നടത്തി. ഒരു ഡാൻസു നടത്തി ഫണ്ടുണ്ടാക്കി കുറെ പുസ്തകങ്ങൾ വരുത്തി. ഈ ഘട്ടത്തിൽ ഒരു സൈക്കിളപകടത്തിൽ എന്റെ കാലൊടിഞ്ഞു. കാലു പ്ലാസ്റ്ററിൽ ഇട്ടുകൊണ്ടു് അങ്ങനെ ഇരുന്നിരുന്ന ഞാൻ ആ നേരമൊക്കെ ജോസിസ്റ്റു നിയമാവലിയുടെ കോപ്പികൾ ടൈപ്പുചെയ്തുകൊണ്ടിരുന്നു. കാലു സുഖപ്പെടാൻ കുറച്ചു് ആഴ്ചകൾ എടുത്തു. വാസ്തവത്തിൽ ജോസിസത്തിന്റെ നാനാവശങ്ങളെക്കുറിച്ചു ഗാഢമായി ഞാൻ പഠിച്ചതു് ആ അവസരത്തിലാണു്."

ഇംഗ്ലണ്ടിലെ ജോസിസ്റ്റു പ്രസ്ഥാനത്തിന്റെ ചെറിയ തോതിലുള്ള ആരംഭത്തെപ്പററിയുള്ള ഹാരിട്ടോൾ ഫ്രീയുടെ വിവരണം എത്ര ചേതോഹരമല്ല! ഇംഗ്ലണ്ടിൽ 1934-ൽ ജന്മമെടുത്ത ആ സംഘടനാശിശുവിന്റെ വളർച്ച തികച്ചും ആരോഗ്യകരമായിരുന്നു. 1938 ആയപ്പോഴേക്കും ലണ്ടൻനഗരത്തിൽവച്ചു് ഒരു ദേശീയമഹാസമ്മേളനം നടത്തത്തക്കവണ്ണം ആ സംഘടന വികസിച്ചുകഴിഞ്ഞിരുന്നു. ഇന്നിപ്പോൾ ആയിരക്കണക്കിൽ ഇംഗ്ലീഷ്തൊഴിലാളികൾ ജോസിസ്റ്റു പതാകയുടെ കീഴിലൂടെയാണു മുന്നോട്ടു നീങ്ങുന്നതു്. ഇംഗ്ലണ്ടിലെ ജോസിസ്റ്റുസംഘടനയ്ക്കു നല്ല കെട്ടുറപ്പും പരിപക്വതവന്ന നേതൃത്വവുമുണ്ടു്. പ്രസിദ്ധീകരണകേന്ദ്രങ്ങൾ, ധ്യാനമന്ദിരങ്ങൾ, അദ്ധ്യയനമണ്ഡലങ്ങൾതുടങ്ങി വിവിധ സ്ഥാപനങ്ങൾ ആ സംഘടനയുടെ ആഭിമുഖ്യത്തിൽ നടക്കുന്നു.

കഴിഞ്ഞകൊല്ലം ജോസിസത്തിന്റെ ആ ജനയിതാവു്—വൃദ്ധനായ മൊ. കാർഡൈൻ—ഇംഗ്ലണ്ടു സന്ദർശിച്ച ഘട്ടത്തിൽ ജോസിസ്റ്റു ഗ്രൂപ്പുകൾ അദ്ദേഹത്തിനു നല്

കിയ സ്വീകരണം ഏററവും ഹൃദ്യവും ആവേശജനകവുമായി രുന്നു.

ഇന്നിപ്പോറം ഇംഗ്ലണ്ടിൽ 350 ജോസിസ്ററു ഗ്രൂപ്പു കഠം പ്രവത്തിക്കുന്നു. അന്നാട്ടിലെ ട്രെയിഡ്യൂണിയൻനേതൃസ്ഥാനങ്ങഠം പലതും അവർ കരസ്ഥമാക്കിക്കഴിഞ്ഞു. ജോസിസത്തിൽ സജീവപ്രവത്തനം നടത്തിയിരുന്ന രണ്ടുപേർ ഇന്നു ബ്രിട്ടീഷ് പാർലമെൻറിൽ മെമ്പറന്മാരാണ്. ഫ്രാൻസിലും ഇംഗ്ലണ്ടിലുമുണ്ടായ ഇതേ സ്വീകരണം ലോകത്തിൻെറ എല്ലാക്കോണുകളിലും ജോസിസത്തിനു സിദ്ധിച്ചുവരുന്നു.

ഈയിടെ, അർജൻറീനിയായിൽ പെറോണിൻെറ പേക്കൂത്തുകളെ അവസാനിപ്പിച്ചതിൽ അവിടത്തെ ജോസിസ്ററു ഗ്രൂപ്പുകഠംക്കു വലിയ പങ്കുണ്ട്. അവർ പെറോണിനോടു ധീരധീരം ആവശ്യപ്പെട്ടു: "ട്രെയിഡുയൂണിയനുകളെ സ്വതന്ത്രമായി പ്രവത്തിക്കുവാൻ അനുവദിക്കുക. കാരാഗൃഹത്തിൽ അടച്ച പ്രതിപക്ഷാംഗങ്ങളെ മോചിപ്പിക്കുക. എല്ലാ മർദ്ദനങ്ങളും അവസാനിപ്പിക്കുക. പൗരൻ, തൊഴിലാളി, മതവിശ്വാസി എന്നീ നിലകളിൽ ഓരോ വ്യക്തിക്കുമുള്ള അടിസ്ഥാനാവകാശങ്ങഠം അംഗീകരിക്കുക."

ഇതു കേട്ടപ്പോറം പെറോൺ പെട്ടെന്ന് അരിശംപൂണ്ട് അലറി. മർദ്ദനസംവിധാനങ്ങഠം ഒന്നുകൂടി മുറുകി. പക്ഷേ, അതൊന്നും അധികദിവസം നീണ്ടുനിന്നില്ല. ആ സവ്വാധിപതിക്കെതിരായി ജനങ്ങളെ അണിനിരത്താൻ രാജ്യത്തുടനീളം പ്രവത്തിക്കുന്ന ജോസിസ്ററുകഠംക്കു സാധിച്ചു. ഫലമോ? ഉറുഗ്വേക്കാരുടെ ഒരു കപ്പലിൽ അർജൻറീനായിലെ ആ ഉരുക്കുമനുഷ്യൻ ഓടിയൊളിക്കേണ്ടിവന്നു. അത്രയ്ക്കും സുശിക്ഷിതവും സുസംഘടിതവുമായിരുന്നു അർജൻറീനായിലെ യുവക്രൈസ്തവ തൊഴിലാളിപ്രസ്ഥാനം.

 14229 

മതേതരങ്ങളായ ഉറച്ച സെക്കുലർ ട്രെയിഡ്യൂണിയൻ പ്രസ്ഥാനങ്ങളുടെ ജന്മഭൂമിയെന്നു പ്രഖ്യാപിതമായ പശ്ചിമനാട്ടുകളിൽ പ്രത്യേകിച്ച് ഇംഗ്ലണ്ടിലും ഫ്രാൻസിലുമൊക്കെ എങ്ങനെയാണു ജോസിസത്തിനു വളരാനൊക്കുക എന്നു പലരും ശങ്കിച്ചിരുന്നു. കത്തോലിക്കാത്തൊഴിലാളികളുടെമാത്രമായ ഈ സംഘടന ഗുണത്തിനു പകരം ദോഷം ചെയ്യുമെന്നും ചിലർ വാദിച്ചിരുന്നു. എന്നിട്ടും ആദ്ധ്യാത്മികപ്രബുദ്ധമായ ജോസിസത്തിന്റെ പ്രഭാവം നാൾക്കുനാൾ വർദ്ധിച്ചുവരികയാണുണ്ടായതു്. ആദർശസിദ്ധവും നിർമ്മലസുന്ദരവുമായ ആ പ്രസ്ഥാനം ഇതാ എല്ലാ ഭൂഖണ്ഡങ്ങളിലേക്കും പടർന്നുപിടിച്ചിരിക്കയാണിന്നു്.

## ജോസിസത്തെപ്പററി പരിശുദ്ധ പിതാക്കന്മാർ

ആധുനികയുഗം തൊഴിലാളിലോകത്തിന്റെ തോളിലാണെന്നും തൊഴിലാളികളുടെ ധാർമ്മികവും സാമൂഹികവുമായ സുസ്ഥിതിയിലൂടെയാണു് ഇന്നു ക്രിസ്തുവിന്റെ മൗതികശരീരം പ്രഥമമായും പ്രധാനമായും വികസിക്കേണ്ടതെന്നും, ഈ ദൗത്യംഏറെറടുക്കാൻ പററിയ സംഘടന ജോസിസം (Y. C. W.)മാത്രമാണെന്നും ഹൃദിസ്ഥമാക്കിക്കൊണ്ടു് അങ്ങേ അററത്തെ അഭിനന്ദനവും പ്രോത്സാഹനവുമാണു മോൺസിഞ്ഞോർ കാർഡൈനിന്റെ ഈ പ്രസ്ഥാനത്തിനു പരിശുദ്ധ പിതാക്കന്മാർ നല്കിവന്നതു്.

ഭാഗ്യസ്മരണാർഹനായ പതിനൊന്നാംപീയൂസ് മാർപ്പാപ്പായുടെ നാമത്തിൽ കർദ്ദിനാൾ പച്ചെല്ലി (ഇന്നത്തെ പന്ത്രണ്ടാംപീയൂസ് തിരുമേനി) മോൺ. കാർഡൈനിനു് എഴുതിയ ഒരു കത്തിൽ ഇങ്ങനെ പറഞ്ഞിരുന്നു:

"മാർപ്പാപ്പായുടെ കണ്ണിൽ" ജോസിസം (Y.C.W.) കത്തോലിക്കാപ്രവർത്തനത്തിന്റെ ഉത്തമമാതൃകയാ

ണ്. ദൈവംതന്നെ ഈ സംഘടനയെ അംഗീകരിച്ചിട്ടുള്ളതായി തോന്നുന്നു"

കർട്ടിനാൾ വാൻറോയിക്കുള്ള കത്തിൽ പതിനൊന്നാം പീയൂസുപാപ്പാ പറയുന്നു:

"ഇന്നത്തേ ലോകത്തിന് ഏററവും പററിയ കത്തോലിക്കാപ്രവർത്തകസംഘടന ജോസിസമാണ്."

1937-ൽ കാർഡിനൽ വെർഡിയർക്കയച്ച ഒരു കത്തിൽ പതിനൊന്നാംപീയൂസ് തിരുമേനി പറയുന്നത് ഇങ്ങനെയാണ്: "നശീകരണശക്തികളെ തട്ടുത്തുനിറുത്തുവാനും തൊഴിലാളികളുടെ ആത്മാക്കളെ വീണ്ടെടുക്കുവാനും ദൈവപരിപാലനയാൽ ഉണ്ടായ ജോസിസം എന്ന പ്രസ്ഥാനത്തിൻെറ പ്രവർത്തനങ്ങളെ വികസിപ്പിക്കുകയും അഭിവൃദ്ധിപ്പെടുത്തുകയും ചെയ്യേണ്ടിയിരിക്കുന്നു."

പന്ത്രണ്ടാംപീയൂസ് തിരുമേനി ജോസിസത്തെ അഭിനന്ദിച്ചുകൊണ്ടു നല്കിയ പ്രബോധനത്തിലേ വാചകങ്ങൾ താഴെ ഉദ്ധരിക്കുന്നു:

"'ക്രിസ്തുവിൻെറ അനുഗാമികൾ', 'തൊഴിലാളികൾ' എന്ന, തങ്ങളുടെ ദ്വിവിധ ദൈവവിളികളെപ്പററി ശരിയായ ബോധമുള്ളവരും സുവിശേഷപ്രകാശത്തിലേക്കു തങ്ങളുടെ ജീവിതാന്തരീക്ഷത്തേയും സാഹചര്യങ്ങളേയും പരിവർത്തനം ചെയ്യിക്കുന്നതുവരെ വിശ്രമിക്കയില്ലെന്നു ദൃഢനിശ്ചയം ചെയ്തവരുമായ സജീവപ്രവർത്തകർ നമ്മുടെ ഫാക്ടറികളിലും തൊഴിൽസ്ഥലങ്ങളിലും ഉണ്ടാവുക എന്നതാണ്

ഇന്നത്തെ വലിയ ആവശ്യം: ഈ കർമ്മാത്മകരംഗം വഴി ലക്ഷക്കണക്കിൽ ആത്മാക്കളിലേക്കു സഭയുടെ ജീവദായകപ്രവർത്തനം പ്രവേശിക്കും. ഉന്നതമായ ഈ വേലയിൽ ഭാഗഭാക്കാകുവാൻ വിളിക്കപ്പെട്ടവരാണു സുശിക്ഷിതരായ ജോസിസ്ററുകൾ."

## വൈദികമേലദ്ധ്യക്ഷന്മാരുടെ ആശംസകൾ

# കാർഡിനൽ ഗ്രിഫിൻ

"ആധുനികലോകത്തിലെ പ്രമുഖവും ഫലദായകവുമായ ഒരു പ്രസ്ഥാനമാണു ജോസിസം, അഥവാ, യുവക്രൈസ്തവ തൊഴിലാളിസംഘടന. പ്രാർത്ഥനകൊണ്ടും പ്രവർത്തനംകൊണ്ടും ഈ രാജ്യത്തിലെ മുഴുവൻ തൊഴിലാളികളേയും ക്രിസ്തുനാഥനിലേക്കു തിരിച്ചുകൊണ്ടുവരാൻ ഇതിലെ അംഗങ്ങൾ ദൃഢപ്രതിജ്ഞ ചെയ്തിരിക്കുന്നു. കാലോചിതമായ പദ്ധതികളാണു് ഇവർ ആസൂത്രണം ചെയ്തിരിക്കുന്നതു്. തൊഴിൽ, കുടുംബജീവിതം, പൗരജീവിതം, ദേശീയജീവിതം എന്നീ നാനാമുഖങ്ങളായ ആധുനികപ്രശ്നങ്ങളെപ്പററിയും ഇവർ പഠിക്കുകയും സ്വവിശേഷപഠനങ്ങളും വിശ്വലേഖനങ്ങളിലൂടെ പ്രകടിതമായ സഭയുടെ പ്രബോധനങ്ങളുമായി അവയെ താരതമ്യംചെയ്തുനോക്കുകയും ചെയ്യുന്നു. നേരിട്ടു് അനുഭവങ്ങളിലൂടേയും ആദർശസഞ്ചയത്തിലൂടേയും എല്ലാവൈകല്യങ്ങൾക്കും പരിഹാരം കാണാൻ ഇവർ ശ്രമിക്കുന്നു. ഇവരുടെ സ്വാധീനശക്തി തികച്ചും വലിയതാണു്. ഫലസംദായകമായ ഈ പ്രസ്ഥാനം ഈ നാട്ടിൽ പടർന്നുപിടിച്ചു കാണാൻ ഞാനാഗ്രഹിക്കുന്നു."

## ആർച്ചുബിഷപ്പു ഡൗണി:

"തൊഴിലാളിവിഭാഗത്തിൽപ്പെട്ട യുവാക്കൾക്കും യുവതികൾക്കും തങ്ങളുടേതായ സ്വന്തം ഒരു സംഘടന ആവശ്യകമാണ്. തങ്ങൾ വിശ്വസിക്കുന്ന മതം ജീവിതത്തിലെ എല്ലാ പ്രശ്നങ്ങൾക്കും സമർത്ഥമായ പരിഹാരം നിർദ്ദേശിക്കുന്നുണ്ടെന്നു മനസ്സിലാക്കുവാനും ആത്മവിശ്വാസത്തോടെ വ്യാപരിക്കാനും തൊഴിലാളികൾ എന്ന നിലയിൽ സ്വയം അഭിമാനപുളകിതരാകാനും ഇങ്ങനെയൊരു പ്രസ്ഥാനം കൂടിയേ കഴിയൂ."

## ജോസിസത്തിൻെറ പ്രവർത്തനരീതി

ജോസിസ്ററുകളുടെ മുഖ്യമുദ്രാവാക്യങ്ങൾ മൂന്നാണ്: കാണുക; വിധിക്കുക, പ്രവർത്തിക്കുക (See, Judge, Act). മറെറാരുവിധത്തിൽപ്പറഞ്ഞാൽ, നിസ്തന്ദ്രനിരീക്ഷണവും നിശ്ചിതനിഗമനവും നിതാന്തസേവനവുമടങ്ങിയ ഒരു ത്രിമുഖ പരിപാടിയാണ് അവരുടേതു്. ഈ മൂന്നു ക്രിയാരൂപങ്ങളിൽ അവരുടെ എല്ലാ രംഗങ്ങളും അടങ്ങുന്നു.

### കാണുക

ചിലർ ചോദിക്കും: "കാണുകയോ? അതിനെന്തിനാണു പ്രത്യേകമൊരു സംഘടന? സംഘടനയില്ലെങ്കിലും കണ്ടുകൂടേ? സമാധാനം പറയാം:

എല്ലാവരും കാണുന്നുണ്ട്. ശരിതന്നെ. എന്നാൽ, ഒരു ജോസിസ്റ്റിൻെറ കാഴ്ചയും സാധാരണക്കാരൻെറ കാഴ്ചയും തമ്മിൽ വ്യത്യാസമുണ്ട്. ദരിദ്രരെ നാം കണ്ടിട്ടുണ്ട്; എന്നാൽ, അവർ ദരിദ്രരായ സാഹചര്യങ്ങളോ അവരെ ദരിദ്ര

രാക്കിയ കാരണങ്ങളോ നാം കണ്ടിട്ടുണ്ടോ? പാപികളെ നാം കാണാറില്ലേ? എന്നാൽ, അവരെ പാപികളാക്കിയ പശ്ചാത്തലം നാം അന്വേഷിച്ചിട്ടുണ്ടോ? തൊഴിലില്ലാതെ അലഞ്ഞുതിരിയുന്നവർ അയിരംതവണ നമ്മുടെ കണ്ണിൽപ്പെട്ടു; എന്നാൽ, ഈ തൊഴിലില്ലാപ്രശ്നത്തിൻെറ ഭീകരരൂപം അതിൻെറ ശരിയായ നിറത്തിൽ നാം ദർശിച്ചിട്ടുണ്ടോ? ദാരിദ്ര്യം അനുഭവിക്കുന്നവർ ഭൂമുഖത്തുണ്ടെന്നു നമുക്കറിയാം; എന്നാൽ, സ്വന്തം ഗ്രാമത്തിൽ സ്വന്തം അയൽവക്കത്ത്, സ്വന്തം ഇടവകയിൽ, സ്വന്തം പട്ടണത്തിൽ വിശന്നുപൊരിയുന്ന വ്യക്തികൾ ആരെല്ലാമെന്നു നമുക്കു വല്ല തിട്ടവും ഉണ്ടോ? അവരുടെ ആ വിശപ്പ് എമ്മാത്രം ദാരുണമാണെന്നും ആ ദാരിദ്ര്യം എത്ര പിഞ്ചുകുഞ്ഞുങ്ങളെ പിത്തം പിടിപ്പിച്ചിട്ടുണ്ടെന്നും എത്ര പെററമ്മമാരെ പേക്കോലങ്ങളാക്കിയിട്ടുണ്ടെന്നും നാം ആരാഞ്ഞിട്ടുണ്ടോ?

ഒരു ജോസിസ്ററു വിദഗ്ധനായ ഒരു വീക്ഷകനായിരിക്കും. അവനെ ഉത്തമനായ ട്രെയിഡ്യൂണിയൻ പ്രവത്തകനാക്കുന്നതും ഈ വീക്ഷണശീലമാണ്. "കാണുക" എന്ന മുദ്രാവാക്യത്തിന് ആഴംകൂടിയ ഒരത്ഥഗാംഭീര്യമുണ്ടെന്ന് അവനറിയാം.

## വിധിക്കുക

ഒന്നു കണ്ടുകഴിഞ്ഞാൽ ഒരലസമനോഭാവത്തോടെ അങ്ങു കണ്ണടച്ചുമാറുന്നവനല്ല ഒരു ജോസിസ്ററ്. കണ്ടകാര്യങ്ങളെപ്പററി ചിന്തിക്കുകയും ഉറച്ച ഒരു വിധിയിൽ—തീരുമാനത്തിൽ— അവൻ എത്തുകയും ചെയ്യുന്നു. ആടിയിളകുന്ന ഒരു പ്രകൃതിക്കാരനല്ല അവൻ. ഉലയാത്ത, ഉറച്ച നിഗമനങ്ങളാണ് അവൻെറ ശക്തിവിശേഷം. സാമൂഹികവും സാമ്പത്തികവും മതാത്മകവുമായ, എന്നുവേണ്ടാ, ജീവിതത്തിൽ തനിക്കും തൻെറ സഹോദരർക്കും അഭിമുഖീകരിക്കേണ്ടിവ

ുന്ന എല്ലാ പ്രശ്നങ്ങളേയുംകുറിച്ച് ഒരു സുനിശ്ചിതനിഗമനത്തിൽ അവൻ എത്തിച്ചേരുന്നു. ഉപരിപ്ളവമായ മുൻവിധികൾക്ക് അവൻ വിധേയനാകുന്നില്ല. കാര്യങ്ങളെ യഥാതഥം കാണുന്നതിനാലും അവയുടെ കാരണങ്ങളെ സത്യാന്വേഷണബുദ്ധ്യാ ആരായുന്നതിനാലും ഒരു ജോസിസ്റ്റിന്റെ നിഗമനങ്ങൾ പിശകുന്നില്ല.

## പ്രവർത്തിക്കുക

വീക്ഷണവും വിധിയും കഴിഞ്ഞാൽ പിന്നത്തെ പരിപാടി പ്രവർത്തനമാണ്. അപ്പോഴേ തന്റെ കടമ കഴിയുന്നുള്ളു എന്ന് ഒരു ജോസിസ്റ്റിനറിയാം.

കാണുകമാത്രം ചെയ്ത്, വിധിക്കാനോ പ്രവർത്തിക്കാനോ മെനക്കെടാതെ കടന്നുപോകുന്നവരിൽനിന്നും, കാണുകയും വിധിക്കുകയും ചെയ്തിട്ടും ഒന്നും പ്രവർത്തിക്കാതെ മുരഞ്ഞിരിക്കുന്നവരിൽനിന്നും അവൻ വ്യത്യസ്തനാണ്. വെറും വട്ടമേശവർത്തമാനങ്ങളിൽ അവസാനിക്കുന്ന വീക്ഷണവൃത്തങ്ങളല്ല അവന്റേത്. കർമ്മഭീരുക്കൾ പുറപ്പെടുവിക്കുന്ന വിധിവാക്യങ്ങളിൽ അവൻ വിശ്വസിക്കുന്നുമില്ല. കാണുക, വിധിക്കുക, പ്രവർത്തിക്കുക എന്ന പദത്രയം അഹോരാത്രം അവന്റെ ചെവിയിൽ പ്രതിധ്വനിക്കുന്നു. ആ ത്രിമുഖകർമ്മാത്മകതത്വത്തിലാണ് അവന്റെ ആനന്ദാനുഭൂതി. "Discussion for action and action for discussion"– പ്രവർത്തനങ്ങൾക്കായി ചർച്ചകൾ– ചർച്ചകൾക്കായി പ്രവർത്തനങ്ങൾ– ഇതാണ് അവന്റെ ആദർശം. സ്വന്തം പ്രവർത്തനങ്ങളെ സഹപ്രവർത്തകർ വീക്ഷിക്കുകയും വിമർശനവിധികൾ പുറപ്പെടുവിക്കുകയും ചെയ്യുമ്പോൾ അതു കൂടുതൽ പൂർണ്ണവും ഫലപ്രദവുമായ ഭാവിപ്രവർത്തനങ്ങൾക്കുള്ള ചവിട്ടുപടികളായി അവൻ പരിഗണിക്കുന്നു.

ഈ ത്രിവിധപരിപാടി രണ്ടുവിധത്തിലാണു ജോസി

സ്ററുകഠം നിവ്വഹിക്കുക—വ്യക്തിഗതമായും സംഘാതമായും.

വ്യക്തിഗതമായ വീക്ഷണങ്ങളും വിധികളും പ്രവത്തനങ്ങളും സംഘാതമായ വീക്ഷണങ്ങഠംക്കും വിധികഠംക്കും പ്രവത്തനങ്ങഠംക്കും വിധേയമാക്കുന്നതിലാണു ജോസിസത്തിൻെറ വിജയം അടങ്ങിയിരിക്കുന്നതു്. ആത്മാത്ഥവും ആദ്ധ്യാത്മികപ്രബുദ്ധവും ആദർശനിഷ്ഠവുമായ ആശയവിനിമയങ്ങഠംക്കും ആർജ്ജവം തുളുമ്പുന്ന വിമർശനങ്ങഠംക്കും സ്നേഹനിർഭരങ്ങളും സംഘടിതങ്ങളുമായ സംയുക്തസേവനങ്ങഠംക്കും അവരെ സമത്ഥരാക്കുന്നതു് ഈ പരിശീലനമാണു്.

## സംഘടനാസ്വഭാവം

### പാരിഷ്സെക്ഷൻ

പതിന്നാലുവയസ്സിനും ഇരുപത്തിയഞ്ചുവയസ്സിനും ഇടയിലുള്ള അവിവാഹിതരായ തൊഴിലാളികളെമാത്രമേ ജോസിസ്ററുസംഘടനയിൽ ചേക്കാവൂ എന്നാണു പൊതുനിബന്ധന. ആദ്യഘടകം പാരിഷ്സെക്ഷൻ (Parish Section) ആണ്. ഓരോ പാരിഷ്സെക്ഷൻെറ കീഴിലും ഒരു "ലീഡേഴ്സ് ഗ്രൂപ്പ്" ഉണ്ടാകും. Inquiry Group (അന്വേഷണഗ്രൂപ്പ്) എന്നും ഇതിനെ വിളിക്കുന്നു. മൂന്നുമുതൽ പതിനഞ്ചുവരെ അംഗങ്ങഠം ഈ ഗ്രൂപ്പിൽ ഉണ്ടായിരിക്കും. പ്രസ്ഥാനത്തിൻെറ സജീവപ്രവത്തകരായിരിക്കും ഇവർ. മററുള്ളവരെ നയിക്കാനും അധർമ്മത്തോടു് അടരാടാനും കച്ചകെട്ടിയിറങ്ങിയവരാണ് ഇവർ. തന്മൂലമാണ് ഇവരെ "ലീഡേഴ്സ്ഗ്രൂപ്പ്" എന്നും "മിലിററൻസ്" എന്നും വിളിക്കുന്നതു്. പാരിഷ്ഘടകത്തിൻെറ ന്യൂക്ലിയസ് (ബീജകേന്ദ്രം) ഈ ഇൻക്വയറിഗ്രൂപ്പും ലീഡേഴ്സ് എന്നറിയപ്പെടുന്ന അതിലേ അംഗങ്ങ

ളമാണ്. ലക്ഷക്കണക്കിൽ തൊഴിലാളികളെ അണിനിര ത്തിക്കഴിഞ്ഞിട്ടുള്ള ഒരു വിശ്വവ്യാപകപ്രസ്ഥാനമായ ജോസിസത്തിൻെറ പ്രഥമശക്തികേന്ദ്രമാണ് ഈ ലീഡേഴ്സ് ഗ്രൂപ്പ്. ഇവരാണു സാക്ഷാൽ ജോസിസ്ററുയോദ്ധാക്കൾ. പാരിഷ്സെക്ഷൻെറ പരിപാടികൾക്കു രൂപംകൊടുക്കുന്നതും അംഗങ്ങളെ പരിശീലനം നല്കി പ്രവത്തനോന്മുഖരാക്കുന്നതും സംഘടനയെ വികസിപ്പിക്കുന്നതുമെല്ലാം ഇവരാണ്. ടീം സ്പിരിററ് (സംഘടിതപ്രവത്തനാഭിരുചി) ഉദ്ദീപിപ്പിക്കാനും തുറന്ന ചച്ചകളിലൂടെ ഉറച്ച തീരുമാനങ്ങളിലെത്താനും പ്ലാനോടും പരിപാടിയോടുംകൂടി പതറാതെ മുന്നേറാനും അവർ പഠിക്കുന്നു. ഓരോ ലീഡറും തങ്ങളുടെ തൊഴിൽസ്ഥലത്തുനിന്നോ അയൽവക്കത്തുനിന്നോ ചില സുഹൃത്തുക്കളെ കണ്ടുപിടിക്കുകയും, നാലുപേർ തികഞ്ഞാൽ, മെമ്പർഷിപ്പു നല്കി തൻെറ കീഴിൽ അവരെ ഒരു ടീമായി അണിനിരത്തുകയും ചെയ്യുന്നു. ഈ ചെറുചെറു ടീമുകളിലുള്ള ഒട്ടാകെ മെമ്പർമാർകൂടിയതാണ് ഒരിടവകഘടകത്തിൻെറ ജനറൽബോഡി. മാസത്തിലൊരിക്കൽ ഈ ജനറൽ ബോഡി സമ്മേളിക്കും. ഇടവകയിലുള്ള എല്ലാ ടീമുകളിലേയും മെമ്പർമാർ ഒന്നിച്ചൊരിടത്തു കണ്ടുമുട്ടുന്നതും ആശയവിനിമയം ചെയ്യുന്നതും ഭാവിപരിപാടികൾ നിശ്ചയിക്കുന്നതും അപ്പോഴാണ്. എന്നാൽ, ലീഡേഴ്സ്ഗ്രൂപ്പ് ആഴ്ചതോറും സമ്മേളിക്കണം. ഓരോ ലീഡറും അവനവൻെറ പ്രവത്തനറിപ്പോർട്ട് ഈ പ്രതിവാരയോഗത്തിൽ സമർപ്പിക്കുന്നു. പ്രതിവാരയോഗച്ചടങ്ങിൽ പ്രധാനമായുള്ളതു് സുവിശേഷാന്വേഷണവും സാമൂഹികാന്വേഷണവുമാണ്.(Gospel enquiry and Social enquiry). സുവിശേഷപ്രബോധനങ്ങളിലൂടെ എല്ലാ പ്രശ്നങ്ങളേയും നേരിടാനും സങ്കീണ്ണങ്ങളായ സാമൂഹികപ്രശ്നങ്ങൾക്കു സമ്യക്കായ പരിഹാരങ്ങൾ കണ്ടുപിടിക്കാനും ലീഡർമാരെ പ്രാപ്തരാക്കുന്നതു് ഈ പ്രതിവാരപരിശീലനമാണ്.

ടീമിലെ ഒരു സാധാരണ തൊഴിലാളി കുറച്ചുമാസത്തെ പരിശീലനത്തിനുശേഷം ലീഡേഴ്സ് ഗ്രൂപ്പിലേക്ക് എടുക്കപ്പെടുകയും തുടർന്ന് അവൻെറ നേതൃത്വത്തിൽ പുതിയപുതിയ ടീമുകൾ രൂപംകൊള്ളുകയും അങ്ങനെ ജോസിസം കാട്ടുതീപോലെ എല്ലാ ഫാക്ടറികളിലേക്കും ഓഫീസുകളിലേക്കും തൊഴിൽസ്ഥലങ്ങളിലേക്കും പടർന്നുപിടിക്കുകയും ചെയ്യുന്നു.

പാരിഷ്സെക്ഷൻെറ ഭരണകാര്യങ്ങൾ നടത്തുന്നത് ഒരു കമ്മിററിയാണ്. സെക്ഷൻെറ പ്രസിഡൻറ്, സെക്രട്ടറി, ട്രെഷറർ, പ്രത്യേകചുമതലകൾ ഏറെറടുത്തിട്ടുള്ള മൂന്നോ നാലോ ലീഡർമാർ, ചാപ്ളയിൻ—ഇവരടങ്ങിയതാണ് ഈ പാരിഷ്കമ്മിററി. യോഗങ്ങൾ വിളിച്ചുകൂട്ടുക, തൊഴിലാളിധ്യാനങ്ങൾ നടത്തുക, മേൽഘടകങ്ങളുമായി ബന്ധം പുലർത്തുക, പ്രാദേശികവും ദേശീയവും അന്തർദ്ദേശീയവുമായ ജോസിസ്ററുസംരംഭങ്ങൾക്കു പശ്ചാത്തലം ഒരുക്കുക— ഇവയെല്ലാമാണ് ഈ കമ്മിററിയുടെ ചുമതലകൾ.

## റീജിയനൽ ഫെഡറേഷൻ

പാരിഷ്ഘടനകളെ നിയന്ത്രിക്കാനും ഇടവകയടിസ്ഥാനത്തിൽ ഒതുങ്ങാത്ത വിപുലമായ പ്രവർത്തനങ്ങൾ സംഘടിപ്പിക്കാനും മററുമായി കുറെ പാരിഷ്ഘടനകൾ ചേർന്നുകൊണ്ടു രൂപീകരിക്കുന്നതാണു "റീജിയനൽ ഫെഡറേഷൻ. സ്വന്തം ഇടവകയുടെ അതിർത്തിവിട്ട് അപ്പുറത്തേക്കു തിരിഞ്ഞുനോക്കാൻ സമ്മതിക്കാത്ത ആ സങ്കുചിതമനോഭാവം ഇല്ലായ്മചെയ്യാനും പല ഇടവകകളിലെ ചെറുപ്പക്കാർ ഒത്തുകൂടി നടത്തുന്ന സംയുക്തപ്രവർത്തനത്തിൻെറ പ്രത്യേകനേട്ടങ്ങൾ പ്രകടമാക്കാനും റീജിയനൽ ഘടകങ്ങൾക്കു കഴിയുന്നു. പാരിഷ്സെക്ഷനിൽനിന്നുള്ള വിദഗ്ധരായ ലീഡർമാരായി

3

രിക്കും റീജിയനൽപ്രവർത്തനം നടത്തുന്നത്. അവരുടെ ആദ്ധ്യാത്മികനേതൃത്വം വഹിച്ചുപോരാൻ ഒരു റീജിയനൽ ചാപ്ളയിനും ഉണ്ടായിരിക്കും.

## നാഷണൽ ഫെഡറേഷൻ

ഒരു രാജ്യത്തിന്റെ നാനാഭാഗങ്ങളിലും പ്രവർത്തിക്കുന്ന പാരിഷ്സെക്ഷനുകളുടേയും റീജിയനൽ സെക്ഷനുകളുടേയും റീജിയനൽ ഫെഡറേഷനുകളുടേയും പ്രവർത്തനങ്ങളെ പരിശോധിക്കാനും അവക്ക് അപ്പോഴപ്പോൾ പ്രേരണയും പ്രചോദനവും നല്കാനും നിർദ്ദിഷ്ടസരണിയിലൂടെ സംഘടനയെ നയിക്കാനും ഉള്ള ഒരു ദേശീയഘടകമാണു നാഷണൽ ഫെഡറേഷൻ. ഒരു നാഷണൽ ചാപ്ലയിനും ഒരു നാഷണൽ കമ്മിററിയും ഇതിനുണ്ടായിരിക്കും. കൂടാതെ, ദേശീയമായ അടിസ്ഥാനത്തിൽ മുഴുവൻസമയപ്രചാരകന്മാരേയും സംഘടനാപ്രവർത്തകന്മാരേയും നിയമിച്ചുകൊണ്ടു പ്രസ്ഥാനത്തെ പുഷ്ടിപ്പെടുത്തുന്നതും നാഷണൽ ഫെഡറേഷനാണ്. രാജ്യത്തെ മുഴുവൻ തൊഴിലാളികളുടേയും നാനാതരം പ്രശ്നങ്ങളെ ശാസ്ത്രീയമായി വിശകലനം ചെയ്തു സാമൂഹികസുസ്ഥിതിക്കുതകുന്ന പുരോഗമനമാർഗ്ഗങ്ങളിലൂടെ അവയ്ക്കു പരിഹാരം കാണാൻ ഈ നാഷനൽഘടകങ്ങൾ ചെലുത്തുന്ന സ്വാധീനശക്തി അത്ഭുതാവഹമാണ്. "സുവിശേഷാന്വേഷണം", സാമൂഹികാന്വേഷണം" തുടങ്ങിയുള്ള പഠനരീതികൾ പ്ളാൻ ചെയ്യുന്നതും ഇവരാണ്. ദേശീയമായ അടിസ്ഥാനത്തിൽ സാമൂഹികസേവനപദ്ധതികൾ ആവിഷ്കരിക്കുക, പ്രസിദ്ധീകരണസ്ഥാപനങ്ങൾ ആരംഭിക്കുക, ഗവണ്മെൻറും മററു് അധികൃതവൃത്തങ്ങളുമായി സാമീപ്യബന്ധം പുലത്തുക തുടങ്ങിയ പ്രധാനപ്രവർത്തനങ്ങൾ നാഷണൽ ഫെഡറേഷന്റെ പരിധിയിൽപ്പെടുന്നു.

ഇടവകഘടകം ഇടവകവികാരിയുടേയും, രൂപതയിലു ള്ള മുഴുവൻ പ്രവത്തനങ്ങൾ അതതു രൂപതാദ്ധ്യക്ഷന്മാരുടേ യും നാഷണൽ ഫെഡറേഷൻെറ പ്രവത്തനം ആ രാജ്യത്തെ മുഴുവൻ ഹൈരാക്കിയുടേയും മേൽനോട്ടത്തിലാണു നടക്കുക. ചാപ്ളയിൻമാരെ നിർദ്ദേശിക്കുന്നതും രൂപതാദ്ധ്യക്ഷന്മാ രാണു്.

## ഇൻറർനാഷണൽ കേന്ദ്രം

തൊഴിലാളിവർഗ്ഗത്തിൻെറ പൊതുപ്രശ്നങ്ങൾക്കുള്ള ലോകവ്യാപകത്വവും അന്തർദ്ദേശീയപ്രസക്തിയുമാണു ജോ സിസത്തിന് ഒരു ഇൻറർനാഷണൽകേന്ദ്രം ഉണ്ടാകാൻ ഇ ടവരുത്തിയതു്. ഇംഗ്ലണ്ട്, ഫ്രാൻസ് തുടങ്ങി 60 രാജ്യങ്ങളി ലേ നാഷണൽ ഫെഡറേഷനുകളെ സംയോജിപ്പിച്ചുകൊണ്ടു ള്ള ഈ അന്തർദ്ദേശീയ തൊഴിലാളികേന്ദ്രം സ്ഥിതിചെയ്യു ന്നതു ജോസിസം മുളച്ചുപൊങ്ങിയ ബ്രസ്സൽസ് നഗരത്തി ലാണു്. 1947-ൽ ഇൻറർനാഷണൽസെക്രട്ടറിയായി തിര ഞ്ഞെടുക്കപ്പെട്ടതു് ഇംഗ്ലണ്ടിലേ ജോസിസ്റ്റുനേതാവായ മിസ്റ്റർ പാററ് കീഗൻ (Pat Keegan) ആണെന്ന വസ്തുത ജോ സിസ്റ്റുപ്രസ്ഥാനത്തിൻെറ വിശ്വവിശാലത്വം വ്യക്തമാ ക്കുന്നു. ഈ ഇൻറർനാഷണൽകേന്ദ്രത്തിന് ഇന്നും പ്രബുദ്ധത കൊടുക്കുന്നതു ജോസിസത്തിൻെറ ജനയിതാവായ മൊൺ സിഞ്ഞോർ കാർഡെൻതന്നെയാണു്. ഐക്യരാഷ്ട്രസം ഘടനയും E. S. C; U. N. E. S. C. O.; I. L. O തുടങ്ങി അ ഖിലലോകാടിസ്ഥാനത്തിലുള്ള സംഘങ്ങളും ജോസിസ്റ്റു പ്രസ്ഥാനത്തിൻെറ സ്വാധീനശക്തിയെ വകവച്ചുകൊടുക്കു കയും Y. C. W. പ്രതിനിധികൾക്ക് ആ സമിതികളിൽ സ്ഥാനങ്ങൾ നീക്കിവയ്ക്കുകയും ചെയ്തിരിക്കുന്നു.

# ജോസിസം കേരളത്തിൽ

15 രൂപതകളിലും ആയിരത്തിലധികം ഇടവകകളിലുമായി 25 ലക്ഷം കത്തോലിക്കർ പരന്നുകിടക്കുന്ന ഒരു നാടാണു കേരളം. ഈ ഇരുപത്തഞ്ചുലക്ഷത്തിൽ, ചുരുങ്ങിയത് അഞ്ചുലക്ഷമെങ്കിലും യുവതൊഴിലാളികൾ ഉണ്ടാകും. വലിയ ഫാക്ടറികളിലും ചെറുകിട വ്യവസായകേന്ദ്രങ്ങളിലും എസ്റ്റേറ്റുകളിലും കുടിൽവ്യവസായങ്ങളിലുമായി അവർ കാലയാപനം ചെയ്യുന്നു. ഒരുദാഹരണം: ആലുവായിൽനിന്ന് എർണാകുളത്തേക്ക് ഏറിയാൽ പന്ത്രണ്ടുമൈലേ ദൂരമുള്ളു. ഒരു ഇരുപതുകൊല്ലംമുമ്പ് ഒന്നോ രണ്ടോ വ്യവസായശാലകളേ ഇവിടെ കാണുമാനുണ്ടായിരുന്നുള്ളു. എന്നാൽ, ഇന്നീസ്ഥലം കേരളത്തിന്റെ ലങ്കാഷയറായിത്തീർന്നിരിക്കയാണ്. ഇരുപതിൽപ്പരം വൻകിടഫാക്ടറികളടക്കം നൂറിൽപ്പരം വ്യവസായശാലകൾ ഇവിടെ പൊങ്ങിവന്നിരിക്കുന്നു. സംഘടിതതൊഴിലാളികൾതന്നെ 50,000-ൽക്കൂടും, കുടിൽവ്യവസായങ്ങളിലും ചെറുകിട വ്യവസായങ്ങളിലും ഉള്ളവരെ ഉൾപ്പെടുത്താതെ. ഈ അൻപതിനായിരത്തിൽ എങ്ങനെ വന്നാലും ഒരു പതിനയ്യായിരം കത്തോലിക്കാതൊഴിലാളികൾ കാണും.

ഇതുതന്നെയാണ് ആലപ്പുഴയിലേയും കൊല്ലത്തേയും കോട്ടയത്തേയും കോഴിക്കോട്ടേയും തൃശ്ശൂരിലേയുമെല്ലാം സ്ഥിതി. വലിയ സാമൂഹികപരിവർത്തനങ്ങൾ ദ്രുതഗതിയിൽ നടന്നുകൊണ്ടിരിക്കുന്നു. കാലം നമ്മെ കാത്തുനില്ക്കാതെ അതിശീഘ്രം ഓടുകയാണ്. ഒററ മിനിട്ടു വൈകാതെ നാം ഒപ്പം ഓടാൻ തുടങ്ങിയില്ലെങ്കിൽ ഭാവി ഭയാനകമാകാൻ ഇടയുണ്ട്.

# കത്തോലിക്കാവൈദികരും തൊഴിലാളി പ്രവർത്തനവും

അതതുകാലങ്ങളിൽ തലപൊക്കുന്ന സജീവങ്ങളായ സകല പ്രശ്നങ്ങളേയും വിജയപൂർവ്വം അഭിമുഖീകരിക്കുന്നുവെന്നതിലാണു കത്തോലിക്കാസഭയുടെ യുവത്വം സ്ഥിതി ചെയ്യുന്നതു്. കാലത്തിന്റെ ചിഹ്നങ്ങളെ ക്രാന്തദർശിത്വത്തോടെ കൈകാര്യം ചെയ്യുന്നതിൽ അവൾ കാണിക്കുന്ന വൈദഗ്ദ്ധ്യം അത്ഭുതകരമത്രേ. വിശിഷ്യ, ഈ ആധുനികനൂററാണ്ടുകളിൽ ഉണ്ടായിവന്ന സാമൂഹികപ്രശ്നങ്ങളെ നേരിടുന്നതിൽ സഭ കാണിച്ചിട്ടുള്ള കഴിവു് അവളുടെ ശത്രുക്കളെക്കൂടി വിസ്മയിപ്പിക്കുന്നു.

മോൺസിഞ്ഞോർ മോണ്ടിനിയെപ്പററി നാം കേട്ടിട്ടുണ്ടു്. വത്തിക്കാൻ രാജ്യതന്ത്രാലയത്തിലെ ഒരു തിളങ്ങുന്ന നക്ഷത്രമായിരുന്നു അദ്ദേഹം. “പേപ്പൽ പ്രോ- സെക്രട്ടറി ഓഫ് സ്റ്റേററു്” എന്ന ഉന്നതസ്ഥാനം വഹിച്ചിരുന്ന ആ വന്ദ്യതിരുമേനി കഴിഞ്ഞകൊല്ലം മിലാൻമെത്രാപ്പോലീത്തായായി തിരഞ്ഞെടുക്കപ്പെടുകയാണുണ്ടായതു്. 30 ലക്ഷം കത്തോലിക്കരുള്ള ഒരു വലിയ അതിരൂപതയാണു മിലാൻ. ആ സംപൂജ്യതിരുമേനി മെത്രാപ്പോലീത്താസിംഹാസനത്തിൽ ആവിഷ്ടനായി ആദ്യം ചെയ്തതു്, മിലാനിലെ വ്യവസായത്തൊഴിലാളികൾക്കായി ഒരു ദിവ്യപൂജയർപ്പിക്കുകയാണു്. ആയിടെ വൈദികന്മാരോടായി ചെയ്ത ഒരാഹ്വാനത്തിൽ തിരുമേനി ഇങ്ങനെ പറഞ്ഞു: “പള്ളിയിലെ മണികൊട്ടിയതുകൊണ്ടുമാത്രമായില്ല. ആരും അതു കേൾക്കുകയില്ല. പ്രത്യുത, ഫാക്ടറികളിൽനിന്നുള്ള സൈറൺവിളികൾ വൈദികർ ശ്രവിക്കട്ടെ. ആധുനികലോകം ജീവിക്കുന്നതും

ശ്വസിക്കുന്നതും അവിടെയാണു്. അതാണു ശാസ്ത്രീയവിജയത്തിന്റെ ക്ഷേത്രങ്ങൾ”

(Ref: Catholic Herald, London Dec. 31st 1954)

മോൺസിഞ്ഞോർ മോണ്ടീനി അനുഭവങ്ങളുടെ അഗാധത്തിൽനിന്നു സംസാരിക്കുന്നതു കണ്ടോ! പല കത്തോലിക്കാരാജ്യങ്ങളും നിർമ്മതക്കാരുടേയും നിരീശ്വരന്മാരുടേയും നൂത്തരംഗങ്ങളായതു“സൈറൺവിളികൾ”കേൾക്കാൻ നാം തുനിയാഞ്ഞതുകൊണ്ടാണെന്നു് ആ വന്ദ്യതിരുമേനിക്കറിയാം.

വൈദികന്മാരെല്ലാം ദൈവാലയംവിട്ടു ഫാക്ടറികളിൽ പോകണമെന്നോ ആദ്ധ്യാത്മികദൌത്യമെല്ലാം ഉപേക്ഷിച്ചു കൂലികളും ബോണസ്സിനുംവേണ്ടി പ്രക്ഷോഭണം നടത്തണമെന്നോ അല്ല ഈ ആഹ്വാനത്തിന്റെ വിവക്ഷ. പ്രത്യുത, കാലത്തിന്റെ ഗതിവിഗതികൾ കാലേകൂട്ടി കാണണമെന്നും കത്തോലിക്കാസാമൂഹികസിദ്ധാന്തങ്ങളിൽ ഉറച്ചുനിന്നു ധീരമായി മുന്നേറുന്ന ധാരാളം അൽമായ നേതാക്കളെ വാർത്തെടുക്കണമെന്നുമാണു തിരുമേനി ഉദ്ദേശിക്കുന്നതു്. പന്ത്രണ്ടാംപീയൂസ് തിരുമേനി ഈ വിഷയത്തെക്കുറിച്ചു ഹൃദയസ്പൃക്കായി പ്രസ്താവിക്കുന്നതു നോക്കുക: “എനിക്കു ചാക്രികലേഖനങ്ങൾ എഴുതാനും റേഡിയോവിലൂടെ പ്രസംഗിക്കാനും സാധിക്കും. സാമൂഹികതത്വങ്ങളെ പുരസ്കരിച്ചു ലേഖനങ്ങൾ എഴുതാനും എനിക്കു സാധിക്കും. എന്നാൽ, ഫാക്ടറികളിലേക്കും ഷോപ്പിലേക്കും ഓഫീസുകളിലേക്കും ഖനികളിലേക്കും പോകുവാൻ എനിക്കു കഴിയുകയില്ല; മെത്രാന്മാർക്കും വൈദികന്മാർക്കും സാധിക്കുകയില്ല. എന്തുകൊണ്ടെന്നാൽ, പ്രസ്തുത സ്ഥലങ്ങളിൽ അവർക്കു പ്രവേശനമില്ല. അയതിനാൽ, സുസംഘടിതരായ ആയിരമായിരം അൽമായപ്രേഷിതരെ സഭയ്ക്കാവശ്യമുണ്ടു്, തൊഴിലാളിരംഗങ്ങളിൽ സഭയുടെ പ്രതിനിധ്യം വഹിക്കുവാൻ” (From a letter to Mgr. Cardigin).

തൊഴിലാളിരംഗത്തു സഭയുടെ പ്രാതിനിധ്യം വഹിക്കുന്ന ആയിരമായിരം അല്മായ പ്രേഷിതർ വേണമെന്നു പരിശുദ്ധ പിതാവു് ആഗ്രഹിക്കുന്നു. കേരളത്തെസ്സംബന്ധിച്ചിടത്തോളം തൊഴിലാളിരംഗത്തു് എത്ര അൽമായ പ്രേഷിതർ നമുക്കുണ്ടു്? പരി. പിതാവിൻെറ ആഹ്വാനം നമ്മെസ്സംബന്ധിച്ചിടത്തോളം കേവലം വനരോദനമായി കലാശിക്കുകയല്ലേ ചെയ്തിരിക്കുന്നതു്? മുണ്ടക്കയം എസ്റ്റേററിൽ റബ്ബർ എടുക്കുന്ന ചാക്കോച്ചനു് എന്തുകൊണ്ടാണു മലമ്പനി പിടിപെട്ടതെന്നോ ചേത്തലെ തൊണ്ടുതല്ലുന്ന അന്നക്കുട്ടി എന്തുകൊണ്ടാണു് ഇങ്ങനെ ഉണങ്ങിക്കരിയുന്നതെന്നോ നാം അന്വേഷിച്ചിട്ടുണ്ടോ?

ഇന്നവർ രണ്ടുപേരും കത്തോലിക്കാസഭാമാതാവിൻെറ മടിയിൽ അരുമക്കുഞ്ഞുങ്ങളെപ്പോലെ ഒതുങ്ങിയിരിക്കുകയാണു്. എന്നാൽ, നാളെക്കഴിഞ്ഞാൽ ഒരുപക്ഷേ അവർ നമുക്കു നഷ്ടപ്പെട്ടേക്കും. മുണ്ടക്കയത്തേ എസ്റ്റേററിലും ചേത്തലയിലെ ചകിരിപ്പാടത്തും മാത്രമല്ല, ആലപ്പുഴയിലെ മധുരക്കമ്പിനിയിലും കോഴിക്കോട്ടേ കോമൺവെൽത്തിലും തൃശ്ശൂരേ സീതാറാമിലും കൊരട്ടിയിലേ ജമുനയിലും—എല്ലാം എല്ലാം ഇതുതന്നെയാണു കഥ. കത്തോലിക്കാപ്രബോധനങ്ങളനുസരിച്ചു പ്രവത്തിച്ചുകൊണ്ടു സാമൂഹിക സുരക്ഷിതത്വം കൈവരുത്താമെന്നും സാമ്പത്തികാവശതകൾ പരിഹരിക്കാമെന്നും തീത്തും വിശ്വസിക്കുന്ന കത്തോലിക്കാതൊഴിലാളിനേതാക്കളും നമുക്കെത്രയുണ്ടു്? ചിന്താർഹമായ ഒരു ചോദ്യമല്ലേ ഇതു്?

ഞായറാഴ്ച ഒന്നു പള്ളിയിൽ വരികയും കൊല്ലത്തിലൊന്നു കുമ്പസാരിക്കയും കഴുത്തിൽ ഒരു കൊന്തയോ കുരിശോ തൂക്കിയിടുകയും വൈദികനെ കണ്ടാൽ ഒരു സ്തുതിചൊല്ലുകയും ചെയ്യുന്ന തൊഴിലാളികളെയല്ല, പ്രത്യുത, ക്രിസ്തുവിൽ ജീവിക്കുകയും ക്രിസ്തുവിനോടുകൂടി അദ്ധ്വാനിക്കുകയും ചെയ്യുന്ന തൊഴിലാളികളെയാണു് ഇന്നു നമുക്കാവശ്യം.

## ഇന്നത്തെ അന്തരീക്ഷം

തൊഴിലാളികളുടെ ഉള്ളറകളിലേക്ക് ഇറങ്ങിച്ചെല്ലാൻ നമുക്കു സാധിക്കണം. അപ്പോഴേ അവരുടെ ആശയഗതികളും ജീവിതരീതികളും ഏതാണെന്നു ഗ്രഹിക്കാൻ സാധിക്കൂ. പൊതുവിൽ ആദ്ധ്യാത്മികമായ ഒരനാസ്ഥയും തൊഴിലിൽ നൈരാശ്യവും സാമൂഹികസാമ്പത്തികരംഗത്ത് അരക്ഷിതത്വബോധവും, എടുക്കുന്ന തൊഴിലിൽനിന്ന് എത്രയും വേഗം എങ്ങനെയെങ്കിലും ചാടി രക്ഷപെടാനുള്ള ഉഗ്രമായ ഒരു വ്യഗ്രതയുമാണു നമ്മുടെ തൊഴിലാളികളിൽ കണ്ടുവരുന്നത്.

രക്തവും ശക്തിയുംപൂണ്ട യുവത്വങ്ങളിൽ ഇങ്ങനെയൊരു നിലപാട് ഉണ്ടാകാൻ എന്താണു കാരണം? ഉശിരും ഉന്മേഷവും വമിക്കേണ്ട ഒരു കാലഘട്ടത്തിൽ തൊഴിലാളികൾ ഉത്സാഹശൂന്യരാകുന്നു! തൊഴിൽചെയ്യുന്നതോടെ മാംസപേശികൾ വികസിക്കയാണെന്നും മനസ്സ് ആഹ്ളാദിക്കയാണെന്നും ബുദ്ധി പ്രകാശിക്കയാണെന്നും മനസ്സിലാക്കാത്ത മട്ടിൽ കനത്ത ഒരു നൈരാശ്യം അവരിൽ നിഴലിക്കുന്നു. എന്താണിതിനു കാരണം? അടിസ്ഥാനകാരണങ്ങൾ രണ്ടേയുള്ളു. ആദ്ധ്യാത്മികജീവന്റെ അഭാവം, സാമൂഹികജീവിതത്തിലെ കെടുതികൾ.

ലോകമെന്തെന്നും ജീവിതം എന്തിനെന്നും ഒരു പിടിയും ഇല്ലാതെ പത്തുപതിനെട്ടു വയസ്സുവരെ 'കുട്ടികളി'യായി നടന്നിരുന്ന ഒരു ചെറുപ്പക്കാരൻ പെട്ടെന്നൊരു ദിവസം ഒരു തൊഴിലാളിയാവാൻ നിർബന്ധിതനാകുന്നു. വീട്ടിലെ ദാരിദ്ര്യം, പിതാവിന്റെ ശാസന തുടങ്ങിയ ചില സാഹചര്യങ്ങളായിരിക്കാം ഒരു പക്ഷേ അവനെ 'തൊഴിലാളി'യാക്കിയത്. അങ്ങനെ, താനേ പഴക്കാതെ തല്ലിപ്പഴുത്ത ഒരു പ്രകൃതിയോടുകൂടിയാണു നമ്മുടെ തൊഴിലാളിസുഹൃത്തുക്കളിൽ മിക്കവരും തൊഴിൽസ്ഥലത്തേക്കു നീങ്ങുന്നത്. നിർബ

ന്ധ പ്രതിപത്തിയോടുകൂടിയ ഈ പശ്ചാത്തലം മനശ്ശാസ്ത്രപരമായി വലിയ പ്രത്യാഘാതങ്ങൾ അവരിൽ ഉണ്ടാക്കുന്നു. അദ്ധ്വാനിക്കേണ്ടിവന്നതു് എന്തോ "ശനിപ്പിഴ" കൊണ്ടാണെന്നത്രെ അവരുടെ ദൃഢധാരണ.

കണ്ണിൽപ്പെട്ട പച്ചിലകളെല്ലാം വഴിക്കുവഴി ഒന്നു കടിച്ചുനോക്കുന്ന കോലാട്ടപോലെയാണവർ. ഒരു ജോലിയിലും അവർ സ്ഥിരമായി നില്ക്കുന്നില്ല. തുടങ്ങിവെച്ച വേലയിൽ കഴിയുന്നതും മികച്ച വൈദഗ്ദ്ധ്യം നേടി ആ തുറയിൽ സമർത്ഥർ(experts) ആകാൻ അവർ ശ്രമിക്കുന്നില്ല. "ഒന്നിൽനിന്നു മറെറാന്നിലേക്കു", "ഷർട്ടുലയുന്നതും ശരീരം വിയർക്കുന്നതുമായ തൊഴിലുകൾ അപമാനകരം" ഇവയൊക്കെയാണു് അവരെ നയിക്കുന്ന ചിന്തകൾ. തന്നെക്കൊണ്ടു കൂടുതൽ പണിയെടുപ്പിച്ചു കുറഞ്ഞ കൂലിതന്നു സ്വന്തം മടിശ്ശീല നിറയ്ക്കാൻ മുതലാളിയും സർക്കാരും ശ്രമിക്കയാണെന്നു ഒരു തോന്നൽ വന്നുപെടുന്നതോടേ അദ്ധ്വാനത്തെ നീരസത്തോടേ തൊഴിലാളി വീക്ഷിക്കാൻ തുടങ്ങുന്നു. തുടർന്നു കർത്തവ്യബോധത്തിന്റം സത്യസന്ധതയ്ക്കും വിധേയത്വത്തിന്റമെല്ലാം ക്ഷതം തട്ടുന്നു. കുടുംബഭാരവും ജീവിതത്തോത്തും ഒരു ഉഗ്രപ്രശ്നമായിത്തീരുന്നതോടേ കുറഞ്ഞ കൂലിനിരക്കിനോടും താഴ്ന്ന ശമ്പളവ്യവസ്ഥിതിയോടും പ്രക്ഷോഭാത്മകമായ ഒരു പ്രതിഷേധം അവനിൽ ഉയരുകയും ക്രമേണ അതു വിദ്വേഷാത്മകമായ അലസതയിലേക്കു് അവനെ വലിച്ചിഴയ്ക്കുകയും ചെയ്യുന്നു. അതോടേ പ്രസന്നവും സുസ്മേരവുമായി കാണേണ്ട ആ മുഖകമലം അസംതൃപ്തവും അസൂയാകലുഷിതവുമാകും.

ഓഫീസുകളിലേ ഗുമസ്തന്മാരിലും വിദ്യാലയങ്ങളിലേ അദ്ധ്യാപകന്മാരിലും ഫാക്ടറികളിലേ തൊഴിലാളികളിലുമെല്ലാം തൊഴിലിനോടുള്ള ഈ അപകർഷബോധം വർദ്ധിച്ചുവരുന്നുണ്ടു്. പതിനാറുകാരിലും പതിനെട്ടുകാരിലും ഈ ഭാവ

പ്പകർച്ച പെടുന്നനവേ ഉണ്ടാകും. അതിനു മനശ്ശാസ്ത്രപരമായ പ്രത്യേക കാരണവുമുണ്ട്. യൗവനാരംഭം ഒരു പ്രതിസന്ധിഘട്ടമാണ്. ശാരീരികവും മാനസികവുമായി പല വലിയ മാററങ്ങളും ഒരുവനിൽ സംഭവിക്കുന്നതു് ആ ഘട്ടത്തിലാണ്. ജിജ്ഞാസകൾ ഉണ്ടാകുന്നതും ഭാവനകൾ വികസിക്കുന്നതും അപ്പോഴാണ്. സ്നേഹംനിറഞ്ഞ ഹൃദയങ്ങൾക്കു ക്ഷണത്തിൽ കീഴ്പ്പെടാവുന്ന വികാരപ്രധാനമായ ഒരു ജീവിതഘട്ടമാണ് അതു്. അഭിപ്രായത്തിൽ അസ്ഥിരത, സംസാരത്തിൽ അപകത്വത, പ്രക്ഷോഭണത്തിൽ പ്രവണത ഇതെല്ലാം അക്കാലത്തു് അങ്കുരിക്കുന്ന പ്രത്യേകതകളാണ്. സ്വാതന്ത്ര്യദാഹം അങ്ങേയററവും അനുഭവജ്ഞാനം നന്നേ ചുരുക്കവുംമാത്രമുള്ള ഒരു "പരിഷ്കാരി"യാണവൻ. സാഹചര്യങ്ങൾക്ക് അവനെ അപ്പോൾ ക്ഷണത്തിൽ സ്വാധീനമാക്കാൻ സാധിക്കും. ചുരുക്കിപ്പറഞ്ഞാൽ, അവൻ അവനിലല്ല, അവനെ നയിക്കുന്നവരിലാണു ജീവിക്കുന്നതു്. ഈ നയിക്കൽ സന്മാർഗ്ഗത്തിലേക്കുമാകാം, ദുർമ്മാർഗ്ഗത്തിലേക്കുമാകാം. വിശുദ്ധനും നിസ്വാർത്ഥനും ആദർശസമ്പന്നനും ആയ ഒരു നേതാവു് അവനെ നയിക്കാനുണ്ടായാൽ, അവൻ നല്ലവനാകും; മറിച്ചായാൽ, അവൻ നശിക്കയും ചെയ്യും.

ഒരാളുടെയല്ല ആയിരങ്ങളുടെ സ്വഭാവത്തിനും വ്യക്തിത്വത്തിനും വീക്ഷണഗതിക്കും രൂപം കൊടുക്കാൻ നല്ല നേതാവിനു സാധിക്കും. തൊഴിലാളിരംഗത്തേ അൽമായപ്രേഷിതത്വത്തിൻെറ പ്രാധാന്യം ഇതാണ്.

## ഉടമകളും ഉദ്യോഗസ്ഥപ്രഭുക്കളും

എല്ലാവരും പറയുന്നതു കേൾക്കാം, വ്യവസായമണ്ഡലത്തിലേ സമാധാനഭഞ്ജനത്തെപ്പററി. ഉൽപാദനസ്തംഭനം ഉളവാക്കാൻ കമ്മ്യൂണിസ്ററുകളും വിപ്ളവകാരികളും കുത്തിയിളക്കുന്ന കുഴപ്പങ്ങളാണു തൊഴിൽരംഗത്തേ വലിയ

തകരാറ് എന്നാണ് അവരുടെ വാദം. ഇതിൽ അമ്പതു ശതമാനമേ സത്യമുള്ളൂ. വിപ്ളവകാരികളുടെ കുത്തിത്തിരിപ്പുണ്ട്; സമ്മതിക്കുന്നു. പക്ഷേ, തൊഴിലാളികളുടെ അസംതൃപ്തിക്കും വിദ്വേഷാത്മകത്വത്തിനും ഒരു പ്രധാന ഹേതു തൊഴിൽ ഉടമകളുടേയും ഉദ്യോഗസ്ഥമേധാവികളുടേയും പരുപരുത്ത പെരുമാററമാണ്.

തൊഴിലാളികൾ വ്യവസായയുടമകളിൽനിന്നും ഉദ്യോഗപ്രമാണികളിൽനിന്നും കൂടുതൽ ചോദിക്കുന്നതു വാസ്തവത്തിൽ കൂലിയല്ല, സ്നേഹമാണ്. സഹോദരനിർവിശേഷമായ പരിഗണനയുടേയും അർഹമായ അനുഭാവത്തിൻെറയും അഭാവമാണ്, അല്ലാതെ സാമ്പത്തികകാരണങ്ങളല്ല ഇന്നത്തെ പ്രക്ഷുബ്ധാന്തരീക്ഷത്തിൻെറ മൗലികകാരണം.

യുവത്വം വ്യക്തിത്വത്തിൻെറ വിലാസരംഗമാണ്. അഭിമാനസംരക്ഷണം വ്യക്തിത്വത്തിൻെറ മൂലഘടകവും. തൊഴിലാളികൾക്കും അഭിമാനമുണ്ട്. സാമ്പത്തികശാസ്ത്രത്തെക്കാൾ, അധികം മനഃശാസ്ത്രമാണു നമ്മുടെ തൊഴിൽരംഗത്തു ദയനീയമായി പരാജയം അടഞ്ഞിരിക്കുന്നതു്. മാനിക്കേണ്ടിടത്തു നിന്ദിക്കയും, പുഞ്ചിരി തൂകേണ്ടിടത്തു മുഖം വീർപ്പിക്കയും, സ്നേഹിക്കേണ്ടിടത്തു ശകാരിക്കയും, സഹായിക്കേണ്ടിടത്ത് ഉപദ്രവിക്കയും, എളിമപ്പെടേണ്ടിടത്തു പൊങ്ങച്ചം കാണിക്കയും ചെയ്യുന്ന ഏതാനും ധനികരുടെയോ ഉദ്യോഗസ്ഥരുടെയോ കരങ്ങളിൽ നമ്മുടെ വ്യവസായമണ്ഡലം അമർന്നുപോകുന്നതാണു തൊഴിലാളിരംഗത്തു കമ്മ്യൂണിസ്ററുകളുടേയും വിപ്ളവകാരികളുടേയും കൂത്താട്ടങ്ങൾ കൂടാനുള്ള പ്രധാനകാരണം.

വർഗ്ഗബോധത്തെ ആളിക്കത്തിക്കുവാൻ ഇടവരുത്തുന്ന ബുദ്ധിശൂന്യമായ ഒരു സമീപനനയമാണു നമ്മുടെ തൊഴിലുടമകൾ പലരും സ്വീകരിച്ചുകാണുന്നതു്. ഇപ്പോഴും ലിബറ

ലിസത്തിന്റെയും "മാഞ്ചസ്റ്റർ ഇക്കോണമി"യുടെയും സ്വപ്നലോകത്തിൽ ജീവിക്കയാണവർ.

വി. ഫ്രാൻസിസ് അസ്സീസിയുടെ ജീവചരിത്രത്തിൽ ഒരു സംഭവം ഉണ്ട്. അസ്സീസിപ്പട്ടണത്തിന്റെ തെരുവീഥിയിലൂടെ കുബേരപ്രതാപവാനായിരുന്ന ഫ്രാൻസിസ് കസവു വസ്ത്രം ധരിച്ചു സ്വർണ്ണത്തലപ്പാവു ചുററി ഒരു കുതിരപ്പുറത്തു 'ജട ജട' സ്വരത്തിൽ കുതിച്ചുപായുകയായിരുന്നു. അപ്പോഴതാ പിച്ചച്ചിരട്ട പിടിച്ചു ഒരു കുഷ്ഠരോഗി നേരേ മണികിലുക്കിവരുന്നു. പഴുത്തു ചീഞ്ഞ ശരീരം; വാടിക്കരിഞ്ഞ ദുർമുഖം. ഫ്രാൻസിസ് ആ കുഷ്ഠരോഗിയെ സൂക്ഷിച്ചു നോക്കി. കരുണയുടെ ഒരു വിദ്യുല്ലത ആ യുവകോമളന്റെ ഹൃദയത്തിലൂടെ പാഞ്ഞു. അദ്ദേഹം കുതിരപ്പുറത്തുനിന്നു ചാടിയിറങ്ങി. പോക്കററിൽനിന്ന് ഒന്നുരണ്ടു വിലപിടിച്ച നാണയമെടുത്ത് ആ പിച്ചച്ചിരട്ടയിൽ ഇട്ടുകൊടുത്തു. കുഷ്ഠരോഗി പുഞ്ചിരിതൂകി. തീർന്നില്ല. ഫ്രാൻസിസ് ആ സാമ്പത്തികദാനംകൊണ്ടുമാത്രം തൃപ്തനായില്ല. ക്രിസ്തുവിന്റെ അരൂപി അദ്ദേഹത്തിൽ ആവസിച്ചുകഴിഞ്ഞിരുന്നു. അദ്ദേഹം ഒരടികൂടി മുന്നോട്ടു നീങ്ങി. സുന്ദരകളേബരനായ ഫ്രാൻസിസ് തന്റെ രണ്ടുകൈകളും വിരിച്ച്, പഴുത്തു നാറുന്ന ആ യാചകനെ മാറോടണച്ചു ചുംബിച്ചു. പാവം രോഗി, തന്റെ വ്രണങ്ങൾ ആ യുവകോമളന്റെ ശരീരത്തോട് ഒട്ടിച്ചേരുന്നതു കണ്ട് ഒരു പുതിയ നിർവൃതിയിലാണ്ടു.

വെറും നാണയദാനത്തെക്കാൾ ആയിരംമടങ്ങു ഫലം ചെയ്തു, ഫ്രാൻസിസിന്റെ ആ ആലിംഗനം. ധനശാസ്ത്രം (economics) സ്നേഹശാസ്ത്രത്തിന്റെ മുമ്പിൽ ശിരസ്സു കുനിക്കുന്ന രംഗം കണ്ടോ! ഫ്രാൻസിസു ദൂരെനിന്ന് ആ നാണയത്തുട്ടുകൾ എറിഞ്ഞുകൊടുത്തു സ്ഥലം വിട്ടിരുന്നെങ്കിൽ "പ്രശ്നം" പരിഹരിക്കപ്പെടുകയില്ലായിരുന്നു. സ്നേഹദാനത്തിന്റെ അഭാവത്തിൽ സാമ്പത്തികസഹായം ശൂന്യവും നിർ

ജ്ജീവവുമാണ്. സാമ്പത്തികസ്വശക്തിത്വം എന്ന സിദ്ധാന്തം (economic determinism) വെറും പൊള്ളയാണെന്നും മിഥ്യയാണെന്നും അസീസിയുടെ ഈ ആലിംഗനം പ്രഖ്യാപിച്ചു. സ്നേഹത്തിൻെറ സ്വാഭാവികപ്രവാഹം ഉണ്ടാവാത്തിടത്തു ധനത്തിൻെറ നിർബന്ധപൂർവ്വമായ വിതരണം നടപ്പിൽ വരുത്തിയാൽ മെച്ചമൊന്നും ഉണ്ടാവുകയില്ല. തൊഴിലാളികൾക്ക കൂലിയും ബോണസുമെല്ലാം കൊടുത്തേക്കൂ. വ്യവസായത്തിൽ ഓഹരിയും കൊടുത്തേക്കൂ. ഇവയൊക്കെ ചെയ്താലും കുഴപ്പം കൂട്ടകയേയുള്ളൂ, പരസ്പരമുള്ള സ്നേഹദാനത്തിൻെറ അഭാവത്തിൽ. വ്യവസായരംഗത്തിൽ ഉടമയും തൊഴിലാളികളും തമ്മിലുള്ള വിദ്വേഷവും മത്സരബുദ്ധിയും വടംവലിയും ശക്തിപരീക്ഷണവും നിലനില്ക്കുന്നിടത്തോളംകാലം, നാം ഉദ്ദേശിക്കുന്ന നവലോകം നാമെട്ടക്കുന്നതല്ല. സ്നേഹാർദ്രമായ ഒരന്തരീക്ഷത്തിൽ നിന്നേ പരസ്പരധാരണയും ഐക്യബോധവും സഹകരണാത്മകത്വവും സംജാതമാകൂ.

ഇന്നത്തെ സാമൂഹികസാമ്പത്തികഘടനയിൽ വലിയ മാററം വരുത്തണമെന്ന് എല്ലാ സാധുക്കളും അഭ്രഹിക്കുന്നു. കൈയിലൊതുങ്ങിയതു് ഒരിഞ്ചുപോലും വിടുകയില്ലെന്നാണു ധനികരുടേയും വ്യവസായയുടമകളുടേയും നിലപാട്. പിന്നെ എങ്ങനെ ഈ രണ്ടുകൂട്ടരും യോജിക്കും? പരസ്പരധാരണയിലെത്തും? ഇതാണു നമ്മെ നേരിടുന്ന ഇന്നത്തെ വലിയ ഒരു സാമൂഹികപ്രശ്നം.

കത്തോലിക്കാസാമൂഹികശാസ്ത്രം ഇതിനുള്ള പ്രതിവിധികൾ വ്യക്തമായി നിർദ്ദേശിച്ചിട്ടുണ്ട്. പരിശുദ്ധപിതാക്കന്മാരുടെ വിശ്വലേഖനങ്ങൾ ഈ പ്രശ്നങ്ങളെപ്പററി സമഗ്രമായി പ്രതിപാദിക്കുന്നുണ്ട്. നമ്മുടെ തൊഴിലുടമകളും തൊഴിലാളികളും ഈ സാമൂഹികപ്രബോധനങ്ങൾക്ക് അവ യർഹിക്കുന്ന പ്രാധാന്യം കൊടുത്തിരുന്നുവെങ്കിൽ!

സഭ ഉയർത്തിക്കാണിക്കുന്ന സാമൂഹികസാമ്പത്തിക

ഘടന ഏററവും സ്വാഭാവികവും ഉത്തമവും നീതിയുക്ത വുമാണെന്നുറച്ചുവിശ്വസിക്കുകയും ആ സാമൂഹികാദർശങ്ങൾ പ്രായോഗികമാക്കാൻ ആത്മാർത്ഥമായി പരിശ്രമിക്കുകയും ചെയ്യുന്ന കത്തോലിക്കരുടെ ഒരു പുതിയ "യജ്ഞം" കേരളത്തിൽ നാം ആരംഭിക്കേണ്ടിയിരിക്കുന്നു.

സാമൂഹികഭേദതേയ്യം സാമ്പത്തികസുസ്ഥിതിക്കും, തൊഴിലെടുക്കുന്നവരും തൊഴിലെടുപ്പിക്കുന്നവരും അവശ്യാവശ്യകമാണെന്നും ഈ രണ്ടു ഘടകങ്ങളിൽ ഒന്നിന്റെമാത്രം താൽപര്യം പരിരക്ഷിക്കുന്നതുകൊണ്ടു സാമ്പത്തികാന്തരീക്ഷം ശരിപ്പെടുകയില്ലെന്നും ഇരുഘടകങ്ങളും ഏകാത്മകമായി പ്രവർത്തിക്കുന്നതിൽനിന്നേ രാജ്യക്ഷേമം ഉണ്ടാവുകയുള്ളുവെന്നും മനസ്സിലാക്കിയ ഒരു ജനരാശി നമുക്കുണ്ടാകണം.

## തൊഴിലാളികളുടെ അധഃപതനം

"അസംസ്കൃതവസ്തുക്കൾ ഫാക്ടറിയിൽനിന്നു പുറത്തുവരുന്നതു സംസ്കൃതവസ്തുക്കളായിട്ടാണ്. എന്നാൽ, മനുഷ്യർ ഫാക്ടറിയിൽനിന്നു വെളിയിൽ കടക്കുന്നതു് ദുർമ്മാർഗ്ഗികളും അധഃപതിച്ചവരുമായിട്ടാണല്ലോ" എന്നു പതിനൊന്നാംപീയൂസ് പാപ്പാ ഒരിക്കൽ വിലപിക്കുകയുണ്ടായിട്ടുണ്ടു്. നമ്മുടെ തൊഴിലാളികളെസ്സംബന്ധിച്ചും ഇതു കുറയൊക്കെ പരമാർത്ഥമല്ലേ?

ആധ്യാത്മികതത്വവും ക്രിസ്തീയതത്വവും ആഴ്ചയിലൊരിക്കൽ, അതും പള്ളിക്കകത്തുവച്ചുമാത്രം, വെളിപ്പെടുത്തിയാൽ മതിയെന്നു ധരിച്ചുവെച്ച മട്ടിലാണു മിക്ക യുവതൊഴിലാളികളുടെയും ജീവിതം. ചെറുപ്പകാലത്തു് ആത്മീയശാന്തി നല്കിയിരുന്ന പ്രാർത്ഥനയും വായനയുമെല്ലാം ഇന്നവർക്കു് അരോചകമാണ്. ജീവിതത്തിന്റെ ജീവൽപ്രശ്നങ്ങൾക്കു പ്രതിവിധി കാണാൻ മതത്തിനു സാധിക്കയില്ലെന്ന ധാര

ന്ന അവരിൽ കടന്നുകൂടിയിരിക്കയാണെന്നു തോന്നിപ്പോകുന്നു.

നമ്മുടെ തൊഴിലാളികളുടെ ആത്മാവിനേയും ശരീരത്തേയും ഒന്നുപോലെ നശിപ്പിക്കുന്ന ഒന്നായിത്തീർന്നിരിക്കുന്നു ലൈംഗികദുർവാസന. നാട്ടിൽ പ്രചരിക്കുന്ന മിക്ക സിനിമകളും നാടകങ്ങളും കഥകളും കവിതകളുമെല്ലാം അശ്ലീലങ്ങളും അധമങ്ങളും ആയ വികാരങ്ങളെ ഉദ്ദീപിപ്പിക്കാൻ കരുതിക്കൂട്ടി നിർമ്മിക്കുന്നവയാണ്. മിശ്രവ്യവസായശാലകളിൽ (സ്ത്രീകളും പുരുഷന്മാരും ഒന്നിച്ചു വേലയെടുക്കുന്ന സ്ഥലങ്ങളിൽ)ഈ ദുർവാസന ആളിക്കത്തുവാൻ പററിയ വേറെയും പല സാഹചര്യങ്ങളുണ്ട്.

വിവാഹിതരും അവിവാഹിതരും ഒന്നുപോലെ പരിപാലിക്കേണ്ട ഒരു സുകൃതമാണല്ലോ വിശുദ്ധി. വിചാരത്തിലും വിഭാവനയിലും വീക്ഷണത്തിലും വിനോദത്തിലും സംഭാഷണത്തിലും സ്പർശനത്തിലും ഏകാന്തത്തിലും സമ്പർക്കത്തിലുമെല്ലാം അവിച്ഛിന്നമായി സൂക്ഷിക്കേണ്ട ഒരു പൂമൊട്ടാണ് ആ പുണ്യം.

യുവത്വത്തിന് അതിന്റേതായ ഒരു അഭിമാനവും അന്തസ്സും വേണമെങ്കിൽ പരിപൂർണ്ണമായ വിശുദ്ധി (chastity) സംരക്ഷിക്കേണ്ടിയിരിക്കുന്നു. സ്ഫടികനിർമ്മലമായ ഒരാത്മാവും സൗഷ്ഠവം പൂണ്ട ഒരു ശരീരവും സമ്പാദിക്കുകയാണ് ഒരു യുവതൊഴിലാളിയുടെ വലിയ ഭാഗ്യം. അവിവാഹിതരായ യുവജനങ്ങളെ വിജയപ്രദമായ ദാമ്പത്യജീവിതത്തിലേക്ക് ഉയർത്തുന്നതും വിവാഹിതരായ ദമ്പതികളിൽ കാന്തിയും ശാന്തിയും പകരുന്നതും ഈ സൽഗുണമാണ്.

ആത്മസംയമനവും ഇന്ദ്രിയനിഗ്രഹവും തൊഴിലാളികൾ പഠിക്കണം. അങ്ങനെ നമ്മുടെ യുവാക്കൾ മ്ളേഛവും ലജ്ജാവഹവുമായ തഴക്കങ്ങളിൽനിന്നു പിൻവാങ്ങണം. അസഭ്യപ്രസിദ്ധീകരണങ്ങളും അശ്ലീലചിത്രങ്ങളും കാണുമ്പോൾ

ഉടനെ കണ്ണുടയ്ക്കാനുള്ള ഒരു കരുത്തു നമ്മുടെ യുവതൊഴിലാളികളിൽ ഉണ്ടായിവരണം. യുവജനങ്ങളെസ്സംബന്ധിച്ചിടത്തോളം വിനാശകരമായ ചുററുപാടുകൾ കൂടിവരുന്നു. വിദ്യാലയവും വിനോദസ്ഥലവും പുസ്തകപാരായണവുമെല്ലാം എല്ലാം പാപത്തിലേക്കുള്ള പ്രവണതകളെ ഉദ്ദീപിപ്പിക്കുന്ന ഉപാധികളായി മാറിയിരിക്കുന്നു. ആയതിനാൽ, ഈ ചുററുപാടുകൾതന്നെ ശരിപ്പെടുത്തിയെടുക്കുക എന്ന ഒരൊററപ്പരിഹാരമാർഗ്ഗമേ ഇനി ശേഷിക്കുന്നുള്ളു. ഓടിയകലാൻ സ്ഥലമില്ല. എല്ലാ രംഗങ്ങളിലും തിന്മ കലർന്നുകിടക്കുന്ന ഒരു കാലഘട്ടത്തിൽ, നില്ക്കുന്നിടത്തുതന്നെ ഉറച്ചുനിന്ന് അതേരംഗത്തെത്തന്നെ നിർമ്മലമാക്കാനേ നമുക്കിനി സാധിക്കൂ. ഇന്നാട്ടിലെ തൊഴിലാളിരംഗത്ത് ഈ പ്രതിവിധിക്കു പ്രത്യേക പ്രായോഗികതയുണ്ട്. തന്നെപ്പോലെതന്നെ ഒരേപ്രശ്നങ്ങളെ നേരിടുകയും ഒരേ ചുററുപാടുകളാൽ വലയം ചെയ്യപ്പെടുകയും ചെയ്ത വേറൊരു തൊഴിലാളി തന്നിൽനിന്നു വ്യത്യസ്തനായി ഉന്നതവും ധാർമ്മികവുമായ ജീവിതം നയിക്കുന്നതും നന്മയുടെ ഒരു കൊയ്ത്തുകാലം ഉൽഘാടനം ചെയ്യുന്നതും കാണുമ്പോൾ ആദ്യത്തെ തൊഴിലാളി സ്വയം ആത്മവിചിന്തനം നടത്താൻ നിർബന്ധിതനാകുന്നു. സംഘടിതമായ പ്രസ്ഥാനത്തെയും കെട്ടുറപ്പിനേയും വിശ്വസിക്കാനും പിഞ്ചെല്ലാനും മനുഷ്യർക്കൊരുവാസനയുള്ളതിനാൽ തൊഴിലാളികൾക്കിടയിൽ നാം ആരംഭിക്കുന്ന നന്മയുടെ ഒരു സംഘടിതമുന്നേററം പ്രതീക്ഷാതീതമായി വിജയം വരിക്കും. തൊഴിലാളികളുമായി പൂർണ്ണസമ്പർക്കം പുലത്തുന്നതു തൊഴിലാളികൾമാത്രമാണ്. അവരുടെയിടയിൽനിന്നുണ്ടാകുന്ന പ്രസ്ഥാനത്തിനുമാത്രമേ അവരുടെയിടയിലെ അപ്പസ്തോലവൃത്തി ശരിക്ക് ഏറെറടുക്കാൻ സാധിക്കൂ. തൊഴിലാളിയെ അവൻെറ തൊഴിലിനോടു ബന്ധപ്പെടാത്ത കുറെ ഭക്താനുഷ്ഠാനങ്ങൾക്കു പ്രേരിപ്പിക്കുകയ

ല്ല, പിന്നയോ തൊഴിലിനെത്തന്നെ ദൈവസ്തുതിയായും വീരസേവനമായും പകർത്തുകയാണ് ഈ പ്രേഷിതത്വത്തിന്റെ ആദ്യപടി.

## ജോസിസ്റ്റ് ചാപ്ലയിൻ

കേരളത്തിലെ കത്തോലിക്കാന്തരീക്ഷത്തെ ഒന്നടങ്കം ചൂടുപിടിപ്പിക്കുകയും ദൈവസ്നേഹത്തിലെരിയിക്കുകയും ചെയ്യാൻ ആഗ്രഹിക്കുന്ന ഒരു പ്രേഷിതൻ ആദ്യം ചെയ്യേണ്ടതു തൊഴിലാളികളെ സമ്പാദിക്കുകയാണ്; അവരുമായി ഇടപെടുകയാണ്; അവരുടെ അവശതകൾ ഗ്രഹിക്കുകയും ആശയങ്ങൾ അറിയുകയും അഭിമതങ്ങൾ അനുഭാവപൂർവ്വം ശ്രവിക്കുകയുമാണ്. തൊഴിലാളിയുടെ വ്യക്തിത്വം (Personality) തൊഴിലിന്റെ മാഹാത്മ്യം, അതിന്റെ പരിപാവനതഎല്ലാം അവരെ നാം മനസ്സിലാക്കണം. മുതലാളികളുടെ സിൽബന്ധിയും തൊഴിലാളികളുടെ മേലധികാരിയും ആയി പ്രത്യക്ഷപ്പെടാതെ, മുതലാളികളുടെ വഴികാട്ടിയും തൊഴിലാളികളുടെ പിതാവുമായി ജീവിക്കുന്ന വൈദികന്മാർക്കേ ഈ ദൗത്യം ഏറെറടുക്കാൻ സാധിക്കൂ. ജോസിസത്തിന്റെ ജനയിതാവ് മോൺ. കാർഡൈൻ ഹൃദയഭേദകമാംവണ്ണം പ്രസ്താവിക്കുന്നു: "ഇന്നു നാം ജീവിക്കുന്നതു തിരുസ്സഭയ്ക്കു നിർണ്ണായകമായ ഒരു മണിക്കൂറിലാണ്. ലക്ഷക്കണക്കിലുള്ള തൊഴിലാളികളെ വീണ്ടും നേടുന്നതിനു തിരുസ്സഭയ്ക്കു കഴിയുമോ?.... തൊഴിലാളിവർഗ്ഗം ഉൾപ്പെടാത്ത ഒരു സഭ നമ്മുടെ കർത്താവായ ഈശോമിശിഹായുടെ സഭയല്ല.

"തൊഴിലാളിവർഗ്ഗത്തെ വീണ്ടും നേടുവാൻ തിരുസ്സഭയ്ക്ക് എങ്ങനെ സാധിക്കും? നാം പ്രാർത്ഥിക്കണമോ? പ്രാർത്ഥിക്കണം. എന്നാൽ, അതു മാത്രംപോരാ. നാം കർബാന കാണുകയും ഉൾക്കൊള്ളുകയും വേണമോ? വേണം. അതുംപോരാ. നാം ഉപവസിക്കുകയും ത്യാഗങ്ങൾ അനുഷ്ഠിക്കുകയും ചെയ്യണ

മോ? അനുദിനസന്തോഷങ്ങൾ നാം വേണ്ടെന്നു വയ്ക്കണമോ? അവയെല്ലാം വേണം; എന്നാൽ, അവമാത്രം പോരാ. ലോകാവസാനംവരെ നാം നമ്മെത്തന്നെ ചമ്മട്ടികൊണ്ടു് അടിച്ചാലും തൊഴിലാളിവർഗ്ഗം നമുക്കു നഷ്ടപ്പെട്ടെന്നു വരാം. ലോകാവസാനംവരെ ക്രിസ്തു കുരിശിൽ തറയ്ക്കപ്പെട്ടു കിടന്നാലും മററൊന്നും ചെയ്യാത്തപക്ഷം, തൊഴിലാളിവർഗ്ഗം നമുക്കു നഷ്ടപ്പെട്ടെന്നു വരാം. നാം ദിവസവും വിശുദ്ധ കുർബാന കാണുകയും ദിവ്യകാരുണ്യം സ്വീകരിക്കുകയും ചെയ്താലും, മററൊന്നും ചെയ്യുന്നില്ലെങ്കിൽ, തൊഴിലാളിവർഗ്ഗം നമുക്കു നഷ്ടപ്പെട്ടതുതന്നെ.

"പ്രാർത്ഥന, വിശുദ്ധകുർബാനകാണൽ, ദിവ്യകാരുണ്യസ്വീകരണം, പ്രായശ്ചിത്തപ്രവൃത്തികൾ മുതലായവയ്ക്കു പുറമേ മൂന്നു കാര്യങ്ങൾകൂടി ചെയ്യുന്നില്ലെങ്കിൽ തൊഴിലാളിവർഗ്ഗത്തെ രക്ഷിച്ചെടുക്കാൻ ആർക്കും സാധിക്കയില്ല. ആ മൂന്നു കാര്യങ്ങൾ ഒരുമിച്ചു ചെയ്യുകയും വേണം. ഒന്നു്: തൊഴിലാളിവർഗ്ഗം അറിയണം അവരുടെ ദൈവവിളിയെപ്പററി. തൊഴിലാളിവർഗ്ഗത്തിനു് ഒരു ദൈവവിളിയുണ്ടു്. മററാർക്കും ഏറെറടുക്കാൻ സാധ്യമല്ലാത്ത ഒരു ദൗത്യമാണു് അതു്. ആ ദൗത്യം നിർവ്വഹിക്കപ്പെടുന്നില്ലെങ്കിൽ ദൈവത്തിൻെറ സൃഷ്ടികർമ്മവും പരിത്രാണകർമ്മവും പൂർത്തീകരിക്കുക സാധ്യമല്ല. രണ്ടു്: തൊഴിലാളിവർഗ്ഗത്തിനു് ഒരു പ്രസ്ഥാനം ആവശ്യമുണ്ടു്. തങ്ങളുടെ ദൗത്യം അറിയുന്നതിനും നിർവ്വഹിക്കുന്നതിനും അവരെ പ്രാപ്തരാക്കുന്ന ഒരു സംഘടനയായിരിക്കും അതു്. മൂന്നു്: തൊഴിലാളിവർഗ്ഗത്തിനു നേതാക്കളാവശ്യമുണ്ടു്. തൊഴിലാളികൾക്കുവേണ്ടി അദ്ധ്വാനിക്കുന്നവരും തൊഴിലാളികളിൽനിന്നുണ്ടായിവന്നവരുമായ പ്രേഷിതന്മാരായിരിക്കണം ഇവർ. തൊഴിലാളിവർഗ്ഗത്തിൻെറ ഇടയിൽ നിന്നു പ്രവർത്തിച്ചുകൊണ്ടു് അവരുടെ ദൗത്യം അറിയുവാനും നിർവ്വഹിക്കുവാനും തൊഴിലാളിപ്രസ്ഥാനത്തെ ക്രമവൽക്കരിച്ചു നയിക്കുവാനും അവർ പ്രാപ്തരാകണം."

(Ref. "തൊഴിലാളികളുടെ മണിക്കൂർ", പ്രതിമാസഗ്രന്ഥക്ലബ്ബ്, എറണാകുളം. വിവർത്തകൻ: മോൺ. നടുവത്തുശ്ശേരി.)

മോൺസിഞ്ഞോർ കാർഡൈനിന്റെ ഈ പ്രബോധം എത്ര അർത്ഥസംപൂർണ്ണമല്ല! ജോസിസ്ററു മൂവ്മെൻറ് (Y. C. W.) കേരളക്കരയിൽ ആരംഭിക്കാൻ തക്ക പ്രചോദനം ഈ പ്രസ്താവന നല്കുന്നില്ലയോ?

എന്നാൽ, ജോസിസ്ററുപ്രസ്ഥാനം സാധാരണ ട്രേയ്ഡ്യൂണിയൻ സംഘടനയല്ല. സാമൂഹികക്ഷേമത്തോടൊപ്പം ആന്തരികവും ഹൃദയപരവുമായ പരിവർത്തനം സാധിക്കുവാൻ ഒരാദ്ധ്യാത്മികവഴികാട്ടിയുടെ കീഴിൽ തൊഴിലാളികൾ അണിനിരക്കുന്ന ഒരു വിശുദ്ധ പ്രസ്ഥാനമാണത്.

തന്മൂലം, പരിചയസമ്പത്തോടും തികഞ്ഞ സാമൂഹികഗുണവിശേഷങ്ങളോടുംകൂടിയ വിശുദ്ധരായ വൈദികർക്കേ അതിനെ നയിക്കാൻ സാധിക്കൂ. ഓരോ പാരിഷ്സെക്ഷന്റെയും വിജയം സ്ഥിതി ചെയ്യുന്നത് ആ പാരിഷിലെ ജോസിസ്ററു ചാപ്ളയിന്റെ കഴിവിലാണ്. രൂപംകൊടുക്കുന്നത് അദ്ദേഹമാണ്. രൂപീകൃതരാകാനുള്ളവരാണു യുവതൊഴിലാളികൾ.

മോൺസിഞ്ഞോർ കാർഡൈൻ ഈ യാഥാർത്ഥ്യം പ്രത്യേകം മനസ്സിലാക്കിക്കൊണ്ടു ജോസിസ്ററു അണികളിൽ പ്രവർത്തിക്കുന്ന വൈദികർക്കു പരിശീലനം കൊടുക്കാൻ പശ്ചിമരാജ്യങ്ങളിൽ പ്രത്യേകസജ്ജീകരണങ്ങൾ ചെയ്തുകൊണ്ടിരിക്കുന്നു. അങ്ങനെ വിദഗ്ദ്ധരും വിശുദ്ധരുമായ നൂറുനൂറു ചാപ്ലയിന്മാരെ രംഗത്തിറക്കാൻ അദ്ദേഹത്തിനു സാധിച്ചിരിക്കുന്നു. കേരളത്തിലും നല്ല ജോസിസ്ററു ചാപ്ലയിന്മാർ ഉണ്ടാകണം. ആയിരത്തിലധികം പാരിഷുകളും രണ്ടായിരത്തോളം ഇടവകവൈദികരുമുള്ള ഈ കേരളകത്തോലിക്കാസഭയ്ക്കു പുണ്യസമ്പന്നരും ജ്ഞാനസമ്പന്നരും സാമൂഹികസു

കൃതസമ്പന്നരുമായ ഒട്ടവളരെ വൈദികരെ കണ്ടെത്താൻ വിഷമം നേരിട്ടമോ? ഒരിക്കലുമില്ല.

വളരെയേറെ വിമർശനങ്ങളും വിഘാതങ്ങളും നൈരാശ്യങ്ങളും നേരിടേണ്ടിവരുന്ന ഒരു പരുപരുപ്പൻ രംഗമാണ് ഇന്നത്തെ സാമൂഹികരംഗം. ഒരു വൈദികനു പുണ്യം എത്രയുണ്ടായാലും പരിചയവും പരിശീലനവുമില്ലെങ്കിൽ പിറകോട്ടോടാനേ തോന്നൂ, അതിൻെറ സങ്കീർണ്ണതകളും കീറാമുട്ടികളും കാണുമ്പോൾ. ഇന്നത്തെ ചെറുപ്പക്കാരോട്ട സഹവസിക്കുക, സംസാരിക്കുക, അവരെ സ്നേഹിക്കുക, അവരുടെ സംശയങ്ങൾ തീർക്കുക, അതോടൊപ്പം സ്വന്തം പുണ്യസൗരഭ്യം അവരിലേക്കു പകരുക— ഇതൊന്നും അത്ര എളുപ്പമുള്ള കാര്യമല്ല.

സഹോദരന്മാർപോലും അദ്ദേഹത്തെ അവഹേളിച്ചേക്കും, സംശയിച്ചേക്കും. മോൺസിഞ്ഞോർ കാർഡൈൻതന്നെ ഈവിധമുള്ള മുൾപ്പാതകളിലൂടെയാണു മുന്നോട്ടു നീങ്ങിയത്.

ഒരിക്കൽ അദ്ദേഹം റോമിൽചെന്നു മാർപ്പാപ്പായെ മുഖം കാണിക്കയിൽ തിരുമേനി ചോദിച്ചു: "ഇപ്പോൾ ജോസിസ്റ്റുപ്രസ്ഥാനം എങ്ങനെ നടക്കുന്നു?"

"അത്ര മോശവുമല്ല; അത്ര മെച്ചവുമല്ല" കാർഡൈൻ മറുപടി പറഞ്ഞു. പരിശുദ്ധപിതാവു ജിജ്ഞാസാപൂർവ്വം ചോദിച്ചു: "എന്താ പിശക്? ഈ പ്രസ്ഥാനത്തിൽ വിശ്വാസമില്ലാത്ത ആളുകൾ ഇനിയും ഉണ്ടോ?" വിനീതനായ മോൺസിഞ്ഞോർ ആ ചോദ്യത്തിനു് ഇങ്ങനെ മറുപടി പറഞ്ഞു: "ഈ പ്രസ്ഥാനത്തിൽ വിശ്വാസമില്ലാത്തവർ ഇനിയുമുണ്ടു പിതാവേ. സാധാരണയാളുകൾ മാത്രമല്ല, വൈദികരും മെത്രാന്മാരും ഈ പ്രസ്ഥാനത്തിൽ വിശ്വസിക്കാത്തവരായിട്ടുണ്ടു്."

ഉടനെ തിരുമേനി കല്പിക്കുകയാണു്: "കുറെ ജോസി

സ്റുകളോടുകൂടി റോമിൽ വീണ്ടും വരിക. ജോസിസത്തെപ്പററി എൻെറ അഭിപ്രായം എന്താണെന്നു നമ്മുടെ കർദ്ദിനാളന്മാരേയും മെത്രാന്മാരേയും അന്നു ഞാൻ ധരിപ്പിക്കും."

അങ്ങനെ അടുത്തകൊല്ലം 1500 ജോസിസ്ററുയുവാക്കളോടുകൂടി മൂന്നു സ്പെഷ്യൽട്രെയിൻ റോമിൽവന്നു, മോൺസിഞ്ഞോർ കാർഡൈനിൻെറ നേതൃത്വത്തിൽ. പരിശുദ്ധപിതാവു സന്തോഷബാഷ്പത്താൽ നനഞ്ഞ കണ്ണുകളോടെ അവരെ ഉററുനോക്കി. എന്നിട്ടും തിരുമേനി തൃപ്തനായില്ല. അവർ ഓരോരുത്തർക്കും അവിടുന്നു വികാരാവേശത്തോടെ ഹസ്തദാനംചെയ്തു. അപ്പോൾ ഒരു യുവതൊഴിലാളി മാർപ്പാപ്പായുടെ കഴുത്തിൽ കെട്ടിപ്പിടിച്ച് ഇങ്ങനെ നിലവിളിക്കയുണ്ടായി: "തിരുമേനീ, എൻെറ അപ്പൻ ഒരു കമ്മ്യൂണിസ്ററുകാരനാണ്. ഞാൻ മടങ്ങിച്ചെന്നാൽ നിശ്ചയമായും അദ്ദേഹത്തെ മനസ്സുതിരിക്കും." പരിശുദ്ധ പിതാവ് ആ വത്സലകുഞ്ഞിനെ തഴുകി. അവിടുന്നു തൊണ്ടയിടറിക്കൊണ്ടു മററു തൊഴിലാളികളോടു പ്രസ്താവിച്ചു: "എൻെറ പ്രിയപ്പെട്ട ജോസിസ്ററുകളേ, തൊഴിൽരംഗത്തു നിങ്ങളാണു തിരുസ്സഭയുടെ മിഷനറിമാർ; തൊഴിലാളികളുടെയിടയിൽ നിങ്ങളാണു സത്യസഭയുടെ പ്രേഷിതർ." തിരുമേനി തുടർന്നു: "തിരുസ്സഭയിൽ രണ്ടുതരം മിഷൻവേലകളുണ്ട്. ചൈനാ, ജപ്പാൻ, കോൺഗോ മുതലായ രാജ്യങ്ങളിൽ നടത്തുന്ന വിദൂരമിഷൻവേലകളാണ് ഒന്ന്. അഭ്യന്തരമായ മിഷൻവേലയാണ് മറെറാന്ന്. തിരുസ്സഭയിൽനിന്നു വിട്ടകന്നുനില്ക്കുന്നവർക്കായി ഫാക്ടറികളിലും വർക്ക്ഷാപ്പുകളിലും നടത്തുന്ന പ്രേഷിതവേലയാണിതു്. ഈ അഭ്യന്തരമിഷൻവേല ചിലപ്പോൾ, അല്ല പലപ്പോഴും, വിദൂരരാജ്യത്തിലേ മിഷൻവേലയെക്കാൾ പ്രധാനവും വൈഷമ്യമേറിയതും ആയിരിക്കും. അതേ, നിങ്ങൾ അഭ്യന്തരമിഷനറിമാരാണ്. തൊഴിലാളിവർഗ്ഗത്തേയും അവരുടെ തൊഴിൽരംഗത്തേയും ക്രിസ്തുവിൻെറ പാദത്തി

കുലേക്ക തിരിച്ചുകൊണ്ടുവരുന്ന തിരുസ്സഭയുടെ മിഷനറിമാരാണു നിങ്ങൾ. പരിശുദ്ധപിതാവ് അവരോടു പറഞ്ഞു: "മിഷനറിമാക്ക് ഒരു പ്രത്യേക സ്വർഗ്ഗീയരക്ഷാധികാരിണിയെ ഞാൻ നല്കിക്കഴിഞ്ഞു. മിഷനറിമാരുടെ ആ രക്ഷാധികാരിണിയെത്തന്നെ — വിശുദ്ധ കൊച്ചുത്രേസ്യായെത്തന്നെ — ജോസിസ്റ്റുകളുടെയും പ്രത്യേക രക്ഷാധികാരിണിയായി ഞാനിതാ നല്കുന്നു". അനന്തരം, ചെറുപുഷ്പത്തിൻെറ ഓരോ മെഡൽ ആ യുവാക്കൾക്ക തിരുമേനി കൊടുക്കുകയും "പുണ്യവതി നിങ്ങളെ കാത്തുരക്ഷിക്കട്ടെ" എന്നു ആശംസിക്കുകയും ചെയ്തു. 1929 ഡിസംബർ 27-ാം തീയതിയാണു സ്മരണാർഹമായ ഈ സംഭവം നടന്നതു്.

## നേതാക്കളെ വാർക്കൽ

തൊഴിലാളിനേതാക്കളെ രൂപീകരിച്ചെടുക്കുന്ന കാര്യത്തിൽ ജോസിസത്തിൻെറ ആ പ്രഥമചാപ്ലയിൻ—കാർഡൈൻ വളരെയേറെ പ്രതിബന്ധങ്ങളെ നേരിടേണ്ടിവന്നിട്ടുണ്ട്. "The more formed a chaplain is, the better trained a leader is" എന്ന തത്വം അദ്ദേഹം മുറുകെപ്പിടിച്ചു. അദ്ദേഹത്തിൻെറ വാക്കുകളിൽത്തന്നെ ഈ വസ്തുത വെളിവാക്കാം: "ഇതുവരെ നേതാക്കന്മാർ ഉണ്ടാകാതിരുന്നതിനു കാരണം അവരെ രൂപപ്പെടുത്തിയെടുത്തില്ലെന്നുള്ളതാണു്. ഞാൻ ആ ജോലി ആദ്യം ആരംഭിച്ചപ്പോൾ ആളുകൾ എന്നെ വിഡ്ഢി എന്നു വിളിച്ചു. പതിമൂന്നു കൊല്ലത്തെ പരാജയത്തോടുകൂടിയാണു ഞാനാ പണി തുടങ്ങിയതു്. ഈ 41 വർഷമായി ഞാനതു ചെയ്യുന്നു. ഞാനതു തുടരുകയും ചെയ്യും. അതു് അത്യന്താപേക്ഷിതമാണെന്നും നമ്മുടെ മരണദിവസംവരെ അതു നാം ചെയ്തുകൊണ്ടിരിക്കണമെന്നും നമുക്കു ബോധ്യമുണ്ടായിരിക്കണം. ഒന്നോ രണ്ടോ കൊല്ലത്തെ കാര്യമല്ല അതു്. തിരുസ്സഭയ്ക്കു് അതു ജീവൻെറയും മരണത്തിൻെറ

യും കാര്യമാണ്. ആ വിശ്വാസമില്ലെങ്കിൽ വിജയം ഉണ്ടാകയില്ല. അതു ചെയ്യാൻ സാദ്ധ്യമാണെന്നുമാത്രമല്ല, ചെയ്യേണ്ടതു് ആവശ്യകമാണെന്നും നാം വിശ്വസിക്കണം. വിശ്വാസം പ്രവൃത്തിയിലാണു പരീക്ഷിക്കപ്പെടുന്നതു്. പ്രവൃത്തികൾക്കൂടാതുള്ള വിശ്വാസംപോരാ. നിങ്ങൾ പ്രാർത്ഥിക്കുന്നതും കുർബാന കാണാൻപോകുന്നതും ദിവ്യകാരുണ്യം ഉൾക്കൊള്ളുന്നതും ആവശ്യകമാണ്. എന്നാൽ, അതു മതിയാകയില്ല. തൊഴിലാളിവർഗ്ഗപ്രേഷിതരെ രൂപപ്പെടുത്തിയെടുക്കണം. കൂണുപോലെ അവർ താനേ പൊന്തിവരില്ല. സാധാരണക്കാരായ തൊഴിലാളിയുവാക്കന്മാരിൽനിന്നും തൊഴിലാളിയുവതികളിൽനിന്നുമായി ഏററവും നല്ലവരായ പ്രേഷിതരെ രൂപപ്പെടുത്തിയെടുക്കാൻ ഒരു മാർഗ്ഗമുണ്ടെന്നു നമുക്കു ഉറപ്പുവരുന്നു."

നേതാക്കന്മാരെ ഒററയ്ക്കൊററയ്ക്കു വാർത്തെടുക്കാൻ ശ്രമിക്കാതെ ഒരു ടീമായി ഒന്നിച്ചു വാർത്തെടുക്കാൻ നോക്കണമെന്നാണു മോൺസിഞ്ഞോറിൻെറ ഉപദേശം. തൊഴിലാളിവർഗ്ഗത്തിൻെറ പരിത്രാണം ഒരു സംഘാതപരിത്രാണ (collective redemption) മായിരിക്കണം. ഒരു സാമൂഹികരൂപമുള്ള പ്രസ്ഥാനത്തിലൂടെയല്ലാതെ തൊഴിലാളികളെ ഓരോന്നായി വേറിട്ടുകൊണ്ടുവന്നു വിശുദ്ധീകരിക്കുക സാദ്ധ്യമല്ല.

ഫാദർ ഡെസോറസ് എന്ന സാമൂഹികചിന്തകൻ പറയുകയാണ്:

"ഇഹത്തിൽ ശരീരംകൂടാതെയുള്ള ആദ്ധ്യാത്മികജീവിതം സാദ്ധ്യമല്ലാത്തതുപോലെ, സാമൂഹികജീവിതം കൂടാതെയുള്ള ആദ്ധ്യാത്മികജീവിതവും അസാദ്ധ്യമാണ്."

എന്നാൽ, ഈ മൗലികപരമാർത്ഥം നാം ശരിക്കു മനസ്സിലാക്കി ജീവിക്കുന്നുണ്ടോ?

## ചാപ്ലയിന്മാർ ശ്രദ്ധിക്കേണ്ട കാര്യങ്ങൾ

തൊഴിലാളിഗണത്തിൽനിന്ന് ഉത്തമരും കഴിവുററവരുമായ തൊഴിലാളിനേതാക്കളെ രൂപീകരിക്കുക അത്ര ക്ഷിപ്രസാദ്ധ്യമായ കാര്യമല്ല. തൊഴിലാളികളുമായി സമീപബന്ധം പുലത്തുകയാണ് ഈ പ്രവത്തനത്തിൻെറ പ്രഥമപടി. എങ്കിലേ അവരിൽ കുടികൊള്ളുന്ന ആശയങ്ങളും ആശകളും നമുക്കു ഗ്രഹിക്കാനൊക്കൂ. അതറിഞ്ഞെങ്കിലേ പിന്നെ അവരെ ശരിക്കു നയിക്കാൻ കഴിയൂ—ഒരുപാടു മുൻവിധികളും, വിദ്വേഷങ്ങളും, വികാരതീവ്രതകളും, വിരോധാഭാസങ്ങളും, പച്ചപ്പരിഷ്കാരങ്ങളും, എത്തും പിടിയുമില്ലായ്മയും, ഉപരിപ്ലവതാവും, പൊങ്ങച്ചവും, വിധേയരാഹിത്യവും, അലസതയും, പു. സാ. യും മറെറാരുപാട് ഗോഷ്ഠികളും കൂടിയ കൂട്ടരാണു യുവജനങ്ങളെന്ന് അവരെ നയിക്കാനും രൂപീകരിക്കാനും ഇറങ്ങിച്ചെല്ലുന്ന ചാപ്ലയിൻ ആദ്യമേ ധരിച്ചിരിക്കണം. അല്ലെങ്കിൽ, ആദ്യദിവസംതന്നെ ആ ഇടവകയിലെ ജോസിസം പൊട്ടിത്തെറിക്കുന്നതു കാണാം. അഗാധക്ഷമയുടേയും അതീവവിനയത്തിൻേറയും സൗഹാർദ്ദവും സഹിഷ്ണുതയും ഓളംവെട്ടുന്ന കരുണാർദ്രമായ ഒരു ഹൃദയത്തിൻേറയും നിമ്മലപ്രതീകമായിരിക്കണം ആ യുവപുരോഹിതൻ.

## തൊഴിലാളികളുടെ ശ്രദ്ധയ്ക്ക്

പ്രധാനമായും ആദ്ധ്യാത്മികജീവനാണു ജോസിസത്തിൻെറ ശക്തികേന്ദ്രമെന്ന വസ്തുത തൊഴിലാളികൾ വിസ്മരിക്കരുത്. ഐശ്വര്യപൂണ്ണവും ക്ഷേമോന്മുഖവുമായ ഒരു സാമൂഹികജീവിതത്തിൻെറ അടിത്തറ ആദ്ധ്യാത്മികതത്വത്തിൽ അധിഷ്ഠിതമാകുകതന്നെ വേണം. ആദ്ധ്യാത്മികചിന്ത അസ്ഥ

മിക്കമ്പോഠംമാത്രമേ സ്വാതന്ത്ര്യതാൽപര്യങ്ങളും ജഡികമോഹ ങ്ങളും നിയന്ത്രണാതീതമായി ശക്തിപ്പെട്ടുകയുള്ളു. മനുഷ്യൻ മൃഗമാകുന്നതു് അപ്പോഴാണ്. വെറും ക. ണ. സ. യുടെ അടിമകളല്ല നാം. വ്യക്തിത്വം പൂർണ്ണമാക്കാനാണു നാം വേലചെയ്യുന്നതു്. മനുഷ്യമഹത്വത്തിന്റെ മാററുരച്ചുനോക്കുന്ന ചാണയാണു തൊഴിൽസ്ഥലം. അലസതയും അധികാരികളോടുള്ള പുച്ഛവും വിദ്വേഷവും വിപ്ലവാത്മകത്വവുമെല്ലാം മനുഷ്യരിൽ കുടികൊള്ളുന്ന അധമാംശത്തിന്റെ പ്രകടനങ്ങളാണു്. ആത്മസംയമനവും അദ്ധ്വാനശീലവും മിതവ്യയപരിശീലനവും സ്വായത്തമാക്കാത്ത ഒരു തൊഴിലാളിക്ക് എത്രതന്നെ ശമ്പളം കൂട്ടിക്കിട്ടിയാലും ഹൃദയശാന്തിയോ കുടുംബസമാധാനമോ കൈവരുന്നതല്ല.

കത്തോലിക്കാത്തൊഴിലാളിക്ക് ഒരു പ്രത്യേകദൈവവിളിയുണ്ടു്. തന്നിൽക്കൂടെ തൊഴിലാളിയായ ക്രിസ്തുവിനെ പ്രദർശിപ്പിക്കുകയാണു് അവന്റെ പ്രധാനകർത്തവ്യം. അവന്റെ ഹൃദയത്തുടിപ്പുകഠം ക്രിസ്തുവിന്റെ ഹൃദയത്തുടിപ്പുകളുമായി താദാത്മ്യം പ്രാപിക്കണം. അവനിൽക്കൂടെ ഇഹലോകത്തിലെ എല്ലാ സാമൂഹികരംഗത്തിലേക്കും കടന്നുചെല്ലാൻ ക്രിസ്തുവിനു സാധിക്കണം. അവന്റെ അധരങ്ങളിലൂടേ വേണം ആ ദിവ്യനാഥനു സംസാരിക്കാൻ. അവന്റെ കരചരണങ്ങഠം വേണം അവിടുത്തേയ്ക്കു നന്മചെയ്തു നടക്കാൻ. ഹാ, ഒരു കത്തോലിക്കാത്തൊഴിലാളിയുടെ ദൈവവിളി എത്ര മഹത്തരമല്ല!

പുണ്യശ്ലോകനും എന്റെ ഗുരുനാഥനുമായ ഒരു വൈദികൻ ഒരു സംഭവം പറഞ്ഞതു് ഇന്നും ഞാൻ ഓർക്കുന്നു. അദ്ദേഹം അയർലണ്ടു സന്ദർശിച്ചപ്പോഴുണ്ടായ ഒരനുഭവം. അയർലണ്ടിലെ ഒരു ഗ്രാമീണദൈവാലയത്തിൽ അദ്ദേഹം ദിവ്യപൂജ അർപ്പിക്കുകയായിരുന്നു. നൂറുകണക്കിൽ യുവജനങ്ങഠം ദിവ്യബലിയിൽ സംബന്ധിച്ചിരുന്നു. പതിനാറിനും

മുപ്പതിനും മദ്ധ്യേ പ്രായംതോന്നിക്കുന്നവരായിരുന്നു എല്ലാവരും. കുഞ്ഞുങ്ങളെയോ വൃദ്ധരെയോ അവിടെ കണ്ടില്ല. ഭക്തിനിർഭരങ്ങളായ മുഖങ്ങളായിരുന്നു ആ യുവാക്കളുടേത്. ദിവ്യബലിയുടെ അന്ത്യത്തിൽ അവരെല്ലാവരുംതന്നെ ദിവ്യകാരുണ്യം സ്വീകരിക്കയുണ്ടായി. ഇതെല്ലാം കണ്ടപ്പോൾ ആ വന്ദ്യവൈദികൻ ഊഹിച്ചു, ആ ദൈവാലയത്തിൽ വല്ല യുവജനസംഘടനകളുടേയും വാർഷികമോ മദ്ധ്യസ്ഥന്റെ തിരുനാളോ ഉണ്ടെന്ന്. എല്ലാം കഴിഞ്ഞ് അഞ്ചാറുനാഴിക അകലെയുള്ള താമസസ്ഥലത്തു തിരിച്ചെത്തിയയുടനെ ആതിഥേയനായ വൈദികനോട് അദ്ദേഹം ജിജ്ഞാസയോടെ ചോദിച്ചു:

"ഫാദർ, ഞാൻ കുർബാന ചൊല്ലിയ ആ ദൈവാലയത്തിൽ ഇന്നുവല്ല പ്രത്യേക ദിവസവുമാണോ? എല്ലാം യുവജനങ്ങളായിരുന്നു. അവരെല്ലാംതന്നെ ദിവ്യകാരുണ്യം സ്വീകരിക്കയും ചെയ്തു."

"അതൊരു ഫാക്ടറിച്ചാപ്പലാണ്. ആ യുവജനങ്ങൾ അടുത്തുള്ള ഫാക്ടറിയിലെ തൊഴിലാളികളാണ്. അവരെല്ലാംതന്നെ എല്ലാ ദിവസവും ദിവ്യബലിയിൽ സംബന്ധിക്കുകയും ദിവ്യകാരുണ്യം സ്വീകരിക്കുകയും ചെയ്യുന്നു. വഴിനീളേ കണ്ട ആ ഭവനനിരകൾ അവരുടേതാണ്. സർക്കാരിന്റെ ഭവനനിർമ്മാണപദ്ധതിപ്രകാരം പണിതീർന്ന ഗൃഹങ്ങളാണവ."

ആതിഥേയന്റെ ഈ വിവരങ്ങൾ കേട്ട് എന്റെ ഗുരുഭൂതൻ വിസ്മയം പൂണ്ടു. റോഡിന്റെ ഇരുവശങ്ങളിലും കണ്ട ആ ഭവനങ്ങൾ അദ്ദേഹത്തിന്റെ ഓർമ്മയിൽവന്നു. ഒരു പൂമുഖവും നാലഞ്ചു മുറികളുമുള്ള കൊച്ചുകൊച്ചു വീടുകൾ. പൂന്തോട്ടങ്ങളും വൃത്തിയും വെടിപ്പുമുള്ള ഗൃഹപരിസരങ്ങളും. രക്തവും ശക്തിയുംപൂണ്ട ഇളംകുഞ്ഞുങ്ങൾ! സൗന്ദര്യവും ശാലീനതയുമുള്ള അമ്മമാർ. ആ യുവതൊഴിലാളികൾക്കു മാന്യമായി

ജീവിക്കാനുള്ള ശമ്പളവും കുടുംബവേതനവും മററും ലഭിക്കുന്നുണ്ടെന്നും, രോഗം, വാർദ്ധക്യം തുടങ്ങിയവ വന്നണയുമ്പോൾ സഹായം നല്കുന്ന വിവിധങ്ങളായ ഇൻഷ്വറൻസുപദ്ധതികൾ നടപ്പിലുള്ളതിനാൽ ഭാവിയെപ്പററിയുള്ള യാതൊരു ഭയാശങ്കകളും അവക്കില്ലെന്നും അവരുടെ ഭാര്യമാർ ഗൃഹപരിചരണത്തിൽമാത്രം വ്യാപൃതരാണെന്നും വ്യവസായത്തിലുള്ള ആദായത്തിൽ തൊഴിലാളികൾക്ക് ഒരു വീതം കിട്ടുന്നുണ്ടെന്നും അങ്ങനെ കത്തോലിക്കാസാമൂഹികസിദ്ധാന്തത്തിന്റെ ഒരു മുഗ്ധമാതൃകയാണ് ആ ഫാക്ടറിയെന്നും മനസ്സിലായപ്പോൾ കേരളക്കരയിൽനിന്ന് അയർലണ്ടിൽ ചെന്ന ആ വൈദികസത്തമൻ പുളകിതഗാത്രനായി.

അയർലണ്ടിലെ തൊഴിലാളികളുടെ സ്ഥിതി അതാണെങ്കിൽ കിഴക്കൻ അയർലണ്ട് എന്ന അപരനാമമുള്ള കേരളത്തിലെ കഥയോ? കവിളൊട്ടി, വയറുന്തി കുനിഞ്ഞിരിക്കുന്ന കുട്ടികൾ. കുറക്കുഞ്ഞിനു മുലപ്പാൽകൊടുക്കാൻ ശക്തിയില്ലാത്ത പെററമ്മമാർ. വിളറിവാടിയ തരുണികൾ. വാരിയെല്ലുന്തി നട്ടവളഞ്ഞ കർഷകർ. പാപജീവിതം നയിച്ചു ശ്രീത്വം നശിച്ച യുവതീയുവാക്കൾ- ഇതൊക്കെയല്ലയോ ഇവിടുത്തെ കാഴ്ചകൾ?

ഈ ദാരുണമായ നിലപാടു കണ്ടു നിങ്ങൾ അടങ്ങിയിരിക്കരുത്. തൊഴിലാളികൾക്കു സാമൂഹികസുസ്ഥിതിയും ആധ്യാത്മികസുസ്ഥിയും ഒപ്പം കൈവരുത്തുന്ന ഒരു ധർമ്മസമരം നിങ്ങൾ ആരംഭിച്ചേ തീരൂ. സുശക്തമായ ആധ്യാത്മികജീവിതം ദിവ്യകാരുണ്യജീവിതം മാത്രമാണ് എന്ന് അയർലണ്ടിലെ ആ തൊഴിലാളികൾ മനസ്സിലാക്കിയിരിക്കുന്നു. അതുകൊണ്ടാണ് അവർ അനുദിനം ദിവ്യബലിയിൽ സംബന്ധിക്കുന്നതും ദിവ്യനാഥനെ സ്വീകരിക്കുന്നതും. പ്രഭാതത്തിലെ ആ 'പ്രഥമഭോജനം' അവരെ പ്രസന്നരാക്കുന്നു. ഫാക്ടറിയും വിശ്രമസ്ഥലവും വിനോദരംഗവുമെല്ലാം സ്വർഗ്ഗാന്ത

ഭൂതിയുടെ "മുൻരുചി"യായി അവർ കാണുന്നു. "നിന്റെ രാജ്യം വരണം" എന്ന കർതൃപ്രാർത്ഥന എല്ലാ രംഗത്തിലും പ്രായോഗികമാക്കുകയാണവർ.

കേരളത്തിലെ കത്തോലിക്കാത്തൊഴിലാളികൾക്കു ദൈവത്തിനും രാജ്യത്തിനുംവേണ്ടി വലിയ കാര്യങ്ങൾ ചെയ്യാൻ സാധിക്കും. ഈ ദൗത്യം വിജയപ്രദമായി നിർവ്വഹിക്കാനുള്ള സംഘടിതപ്രസ്ഥാനമാണു ജോസിസം. സ്വഭാവവിശുദ്ധിയും ആത്മാർത്ഥതയും ആദ്ധ്യാത്മികചൈതന്യവുമുള്ള ആയിരമായിരം യുവജനങ്ങൾ നമുക്കപ്പോൾ ഉണ്ടാകും.

Nihil Obstat — Fr. Aurelian, O. C. D.,
*Alwaye, 15-4-1956* — *Rector, Ap. Seminary.*

Imprimatur — † Joseph Attipetty,
*Ernakulam, 18—4—1956* — *Abp., Verapoly.*

Edited by Very Rev. Fr. Zacharias, O. C. D.
Printed by Br. C. F. Joseph at the J. M. Press, Alwaye, and published by him, for the S. H. League, at the St. Joseph's Ap. Seminary, Alwaye North P. O. (S. India.)

തിയോ, സാമാന്യം സുബോധമുള്ള മട്ടിലും. കഥാസംവിധാനം നന്നായിട്ടുണ്ട്. പാത്രസൃഷ്ടിയിലും സ്വഭാവാവിഷ്കരണത്തിലുംഗ്രന്ഥകാരൻ കുറെയൊക്കെ വിജയിച്ചിട്ടുണ്ട്. ഭാഷ, സാഹിത്യപരമായി വലിയ മുതലെടുപ്പുള്ളതെന്നു തോന്നുന്നില്ല കഥ കാലാനുയോഗ്യമാണ്; ആദർശസമ്പുഷ്ടമാണ്. ആർക്കും എവിടെവച്ചും സംശയലേശമെന്യേ അഭിനയിക്കാൻ പററിയ ഒരു നാടകം. സർവ്വമംഗളങ്ങളും നേരുന്നു ഗ്രന്ഥകാരന്.

ആവശ്യപ്പെടുക:

സെൻറ് മേരീസ് പ്രസ്സ്, പട്ടം.

തിരുവനന്തപുരം, 4.

## 2. ദൈവവിളിസ്മരണകൾ

(അനുവാദകൻ: മാത്യു കാട്ടടി.)

അനുഭവാവിഷ്കരണത്തിനൊരു രസാത്മകത്വമുണ്ട്, അല്ല, ഹൃദയാവർജ്ജകമായൊരു വശ്യാത്മകത്വമുണ്ട്. ഈ ചെറുകൃതിയുടെ മാഹാത്മ്യം അതുതന്നെ. 'Why I became a Priest' എന്ന വിശിഷ്ടകൃതിയിൽ പത്തൊൻപതു വൈദികർ തങ്ങളുടെ ദൈവവിളിയുടെ ചരിത്രം നിറഞ്ഞ ആത്മാർത്ഥതയോടെ വിവരിക്കുന്നു. അവയിൽ ഏഴെണ്ണം ഈ കൃതിയിൽ ഭംഗിയായി ഭാഷാന്തരംചെയ്തു ചേർത്തിട്ടുണ്ട്. യുവാക്കൾ തങ്ങളുടെ ദൈവവിളിയെ നേരായി തിരിച്ചറിയുവാൻ, ആ മഹാത്മാക്കളുടെ ആത്മകഥാകഥനം സഹായിക്കതന്നെ ചെയ്യും. ലൗകായതികത്വത്തിൻെറ നടപ്പാതയിലൂടെ മുന്നേറുന്നവർ തങ്ങളുടെ ദൈവവിളിയെ സംശയദൃഷ്ട്യാ വീക്ഷിക്കുമ്പോൾ, ഈ ചെറുഗ്രന്ഥം അവരുടെ മാർഗ്ഗമദ്ധ്യേ പൊൻപ്രഭ വിതറും. ഇതിലെ ലളിതമായ ഭാഷയും വച്ചുകെട്ടും വളച്ചുവയ്പുമില്ലാത്ത ആവിഷ്കരണരീതിയും ആസ്വാദ്യജനകമാണ്.

വില 4ണ മാത്രം. പോസ്റ്റേജ് 1ണ.

## 3. മാതൃസഭയിലേക്ക്

മുൻവിധിയും കിംവദന്തിയും പലരേയും പലപ്പോഴും സത്യത്തിൽനിന്നകററിനിറുത്താറുണ്ട്. യഥാൎത്ഥത്തിലൊരു പരമാൎത്ഥഹൃദയത്തിൻെറ അഭാവമല്ല, അവരെ നാശത്തിൻെറ വക്കിലേയ്ക്കെത്തിക്കുക. ഇത്തരക്കാർ സത്യത്തെ അല്പമെങ്കിലും അറിയുവാൻ ഇടവന്നാൽ അതിനെ ആശ്ലേഷിച്ചുകൊള്ളും. ഇന്ന്, എത്ര ആയിരങ്ങൾ കത്തോലിക്കാസഭയിൽനിന്നും തെററായ ധാരണയാൽ തെററിത്തിരിഞ്ഞു നിലകൊള്ളുന്നു. അവർ ഈ ചെറുകൃതി നിഷ്പക്ഷബുദ്ധിയോടെ, പരമാൎത്ഥഹൃദയത്തോടെ ഒന്നു വായിക്കട്ടെ. മുഖവില നോക്കി ഒന്നിനെ പുറംതള്ളുക ബുദ്ധിഹീനമല്ലേ? ഈ ചെറുപുസ്തകം കത്തോലിക്കാസഭയെപ്പററിയുള്ള തെററുധാരണകൾ നീക്കാൻ പര്യാപ്തമാണ്. സഭയുടെ മൌലികതത്വങ്ങളെ കുറെയൊക്കെ കൃത്യബോധത്തോടെ ഇതു വിശകലനം ചെയ്യുന്നുണ്ട്. കത്തോലിക്കർക്കും അകത്തോലിക്കർക്കും ഇതു് ഒരുപോലെ ഉപകാരപ്രദമാണ്. ഫാ. ജെയിംസ് വി. ലിൻഡൻ. എസ്. ജെ. യുടെ 'On The way back home' എന്ന കൃതിയുടെ പരിഭാഷയാണിതു്. അനുവാദനം മനോഹരമായിട്ടുണ്ട്. വില 10ണ.-പോസ്റ്റേജ് 1½ണ.

ആവശ്യപ്പെടുക:

ജനറൽ സെക്രട്ടറി,

എസ്. എച്ച്. ലീഗ്,

ആലുവാ നോൎത്ത് P. O

## മാന്യവരിക്കാരോട്

മാസികകളുടെ 1956 ഡിസംബർവരെയുള്ള വരിസംഖ്യ ഇതുവരെയും തന്നുതീർത്തിട്ടില്ലാത്തവർ കഴിയുന്നതുംവേഗം പണമയച്ചുതന്നു സഹായിക്കണമെന്നഭ്യൎത്ഥിക്കുന്നു.

CT Library
*00014229*
P72 J59

P72
J59

Indic Digital Archive Foundation
gpura.org